# ഇസ്‌ലാം:
# സമാധാനം
# സഹവർത്തിത്വം
# സഹിഷ്ണുത

പത്മഭൂഷൻ വഹീദുദ്ദീൻ ഖാൻ

പത്മഭൂഷൺ

വഹീദുദ്ദീൻ ഖാൻ

# ഇസ്‌ലാം:

## സമാധാനം
## സഹവർത്തിത്വം
## സഹിഷ്ണുത

വിവർത്തനം:

ഷബീർ കൊടക്കാടൻ

GOODWORD BOOKS

Maulana
Wahiduddin Khan's

Islam: Samadhanam, Sahavarthithwam, Sahishnuthartham
(Malayalam Translation)

Translated by: Shabeer Kodakkadan

All rights reserved

Publishers: Goodword Books Kerala
Court Road, S M Street, Calicut-1
Mob: 81 29 538 666, 99 95 826 996
Email: keralagoodword@gmail.com
Web: www.keralagoodword.com

Type, Layout and: **Shily - 93 88 704 101**
Printed @:

First Published: December 2017

Copies: 1000

**Price: Rs.60**

# വഹീദുദ്ദീൻ ഖാൻ

**പക്വ**മായ ചിന്തയും ആഴമുള്ള പാണ്ഡിത്യവും ശാസ്ത്ര വിഷയങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ വിശകലനം ചെയ്യാനുള്ള സിദ്ധിയും കൊണ്ട് ഇന്ത്യക്കകത്തും പുറത്തും പ്രസിദ്ധി നേടിയ ഗ്രന്ഥകാരനും പ്രഭാഷകനുമാണ് വഹീദുദ്ദീൻ ഖാൻ. ഇസ്‌ലാമിന്റെ മഷിയിൽ മുക്കി അദ്ദേഹം കുറിക്കുന്ന ഓരോ വരിയും പ്രപഞ്ച സ്രഷ്ടാവിലേക്ക് മനുഷ്യരെ അടുപ്പിക്കാൻ ഉതകുന്നതും ലോക സമാധാനത്തിന്റെ സന്ദേശമടങ്ങിയതുമാണ്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for peace and spirituality international (CPSI) എന്ന സംഘടനയുടെ സ്ഥാപകനാണ്. പത്മഭൂഷൺ, Demiurges peace international award, രാജീവ് ഗാന്ധി സദ്ഭാവനാ അവാർഡ്, മുസ്‌ലീം സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന പ്രയത്നങ്ങൾക്കുള്ള ഇമാം അൽ ഹസൻ അവാർഡ് (ദുബൈ) തുടങ്ങിയ പുരസ്കാരങ്ങൽ അദ്ദേഹത്തെ തേടിയെത്തി. ജോർദ്ദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.മൗലാനയുടെ കൃതികൾ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂനിവേഴ്സിറ്റികളിലെ പാഠ്യപദ്ധതിയിൽ മൗലാനയുടെ കൃതികൾ ഉൾപ്പെടുന്നു. 1925 ആണ്ടിൽ ഉത്തർപ്രദേശിലെ അസംഗഡിലാണ് ജനനം.

# അധ്യായങ്ങൾ


1. സമാധാനം: പരമ നന്മ ..... 5
2. സമാധാനത്തിന്റെ ശക്തി ..... 8
3. സമാധാനത്തിന്റെ ശക്തി യുദ്ധത്തിന്റെ ശക്തിയെക്കാൾ വലുത് ..... 11
4. സമാധാനവും നീതിയും ..... 15
5. ശത്രുവിനെ മിത്രമാക്കൽ ..... 18
6. പരസ്പരം ഇടപെടാതിരിക്കൽ നയം ..... 22
7. നാഗരികതയുടെ യുഗം ..... 26
8. രണ്ട് പ്രവാചകന്മാർ സൃഷ്ടിച്ച ഉദാഹരണങ്ങൾ ..... 29
9. ഇസ്‌ലാം അഹിംസയുടെ മതം ..... 32
10. സമാധാന പൂർണ്ണമായ പ്രാരംഭം ..... 35
11. വിജയം അഹിംസയിലൂടെ ..... 38
12. രാഷ്ട്രീയ വിപ്ലവങ്ങൾ നിയമ വിരുദ്ധം ..... 42
13. യുദ്ധാഹ്വാനം ഇസ്‌ലാമിൽ ..... 44
14. അഹിംസയും ആധുനിക യുദ്ധവും ..... 47
15. മതത്തിന്റെ ആവിഷ്കാരം ..... 49
16. മഹത്തായ അവസരം ..... 54
17. ഇസ്‌ലാം വർത്തമാന യുഗത്തിൽ ..... 56
18. ദഅവാ പ്രവർത്തനം ..... 60
19. അന്യവത്കരിക്കപ്പെട്ട മുസ്‌ലീങ്ങൾ ..... 62

# സമാധാനം: പരമ നന്മ

പരമ നന്മയിൽ മറ്റെല്ലാ നന്മകളും അടങ്ങിയിരിക്കുന്നു. എന്താണ് പ്രായോഗികമായി പരമ നന്മ? ജനങ്ങൾക്ക് അതിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഭൂരിപക്ഷം ജനങ്ങളും സ്വാതന്ത്ര്യം പരമ നന്മയായി കരുതുന്നു. എന്നാൽ അത്തരം വീക്ഷണത്തിൽ സ്വാതന്ത്ര്യത്തെ വ്യാഖ്യാനിക്കാൻ സാധിക്കുന്നതല്ല. എതിർ ഫലങ്ങളില്ലാത്ത ഒന്നിന്റെ പരമാവധി ഉപയോഗമാണ് പരമ നന്മ. അതേ സമയം സ്വാതന്ത്ര്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം അരാജകത്വത്തിൽ പതിക്കുന്നു. അരാജകത്വം പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നങ്ങളെ സൃഷ്ടിക്കുന്നു. അത്തരം അവസ്ഥ ഭൗതികവും ആത്മീയവുമായ സകല വികസനങ്ങൾക്കും വിജയത്തിനും വിഘ്നമാണ്.

വാസ്തവത്തിൽ പരമ നന്മ എന്നാൽ സമാധാനമാണ്. അത് എല്ലാ അവസ്ഥയിലും നന്മയാണ്. സമാധാനം സൃഷ്ടിക്കാൻ നാം ഉപയോഗിക്കുന്ന ഏതൊന്നും നിഷേധ ഫലങ്ങൾ ഉണ്ടാക്കുന്നതല്ല. സമാധാനം സാധാരണ അവസ്ഥയെ സൃഷ്ടിക്കുന്നു. സകല വികസനങ്ങളും പുരോഗതിയും സാധാരണ അവസ്ഥ നിലനിൽക്കുമ്പോഴാണ് പ്രാവർക്കിത്തികമാകുന്നത്.

സമാധാനം രണ്ടുവിധമുണ്ട്: വൈയക്തികമായ സമാധാനം, സാമൂഹിക സമാധാനം.

മനസ്സിന്റ സമാധാനം സകല വ്യക്തികൾക്കും പരമ പ്രധാനമാണ്. മനസ്സിന്റെ സമാധാനം സ്വനിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്. സ്വനിർവ്വഹണത്തിന് പ്രാപ്തിയുള്ളവനാകുമ്പോഴാണ് ഒരുവന് മനസ്സിന്റെ സമാധാനം അനുഭവിക്കാൻ സാധിക്കുക.

എന്നാൽ സമൂഹത്തിൽ സമാധാനം കൊണ്ടുവരുന്നത് സാമൂഹ്യ നിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്.

ചരിത്രം നിരീക്ഷിക്കുമ്പോൾ സമ്പൂർണ്ണ മാതൃകയിലുള്ള സാമൂഹ്യ നിർവ്വഹണം, നേടിയെടുക്കാൻ സാധിക്കാത്ത ഒരു ലക്ഷ്യമാണ്. സമ്പൂർണ്ണ സാമൂഹ്യ സമാധാനത്തിനുവേണ്ടി പരിശ്രമിച്ച പരിഷ്കർത്താക്കൾ തങ്ങളുടെ പ്രയത്നങ്ങളുടെ ഫലം ദർശ്ശിച്ചത് സാമൂഹ്യ സമാധാനത്തിലേക്ക് നയിക്കുന്നതിനുപകരം അക്രമണത്തിലാണ്.

അത്തരം വിപരീത ഫലത്തിന്റെ കാരണം എന്താണ്? സാമൂഹ്യ പ്രവർത്തകർ സാമൂഹ്യ സമാധാനത്തെ സാമൂഹ്യ നീതിയുമായി ഘടിപ്പിച്ചിരിക്കുന്നു എന്നതാണ് കാരണം. സാമൂഹ്യ നീതിയില്ലാതെ സാമൂഹ്യ സമാധാനമില്ല എന്ന തത്വം അവർ വികസിപ്പിച്ചിരിക്കുന്നു. അവർ മനസ്സിലാക്കുന്നത് പ്രാരംഭമായി സാമൂഹ്യ നീതി സ്ഥാപിക്കണമെന്നാണ്. തത്ഫലമായി സാമൂഹ്യ സമാധാനം സമൂഹത്തിൽ സംജാതമാകും.

എന്നാൽ അത്തരം നയങ്ങൾ പൂർണ്ണമായും പ്രകൃതീ വിരുദ്ധവും അപ്രായോഗികവുമാണ്. പ്രകൃതീ നിയമപ്രകാരം സാമാധാനത്തിന്റെ പങ്ക് എന്നാൽ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള അവസരങ്ങൾ പ്രദാനം ചെയ്യുക എന്നതാണ്. അത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തി നമുക്ക് ലക്ഷ്യം കരസ്ഥമാക്കാവുന്നതാണ്. സമാധാനത്തിന്റെ അടിസ്ഥാനപരമായ പങ്ക് സാധാരണ അവസ്ഥയെ സമൂഹത്തിൽ പുനഃസ്ഥാപിക്കുക എന്നതാണ്. എല്ലാ തരം വിജയത്തിന്റെയും മുൻ ഉപാധിയാണത്. ആകയാൽ പ്രാഥമികമായ നമ്മുടെ ഉത്തരവാദിത്വം സമൂഹത്തിൽ എന്ത് വിലകൊടുത്തും സമാധാനത്തെ പുനസ്ഥാപിക്കലാണ്. സാമൂഹ്യ സമാധാനത്തിലുള്ള പ്രശ്നങ്ങൾ ഇരുപക്ഷമാണ്. നിരവധി സംഘങ്ങൾ ചേർന്നതാണ് ഒരു സമൂഹം. എല്ലാ സംഘങ്ങളാലും അംഗീകരിക്കപ്പെടുന്ന ഒരു സമാധാന പദ്ധതി ഉണ്ടാകുമ്പോഴാണ് സമൂഹത്തിൽ സാമൂഹ്യ സമാധാനം സാധ്യമാകുകയുള്ളു എന്നത് ഒരു അനിഷേധ്യ യാഥാർഥ്യമാണ്.

എന്നാൽ എന്താണ് സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും പരസ്പരം അംഗീകരിക്കാവുന്ന അവസ്ഥ? സമാധാനത്തിനുള്ള ഏറ്റവും നല്ല പ്രമാണ സൂക്തം പൂർവ്വ സ്ഥിതി നിലനിർത്തുക എന്നതാണ്. പൂർവ്വ സ്ഥിതിയിൽ മാറ്റം വരുത്താൻ ഒരുവൻ ശ്രമിച്ചാൽ അത് അക്രമണത്തിലേക്ക് നയിക്കും. എന്നാൽ, ഒരുവൻ അതിനെ, ആ പൂർവ്വ സ്ഥിതിയെ അംഗീകരിച്ചാൽ അവിടെ സാമാധാനമുണ്ട്.

അത്തരം സാഹചര്യത്തിൽ പ്രായോഗികമായ ഒരു പ്രമാണ സൂക്തത്തെ ഇങ്ങനെ വിശദീകരിക്കാം: വൈയക്തികമായ സമാധാനവുമായി ബന്ധപ്പെട്ടതാണെങ്കിൽ ആദർശ്ശ വാദവും, സാമൂഹിക സമാധാനവുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രായോഗിക വാദവും.

കാര്യങ്ങളുടെ സുഗമമായ പ്രയാണത്തിന് മറ്റൊരു പ്രമാണ സൂക്തം പ്രാവർത്തികമാകുന്നതല്ല.

രണ്ടാം ലോക മാഹാ യുദ്ധത്തിന് ശേഷം യുദ്ധക്കെടുതിൽ നാശമടഞ്ഞ ജപ്പാനും ജർമ്മനിയും ഒരു പുനർ വികസനത്തിനു വേണ്ടി ശ്രമിച്ചു. ലക്ഷ്യം നേടാൻ, രണ്ടുരാജ്യങ്ങൾക്കും സമാധാനാന്തരീക്ഷം അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ കുറച്ച് പ്രശ്നങ്ങളുണ്ടായിരുന്നു. ഉദാഹരണത്തിന് ജർമ്മനിക്ക് രാജ്യത്തിന്റെ കിഴക്കുഭാഗങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നു. അതുപോലെത്തന്നെ ജപ്പാന് തന്ത്രപ്രധാനമായ ഒകിനാവാ ദ്വീപ് നഷ്ടപ്പെട്ടിട്ടുമുണ്ടായിരുന്നു. എന്നാൽ ഇരു രാജ്യങ്ങളും നിലവിലുള്ള അവസ്ഥ എന്താണോ അത് അംഗീകരിക്കാനുള്ള നയം സ്വീകരിച്ചു. ഇരുരാജ്യങ്ങളും തങ്ങളുടെ പരിധിയിലുള്ള വിഭവങ്ങൾ പരമാവതി ഉപയോഗപ്പെടുത്തിക്കൊണ്ട് രാജ്യത്തിന്റെ പുനർ നിർമ്മാണത്തിൽ, നിലവിലത്തെ അവസ്ഥക്ക് യാതൊരു വിധ ഭംഗവും വരുത്താതെതന്നെ മുന്നേറി. ഇരുരാജ്യങ്ങളും വിജയം വരിച്ചതായി തെളിയിക്കുകയും ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ വികസനത്തിന്റെ അത്യുന്നതി കരസ്ഥമാക്കുകയും ചെയ്തു.

സമൂഹത്തിൽ സമാധാനത്തിന്റെ പുനസ്ഥാപനത്തിന് അത്തരമൊരു മാർഗ്ഗമാണുള്ളത്. ആത്മീയവും ഭൗതികവുമായ ഏതൊരു നേട്ടവും കൈവരിക്കാൻ ഒരുവൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, താൻ നിർബ്ബന്ധമായും ഈ പ്രമാണ സൂക്തം അനുവർത്തിക്കണം: "പൂർവ്വസ്ഥിതിയെ സ്വീകരിക്കുക. സമാധാന പൂർണ്ണമായ ആസൂത്രണത്തിലൂടെ ലക്ഷ്യം നേടാൻ പരിശ്രമിക്കുക. അത്തരം രീതിയിൽ തീർച്ചയായും നിങ്ങൾക്ക് വിജയം കൈവരിക്കാൻ സാധിക്കും."

സമാധാനം പരമ നന്മയാണെന്നത് ഒരു വസ്തുതയാണ്. എന്നാൽ, നമ്മൾ സമാധാനം നിലനിർത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പ്രകൃതിയുടെ നിയമത്തെ പിന്തുടരണം. എല്ലാ പ്രവർത്തനങ്ങളുടെയും ആവിഷ്കാരം സാധ്യമാക്കുന്നതിനുള്ള അടിത്തറ പ്രദാനം ചെയ്യുന്നത് സമാധാനമാണ്. പ്രവർത്തനങ്ങളുടെ ഫലമല്ല സമാധാനം. ആദ്യമായി യഥാർത്ഥ അടിത്തറ വികസിപ്പിക്കുക എന്നതാണ് ശരിയായ രീതി. ശേഷം ബുദ്ധിപരമായ ആസൂത്രണത്തിലൂടെ വിജയം കൈവരിക്കുക.

സമാധാനം മണ്ണുപോലെയാണ്. മണ്ണില്ലാതെ മരമില്ല. അതുപോലെ, സാമാധാനമില്ലാതെ സാമൂഹ്യ വികസനവുമില്ല.

# സമാധാനത്തിന്റെ ശക്തി

**സ**മാധാനത്തെ പൊതുവെ, യുദ്ധമില്ലാത്ത സാഹചര്യമെന്ന് ചിന്തകന്മാർ നിർവ്വചിക്കുന്നു. അതൊരു പിന്തിരിപ്പൻ വ്യാഖ്യാനമാണ്. മഹത്തായ നിരവധി അവസരങ്ങൾ തരുന്ന ഒരു അവസ്ഥയാണ് സമാധാനം എന്നതാണ് ധനാത്മകമായ വ്യാഖ്യാനം. സമാധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം അത് അവസരങ്ങളുടെ വാതായനങ്ങൾ തുറന്നുതരുന്നു എന്നതാണ്. അത്തരം അവസരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരോ വ്യക്തിക്കും താനുദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്താൻ സാധിക്കുന്നതാണ്.

അവരങ്ങൾ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഒരുവൻ അവസരങ്ങളെ തിരിച്ചറിയുമ്പോൾ ബുദ്ധിപരമായ ആസൂത്രണത്തിലൂടെ അതിനെ ഉപയോഗപ്പെടുത്തി വിജയം കരസ്ഥമാക്കാവുന്നതാണ്. ആയതിനാൽ എന്ത് വില നല്കിയും ജീവിതത്തിൽ സമാധാനം സ്ഥാപിക്കുക എന്നതാണ് ഏറ്റവും പ്രാധാനപ്പെട്ടത്. സമാധാനാന്തരീക്ഷം നിരവധി അവസരങ്ങൾ സൃഷ്ടിക്കും. അത്തരം അവസരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരുവൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് നേടിയെടുക്കാവുന്നതാണ്. അക്രമ പ്രതിഷേധങ്ങളിൽ മുഴുകിയവൻ പ്രകടിപ്പിക്കുന്നത്, പ്രകൃതിയുടെ ആ നിയമത്തെ സംബന്ധിച്ച അവബോധമില്ലായ്മയാണ്. ഉദാഹരണത്തിന്, അക്രമ പോരാട്ടത്തിന് നിരതരായവരോട് തങ്ങളുടെ പ്രവർത്തികളുടെ കാരണമന്വേഷിക്കുകയും, "സമാധാനത്തിൽ നിങ്ങൾ തത്പരരല്ലേ?" എന്ന് ചോദിക്കുകയും ചെയ്യുകയാണെങ്കിൽ "സമാധാനമാണ് അഭികാമ്യമെന്ന് ഞങ്ങൾക്കറിയാം. പക്ഷെ, ഞങ്ങൾ നീതി നിഷേധിക്കപ്പെട്ടവരാണ്." എന്നായിരിക്കും അവരുടെ മറുപടി. അത്തരം മറുപടി

രഥം കുതിരയുടെ മുമ്പിൽ കെട്ടുന്നതുപോലെയാണ്.

നീതി ഒരുത്തനും ആരും പാരിതോഷികമായി നല്കുകയില്ല. നീതി തന്റെതന്നെ പ്രവർത്തിയുടെ ഫലമാണ്. എന്തു വില നല്കേണ്ടിവന്നാലും ആദ്യം നമ്മൾ സമാധാനം സ്ഥാപിക്കണം. പിന്നീട് ബുദ്ധിപരമായ ആസൂത്രണങ്ങളിലൂടെ നീതിയിലേക്കുള്ള യാത്ര നമ്മൾ തുടരണം. അതാണ് നൈതികതയിലേക്കുള്ള ഏക മാർഗ്ഗം. മറ്റൊരു മാർഗ്ഗവും, സമാധാനമെന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്നതല്ല.

രണ്ടാ ലോക മഹായുദ്ധത്തിനുശേഷം സഖ്യ കക്ഷികൾ ജർമ്മനിയെ രണ്ടായി വിഭജിച്ചു, കിഴക്കും പടിഞ്ഞാറും ജർമ്മനികൾ. അത്തരം തന്ത്രം രൂപീകരിച്ചത് ജർമ്മനിയെ എക്കാലത്തും ക്ഷയിപ്പിച്ചുനിർത്താനായിരുന്നു. അത് തികച്ചും അനീതിയായിരുന്നു. എന്നാൽ ജർമ്മനിയുടെ നേതാക്കൾ അതിനെതിരെ പ്രതികരിച്ചില്ല. അതിലൂടെ സംഭവിച്ചത്, പ്രകൃതി അവർക്ക് വേണ്ടവിധം പ്രവർത്തിക്കാനുള്ള അവസരം നല്കി എന്നതായിരുന്നു. സമാധാന പ്രക്രിയ പിന്തുടർന്ന ജർമ്മനിയിൽ പൂർവ്വസ്ഥിതിതന്നെ നിലവിൽ വന്നു. അങ്ങനെ അവസാനം ബർല്ലിൻ മതിൽ തകരുകയും 1990 ആണ്ടിൽ ജർമ്മനി ഏകീകരിക്കുകയും ചെയ്തു. ഇന്ന് ജർമ്മനിയുടെ രണ്ട് ഭാഗങ്ങളും ഒരു ദേശമായിരിക്കുന്നു രണ്ടാം ലോക മഹായുദ്ധത്തിനുമുമ്പ് നിലനിന്നതുപോലെത്തന്നെ. പടിഞ്ഞാറൻ ജർമ്മനി ഒരിക്കലും കിഴക്കൻ ജർമ്മനിയെ പിടിച്ചെടുക്കാൻ യുദ്ധം ചെയ്തിരുന്നില്ല. രണ്ട് ജർമ്മനിക്കാരും സമാധാനത്തിന്റെ പാതയിലൂടെ ചലിക്കുകയായിരുന്നു ചെയ്തിരുന്നത്.

സമാധാനത്തിന്റെ ഏറ്റവും വലിയ ശക്തി അത് പ്രകൃതിയെ അതിന്റെ പ്രവർത്തിക്ക് അനുവദിക്കുന്നു എന്നതാണ്. യുദ്ധത്തിലൂടെയാണ് നമ്മൾ ലക്ഷ്യം സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ അതിനുവേണ്ടി നമ്മളുതന്നെ പോരാടേണ്ടിവരും. സമാധാനത്തിലൂടെയാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് സ്വയം ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണ്. നമ്മൾ യുദ്ധം അവസാനിപ്പിക്കുകയാണെങ്കിൽ സമാധാനം നിലനിൽക്കും. അത്തരം സാഹചര്യത്തിൽ പ്രകൃതിക്ക് നാം അവസംരം നല്കേണ്ട ആവശ്യം മാത്രം. അപ്പോൾ പ്രകൃതി ഉടനടി അതിന്റെ പ്രതിഫ

ലനം സൃഷ്ടിക്കാൻ ആരംഭിക്കുന്നതാണ്. പ്രകൃതി അതിന്റെ പ്രവർത്തനത്തിലാകുമ്പോൾ ഒരുവനും അതിൽ ഇടപെടരുതെന്ന ഏക മാനദണ്ഡം നമ്മൾ പാലിച്ചാൽ മാത്രം മതി. സമാധാനം പ്രവർത്തിക്കുന്നത്, ഒന്നിലും ഇടപെടാതിരിക്കൽ എന്ന അന്ത രീക്ഷത്തിലാണ്. ഇടപെടലുകൾ ഉണ്ടാകുമ്പോൾ പ്രകൃതിയുടെ പ്രയാണത്തിന് ഭംഗം വരുന്നതാണ്. പ്രകൃതിയിൽ ഒരു വിത്ത് വിതച്ചതിന് ശേഷം അത് സ്വയം തന്നെ ഒരു വൃക്ഷമായിവള രാൻ തുടങ്ങുന്നത് സമാധാനത്തിന്റെ ഏറ്റവും വലിയ ശക്തി യാണ്. സമാധാനത്തിന്റെ നൈസർഗ്ഗികമായ ശക്തിയെ തിരിച്ച റിഞ്ഞവൻ ഒരിക്കലും പരാജയത്തെ അഭിമുഖീകരിക്കുന്നതല്ല.

അക്രമത്തിലൂടെ ഒരു വൃക്ഷം നമ്മൾക്ക് മുറിക്കാം. പക്ഷെ, അക്രമത്തിലൂടെ ഒരു വൃക്ഷത്തെ വളർത്തിയെടുക്കാൻ നമുക്ക് സാധ്യമല്ല. മാനവ ജീവിതത്തിലും അത് വളരെ ശരിയാണ്. മനുഷ്യ ലോകത്ത് യുദ്ധം സർവ്വ നാശത്തിലേക്ക് നയിക്കുന്നു. എന്നാൽ സമാധാനത്തിന് മനുഷ്യ ജീവിതത്തിൽ ധനാത്മകമായ പങ്കാണുള്ളത്. അക്രമ അന്തരീക്ഷത്തിൽ ഒരു തരത്തിലുള്ള നിർമ്മാണാത്മകമായ പ്രവർത്തനവും സാധ്യമല്ല. എന്നാൽ സമാധാനാന്തരീക്ഷത്തിൽ എല്ലാം സ്വയം തന്നെ പ്രവർത്തിക്കു ന്നതാണ്. സമാധാനം ആരോഗ്യകരമായ രീതിയിൽ രാഷ്ട്ര നിർമ്മാണത്തിന് മാർഗ്ഗം കാണിക്കുന്നു.

യുദ്ധം കോപത്തോടെ ആരംഭിച്ച് കോപത്തിൽത്തന്നെ അവസാനിക്കുന്നു. യുദ്ധത്തിന് തുടക്കത്തിലും ഒടുക്കത്തിലും ആരോഗ്യകരമോ നിർമ്മാണാത്മകമോ ആയ ഒരു വീക്ഷണവു മില്ല. എന്നാൽ സമാധാനം ആദ്യാവസാനം വരെ ആരോഗ്യകര മാണ്. പ്രത്യേകിച്ചും പ്രകൃതീ നിയമത്തിന് അനുകൂലമായ സമാ ധാനം മനുഷ്യനെ എല്ലാ അവസ്ഥയിലും ഉന്നതിയിലേക്ക് നയി ക്കുന്നു. അതുകൊണ്ടാണ് ഒരു മനുഷ്യൻ സമാധാന പാത അവ ലംബിക്കുമ്പോൾ മുഴുവൻ ലോകവും അവനെ അനുകൂലിക്കാൻ വരുന്നത്. എന്നാൽ ഒരുവൻ അക്രമണത്തിന്റെ പാത അവലം ബിക്കുമ്പോൾ മുഴുവൻ ലോകവും അവനെതിരെ നിലനിൽക്കു ന്നതാണ്.

# സമാധാനത്തിന്റെ ശക്തി യുദ്ധത്തിന്റെ ശക്തിയെക്കാൾ വലുത്

**ഇ**ന്ത്യയിലെ പ്രശസ്തനായ നേതാവായിരുന്നു സുബാഷ് ചന്ദ്രബോസ് (1897–1945). ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം ഇന്ത്യക്ക് നല്കിയ മുദ്രാവാക്യം "രക്തം നല്കൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നല്കാം" എന്നായിരുന്നു. ഇന്ത്യൻ നാഷണൽ ആർമ്മിയിലൂടെ ഇന്ത്യൻ ജനത അദ്ദേഹത്തിന് രക്തം നല്കി. എന്നിട്ടും ആ തന്ത്രം പൂർണ്ണമായി പരാചയപ്പെട്ടു. സുബാഷ് ചന്ദ്രബോസ് ലക്ഷ്യം പൂർത്തീകരിക്കുന്നതിനുമുമ്പു തന്നെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ ചുക്കാൻ പിടിച്ചുകൊണ്ട് മഹാത്മാ ഗാന്ധി ആഗതനായി. അദ്ദേഹം തന്റെ ലക്ഷ്യം നേടാൻ വ്യത്യസ്തമായ മാർഗ്ഗമായിരുന്നു അവലംബിച്ചത്. അത് സമാധാനത്തിന്റെ പാതയായിരുന്നു. തന്റെ ജനതയോടുള്ള അദ്ദേഹത്തിന്റെ മുദ്രാവാക്യം, "അഹിംസാ പ്രവർത്തനത്തിൽ നിങ്ങളെന്നെ സഹായിക്കൂ, എന്നാൽ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നല്കാം" എന്നായിരുന്നു. ഗാന്ധിജിയുടെ സമാധാനപരമായ തന്ത്രങ്ങൾ പൂർണ്ണമായും ഫലിക്കുകയും 1947 ആഗസ്ത് പതിനഞ്ചിന് ഇന്ത്യ വിജയപ്രദമായി സ്വാതന്ത്ര്യം നേടുകയും ചെയ്തു.

സുബാഷ് ചന്ദ്രബോസിന്റെ യുദ്ധ തന്ത്രം അക്രമ പോരാട്ടത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. അതിശക്തമായ അധികാരം കയ്യാളുന്ന ബ്രിട്ടീഷ് ഭരണാധികരികളിൽ നിന്നുള്ള പ്രത്യാ

ക്രമണത്തിന് അത് കാരണമായി. അനന്തര ഫലമായി ചന്ദ്ര ബോസിന്റെ തന്ത്രം പരാജയപ്പെടുകയും ബ്രിട്ടീഷ് ഭരണം തത്സ്ഥാനത്ത് നിലനിൽക്കുകയും ചെയ്തു.

മഹാത്മാ ഗാന്ധിയുടെ രീതി സുബാഷ് ചന്ദ്രബോസിൽ നിന്ന് വിഭിന്നമായിരുന്നു. അക്രമ രാഹിത്യത്തിലൂടെ ബ്രിട്ടീഷ് ഭരണത്തിനെതിരെ താൻ സ്വാതന്ത്ര്യ സമര പോരാട്ടം തുടരുമെന്ന് ഗാന്ധിജി പ്രഖ്യാപിച്ചപ്പോൾ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് തങ്ങളുടെ അക്രമണത്തിനുള്ള സകല ന്യായീകരണങ്ങളും നഷ്ടപ്പെട്ടു. ഗാന്ധിജിയുടെ ആ പ്രഖ്യാപനത്തിനുശേഷം ബ്രിട്ടീഷ് കലക്ടർ ടെലഗ്രാം വഴി തന്റെ സെക്രട്ടറിയേറ്റിന് സന്ദേശമയച്ചു: "എങ്ങനെ ഒരു കടുവയെ സാമാധാനപരമായി വധിക്കാമെന്ന് നിർദ്ദേശിക്കൂ"

ഇന്ത്യൻ രാഷ്ട്രീയ അനുഭവം പഠിപ്പിക്കുന്നത്, സമാധാനത്തിന്റെ ശക്തി അക്രമത്തിന്റെ ശക്തിയെക്കാൾ കൂടുതൽ കരുത്താർജ്ജിച്ചതാണെന്നാണ്.

കൃസ്താബ്ദം 610 ആണ്ടിൽ അറേബ്യയിൽ ദൈവിക സന്ദേശ പ്രചാരണമാരംഭിച്ച പ്രവാചകനിൽ സമാനമായ ചരിത്ര മാതൃക ദർശ്ശിക്കാവുന്നതാണ്. അക്കാലത്ത് അറേബ്യൻ ജനത മുഴുവനും ഗോത്ര സംസ്കൃതിയിലായിരുന്നു. ആ യുഗത്തിലെ അവസ്ഥകൾ കാരണമായി പ്രവാചകനും എതിരാളികളും തമ്മിൽ കുറച്ചൊക്കെ അക്രമ പോരാട്ടങ്ങളിൽ ഏർപ്പെട്ടിരുന്നു. എന്നിരുന്നാലും പ്രവാചകൻ നിലവിലെ അവസ്ഥകളെ ബുദ്ധിപരമായി ആസൂത്രണം ചെയ്ത് തങ്ങൾക്കിടയിലെ തർക്കങ്ങളെ സമാധാന ഉടംബടിയിലെത്തിച്ചു. കൃസ്താബ്ദം 628 ആണ്ടിൽ പ്രവാചകനും എതിർ പക്ഷവും ഒപ്പുവെച്ച ആ സമാധാന ഉടംബടിയെ ചരിത്രത്തിൽ, ഹുദൈബിയാ ഉടംബടി എന്നറിയപ്പെടുന്നു. ഇരുപക്ഷവും തമ്മിൽ പത്തുവർഷത്തേക്ക് പരസ്പരം യുദ്ധമില്ല എന്നതായിരുന്നു ആ ഉടംബടി. അനന്തര ഫലമായി സമാധാന പ്രവർത്തനങ്ങളിലൂടെ തന്റെ സന്ദേശ പ്രചാരണത്തിന് പ്രവാചകൻ ധാരാളം അവസരങ്ങൾ കണ്ടെത്തി. അതിന്റെ ഫലം മഹാത്ഭുതമായിരുന്നു. കുറഞ്ഞ കാലഘട്ടത്തിനുള്ളിൽ അറേബ്യ മുഴുവനും തന്റെ സന്ദേശം സ്വീകരിക്കുകയുണ്ടായി.

ചരിത്രത്തിൽ ഏറ്റവും ഉയർന്ന വിജയം വരിച്ച വ്യക്തിത്വമായി പ്രവാചകനെ അമേരിക്കൻ എഴുത്തുകാരനായ മൈക്കിൾ ഹാർട്ട് അംഗീകരിക്കുന്നു. എന്നാൽ, എന്തായിരുന്നു ആ ഉയർന്ന വിജയത്തിന്റെ രഹസ്യം? തീർച്ചയായും അത് സമാധാനമായിരുന്നു. ബുദ്ധിപരമായ ആസൂത്രണ പാടവം കൊണ്ട് പ്രവാചകൻ അറേബ്യയിൽ സമാധാനം സ്ഥാപിച്ചു. സമാധാനാന്തരീക്ഷം പ്രവാചകനും അനുയായികൾക്കും ധാരാളം അവസരങ്ങളുടെ വാതായനങ്ങൾ തുറന്നുകൊടുത്തു. പ്രവാചകന്റെ അത്ഭുതകരമായ വിജയം ആ സമാധാന നയ നിലപാടുമൂലമായിരുന്നു.

പ്രവാചകന്റെ പൊതുവായ നിലപാട് ഹദീസുകളിൽ പ്രസ്താവിച്ചിരിക്കുന്നത്, പ്രവാചകന് രണ്ടുകാര്യങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കേണ്ടിവരുമ്പോഴെല്ലാം അവിടന്ന് എപ്പോഴും പ്രയാസമുള്ള മാർഗ്ഗത്തിനുപകരം എളുപ്പമുള്ള മാർഗ്ഗം തിരഞ്ഞെടുക്കുമായിരുന്നു എന്നാണ്. അവിടെ എളുപ്പമുള്ള മാർഗ്ഗമെന്നാൽ സമാധാനപരമായ മാർഗ്ഗവും, ബുദ്ധിമുട്ടുള്ള മാർഗ്ഗമെന്നാൽ അക്രമ മാർഗ്ഗവുമാണ്. അത്തരം നിലപാടുകളായിരുന്നു പ്രവാചകനെ ഏറ്റവും വലിയ വിജയിയാക്കിത്തീർത്തത്.

എല്ലാ കാലഘട്ടത്തും എല്ലാ മേഖലകളിലും സമാധാനപരമായ ആസൂത്രണത്തിന്റെ സാധ്യത നിലനിൽക്കുന്നു. അതിന് ആവശ്യമായ മുൻകരുതൽ ക്ഷമയാണ്. നമ്മുടെ അവസ്ഥകളെ ലക്ഷ്യാധിഷ്ടിതമായി വിശകലനം ചെയ്യാൻ ക്ഷമ അനിവാര്യമാണ്. മുൻവിധികളിൽ നിന്ന് ഒരുവൻ മുക്തമാകുമ്പോൾ അവൻ ഉത്തമ ആസൂത്രകനായിമാറുന്നു. ലോക ചരിത്രത്തിൽ പ്രവാചകൻ ഉന്നത വിജയിയായിരുന്നുവെന്ന് ചരിത്രകാരന്മാർ പൊതുവെ അംഗീകരിക്കുന്നതാണ്. അതിനുള്ള പ്രധാന കാരണം പ്രവാചകന്റെ സ്വച്ഛന്ദമായ മനസ്സോടുകൂടെയുള്ള സമാധാന പൂർണ്ണമായ ആസൂത്രണ പാടവമായിരുന്നു.

**അക്രമ രീതിയിലൂടെയുള്ള ലക്ഷ്യം നിഷേധാത്മകമാണ്. എന്നാൽ സമാധാന രീതിയിലൂടെയുള്ള ലക്ഷ്യം ക്രിയാത്മകമാണ്.**

എന്തുകൊണ്ടാണ് സമാധാനം അക്രമത്തെക്കാൾ ശക്ത

മാകുന്നത്? അതിനുള്ള കാരണം ഹിംസാത്മക മാർഗ്ഗം സ്വീകരിക്കുന്നവന്റെ ലക്ഷ്യം എതിരാളികളെ പൂർണ്ണ നാശത്തിൽ കലാശിപ്പിക്കുക എന്നതാണ്. എന്നാൽ അഹിംസാ മാർഗ്ഗം പിന്തുടരുന്നവന്റെ ലക്ഷ്യം, തന്നെ സ്വയം ശക്തനാക്കുക എന്നതാണ്.

അഥവാ, അക്രമ രീതിയിലൂടെയുള്ള ലക്ഷ്യം നിഷേധാത്മകമാണ്. എന്നാൽ സമാധാന രീതിയിലൂടെയുള്ള ലക്ഷ്യം ക്രിയാത്മകമാണ്. വിജയത്തിന്റെ രഹസ്യം ഒരുവൻ തന്റെ സ്വത്വത്തെ ശക്തനാക്കുക എന്നതാണ്. ഒരുവൻ നിഷേധാത്മകമായ ലക്ഷ്യം നിർണ്ണയിക്കാതിരിക്കുമ്പോഴാണ് അത് സാധ്യമാകുക. അതുകൊണ്ട് നമ്മൾ നമ്മുടെ നയങ്ങളെ ക്രിയാത്മകമായ പരിണിതിയിലേക്ക് എത്തുന്ന വീക്ഷണത്തിന് അനുസൃതമായി രൂപപ്പെടുത്തണം.

# സമാധാനവും നീതിയും

**ഹിം**സാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുറച്ച് പ്രസ്ഥാനങ്ങൾ ആധുനിക ലോകത്ത് നിലനിൽക്കുന്നുണ്ട്. എന്തിനാണ് രക്തം ചിന്തുന്ന പ്രവർത്തനങ്ങളെന്ന് നമ്മളവരോട് ചോദിക്കുകയാണെങ്കിൽ അവർ മറുപടി പറയും: "ഞങ്ങൾ അനീതിയുടെ ഇരകളാണ്. ഞങ്ങൾക്ക് നീതി നല്കൂ. എന്നാൽ ഞങ്ങൾ നിങ്ങൾക്ക് സമാധാനം നല്കും."

സാമാധാനത്തിനുള്ള അത്തരം മാനദണ്ഡം പ്രകൃതിവിരുദ്ധമാണ്. നീതിക്കുവേണ്ടി പോരാടിക്കൊണ്ട് സമാധാനം നേടുക അസാധ്യമാണ്. അത്, രഥം കുതിരയുടെ മുമ്പിൽ കെട്ടുന്നതുപോലെയാണ്. വർത്തമാന ലോകത്ത് എല്ലാം പ്രകൃതീ നിയമത്തെ പിന്തുടരുന്നു. നീതി നേടാനുള്ള പ്രയത്നവും അതിൽ നിന്ന് മുക്തമല്ല.

പ്രകൃതീ നിയമമനുസരിച്ച് നീതി ഒരുവനും ധാനമായി ലഭിക്കുക സാധ്യമല്ല. ആദ്യമായി സമാധാനത്തെ ഏകപക്ഷീയമായി സ്ഥാപിക്കുക എന്നതാണ് യഥാർത്ഥ സമീപനം. സമാധാനം എല്ലാ തരം അവസരങ്ങളുടെയും കവാടം തുറന്നുതരും. പിന്നീട് ബുദ്ധിപരമായ ആസൂത്രണങ്ങളിലൂടെ അത്തരം അവസരങ്ങളെ ഉപയോഗപ്പെടുത്തിയാൽ ആർക്കും അത് നീതി കരസ്ഥമാക്കാൻ ഉപകരിക്കും. അക്രമണത്തിലൂടെ നീതി നേടിയതിന് ലോക ചരിത്രത്തിൽ ഒരാളുടെയും മാതൃകയില്ല.

സമാധാനം നീതിക്കുവേണ്ടി എന്നത് അഭികാമ്യമല്ല. സമാധാനം സാധാരണ അവസ്ഥ സ്ഥാപിക്കാൻ എന്നത് അഭിലഷണീയമാണ്. സാധാരണ അവസ്ഥ നിലനിൽക്കുമ്പോൾ എല്ലാ അവസരങ്ങളും അവിടെ ലഭ്യമാകുന്നതാണ്. അത്തരം അവസരങ്ങൾ വിനിയോഗിച്ച് ഒരുവന് നീതി കരസ്ഥാമാക്കാൻ സാധിക്കുന്നതാണ്.

നീതി ഒരവകാശമായി കരസ്ഥാമാക്കുക സാധ്യമല്ല. പകരം, ഒരുവൻ സ്വയം അതിന് അർഹതയുള്ളവനാണെന്ന് തെളിയുയിക്കുമ്പോൾ തനിക്ക് ലഭിക്കുന്നതാണ് നീതി. നമ്മൾ സാമൂഹ്യ അനീതിക്കെതിരെ പരാതിപ്പെടുകയാണെങ്കിൽ പിന്നീട് മറ്റുള്ളവരെ അതിനുവേണ്ടി കുറ്റപ്പെടുത്തുകയും ചെയ്യുക എന്നത് ശരിയായ സമീപനമല്ല. നമ്മൾ സ്വയം നമ്മളുടെ ന്യൂനതകൾ കണ്ടെത്തുന്നതായിരിക്കും ഏറെക്കുറേ ഉചിതം. കാരണം, പ്രകൃതീ നിയമം അനുസരിച്ച് അനീതി എന്ന് നമ്മൾ വിളിക്കുന്നത് നമ്മളുടെ തന്നെ സ്വയം ഗുണക്കുറവിന്റെ ഫലമായിട്ടാണ്. ആയതിനാൽ നീതി കരസ്ഥമാക്കാൻ നമ്മൾ സ്വയം തന്നെ വേണ്ടവിധം തയ്യാറാകണം. വിദ്യാഭ്യാസത്തിലൂടെയും കഠിന പ്രയത്നങ്ങളിലൂടെയും അനീതിയെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുന്നതാണ്. ആജ്ഞകളിലൂടെ അത് ഒരിക്കലും സാധ്യമല്ല.

നമ്മുടെ ലോകം മത്സരങ്ങളുടെ ലോകമാണ്. വർത്തമാന ലോകത്ത് ഒരുവൻ എന്തെങ്കിലും നേടുന്നത് അതിനുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കും. പരാതികളുടെയും അവകാശങ്ങളുടെയും മാനദണ്ഡത്തിലായിരിക്കുകയില്ല. സാമൂഹ്യ നീതി അവകാശ പോരാട്ടങ്ങളിലൂടെ സ്വായത്തമാക്കാൻ യത്നിച്ച നിരവധി പരിഷ്കർത്താക്കളുണ്ടായിരുന്നു. പക്ഷെ, അവർ പരാജിതരായി. അതിനുള്ള കാരണം അവരുടെ തുടക്കം യഥാർത്ഥ വീക്ഷണത്തിലൂടെയുള്ളതായിരുന്നില്ല എന്നതാണ്.

ജനങ്ങളെ വിദ്യാസമ്പന്നരാക്കുകയും നീതി ലഭിക്കാൻ അർഹതയുള്ളവരാക്കുകയും ചെയ്യുക എന്നതാണ് ഏക തുടക്കം. നീതി, യോഗ്യതയും ഗുണവുമുള്ളവർക്കാണ്. അത് സ്വമേധയാ വരുന്നതല്ല. നമ്മൾ നീതി അർഹിക്കുന്നുണ്ടെങ്കിൽ സുനിശ്ചിതമായും നമ്മളത് കണ്ടെത്തും. എന്നാൽ അർഹതയില്ലാത്തവരാണെങ്കിൽ സുനിശ്ചിതമായും നമ്മൾക്കത് നിഷേധിക്കപ്പെടും. മറ്റെല്ലാ വസ്തുക്കളെയുംപ്പോലെത്തന്നെ നീതി കരസ്ഥമാക്കലും പ്രസിദ്ധമാർന്ന 'കൊടുക്കുക, കൊള്ളുക' എന്ന സൂത്രവാക്യം അടിസ്ഥാനപ്പെടുത്തിത്തന്നെയാണ്. നമ്മൾ ആവശ്യമായ വില നല്കുകയാണെങ്കിൽ നമ്മൾ നീതി കരസ്ഥമാക്കും. അല്ലാത്ത പക്ഷം അത് അസാധ്യമാണ്. സമാധാനം നീതിക്കുവേണ്ടി എന്നത് അഭികാമ്യമല്ല. സമാധാനം സാധാരണ അവസ്ഥ സ്ഥാപിക്കാൻ വേണ്ടി എന്നതാണ് അഭികാമ്യം.

നീതി കരസ്ഥമാക്കുന്നതിനുള്ള മറ്റൊരു തടസ്സം ജനങ്ങൾ സമ്പൂർണ്ണ നീതി എന്ന സങ്കല്പത്തിൽ ബന്ധിതരാണ്. കാരണം,

സമ്പൂർണ്ണനീതി സ്വായത്തമാക്കാൻ ഒരിക്കലും പറ്റുന്നതല്ല. ജന ങ്ങളുടെ അഭിപ്രായപ്രകാരം തങ്ങൾക്ക് ലഭിക്കുന്നത് തങ്ങളുടെ ആവശ്യങ്ങളെക്കാളും ചെറുതാണ്. നീതി ലഭിച്ചതിന് ശേഷവും തങ്ങൾക്ക് വേണ്ടത്ര ലഭിച്ചിട്ടില്ലെന്ന് അവർക്ക് തോന്നുന്നു. എന്നാൽ വസ്തുത ഇതാണ്, വർത്തമാന ലോകത്ത് മനുഷ്യന് നീതിക്കുവേണ്ടി പ്രവർത്തിക്കാം; പക്ഷെയത്, സമ്പൂർണ്ണവും ആ ദർശ്ശ പൂർണ്ണവുമായ നീതിക്കുവേണ്ടി ആവരുത്. അതിനാലാണ്, ഉള്ളവർ എന്ന വിഭാഗത്തിലുള്ള പലരും ചിന്തിക്കുന്നത്, തങ്ങൾ ഇല്ലാത്തവരാണെന്ന്. ആകയാൽ, ജനങ്ങളുടെ അനീതിബോധ ത്തിനുപകരം അസ്വസ്ഥതാ മനോഭാവം ലഘൂകരിക്കുക എന്ന താണ് പ്രശ്നത്തിനുള്ള പരിഹാരം.

തങ്ങൾ അനീതിക്ക് ഇരയാകപ്പെട്ടിട്ടുണ്ടെന്ന വിചാരം കാര ണമായി അക്രമം പൊട്ടിപ്പുറപ്പെട്ടതിന് ചരിത്രത്തിൽ നിരവധി രേഖ കളുണ്ട്. എന്നാൽ വസ്തുത, തങ്ങൾക്ക് ലഭിക്കുന്നത് തങ്ങൾ ആവശ്യപ്പെട്ടതിനെക്കാൾ കുറവാണെന്നുള്ള തെറ്റിദ്ധാരണയാണ്. അങ്ങനെ, അനീതി അനുഭവിക്കുന്നുവെന്ന ഒരു ബോധം അവരെ പിന്തുടരുന്നു.

അക്രമത്തിന് അറുതിവരുത്താനുള്ള ഒരു മാർഗ്ഗം, ജനങ്ങളെ നീതിക്കുവേണ്ടിയുള്ള സമരപോരാട്ടങ്ങളിൽ നിരതമാക്കാൻ പ്രേരി പ്പിക്കുന്നിന് പകരം അവരിൽ നിന്ന് അനീതീ ബോധത്തെ നീക്കം ചെയ്യാൻ ശ്രമിക്കലാണ്. നീതിക്കുവേണ്ടിയുള്ള പ്രവർത്തനം എല്ലാ സാഹചര്യത്തിലും സാധ്യമാണ്. എന്നാൽ സമ്പൂർണ്ണ നീതി ഇഹ ലോകത്ത് ഒരിക്കലും സാധ്യമല്ല. അന്താരാഷ്ട്ര തൊയിലാളി സംഘടന(ഐ എൽ ഒ)യുടെ ഭരണ ഘടനയിൽ പ്രസ്താവിക്കു ന്നു: സാമൂഹ്യ നീതിയെ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ മാത്രമെ ആഗോളവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളു.

ആ രണ്ട് ധാരണകളും യാഥാർത്ഥ വീക്ഷണമല്ല. സമൂഹ ത്തിന്റെ നിലവിലെ അവസ്ഥ അംഗീകരിച്ചുകൊണ്ട് മാത്രമെ സമാ ധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളു എന്നതാണ് സത്യം. നില വിലെ സ്ഥിതിക്ക് മതപരമായ നിർവ്വചനം, കനാഅത്ത് എന്നാണ്; അതായത്, സംതൃപ്താവസ്ഥ. സമാധാനത്തിലൂടെ അവസരങ്ങ ളുടെ വാതായനങ്ങൾ തുറക്കപ്പെടുന്നതാണ്. അത്തരം അവ സരങ്ങൾ ഉപയോഗപ്പെടുത്തി നമുക്ക് നാം ആഗ്രഹിക്കുന്ന നീതി കരസ്ഥാമാക്കാവുന്നതുമാണ്.

# ശത്രുവിനെ മിത്രമാക്കൽ

2011 ജൂണിൽ ഞാൻ അമേരിക്ക സന്ദർശിച്ചപ്പോൾ, സമാധാനത്തിന്റെ പ്രാധാന്യം എന്ന ശീർഷകത്തിൽ സംസാരിക്കാൻ ഫിലാൽഡൽഫിയയിലെ അമേരിക്കൻ ചർച്ചിലേക്ക് ഞാൻ ക്ഷണിക്കപ്പെട്ടു. ഞാൻ പ്രസംഗം അവസാനിപ്പിച്ചപ്പോൾ ഒരു ക്രിസ്ത്യൻ പണ്ഡിതൻ എന്നോട് ചോദിച്ചു: "ബൈബിളിൽ ഒരു പ്രശസ്തമായ അധ്യാപനമുണ്ട്, 'നിങ്ങളുടെ ശത്രുവിനെ സ്നേഹിക്കുക.' ഇത്തരമൊരു വചനം ഖുർആനിൽ നിന്ന് താങ്കൾക്ക് ഉദ്ധരിക്കാൻ സാധിക്കുമോ?"

ഞാൻ പറഞ്ഞു: "സാധിക്കും. ഖുർആനിലെ അധ്യായം: 41, വചനം: 34-ൽ താങ്കൾക്ക് വായിക്കാൻ സാധിക്കും:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു."

ഖുർആനിക വചനം പ്രകൃതീ നിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പ്രകൃതീ നിയമം അനുസരിച്ച് സ്ഥിരമായ സുഹൃത്തോ ശത്രുവോ ഇല്ല. ജനങ്ങൾ രണ്ട് വിഭാഗത്തിൽ ഉൾപ്പെടുന്നു. ചിലർ യഥാർത്ഥ സുഹൃത്തുക്കളാണ്. അതോടൊപ്പം മറ്റുള്ളവർ യഥാർത്ഥ സുഹൃത്തുക്കളാവാൻ സാധ്യതയുള്ള സുഹൃത്തുക്കളുമാണ്. യഥാർത്ഥ ചിന്തയിലൂടെ ആ വസ്തുത ഒരുവൻ കണ്ടെത്തണം. അത്തരം സാധ്യതയെ യാഥാർഥ്യമാക്കിമാറ്റാൻ നാം പരിശ്രമിക്കണം.

ജിഹാദിന്റെ പേരിൽ അക്രമണത്തിൽ ഏർപ്പെട്ടവർ കാര്യങ്ങളെ പ്രത്യക്ഷ സ്വഭാവത്തിൽ മാത്രം വിലയിരുത്തുന്നവരാണ്. അതാ

യത്, ഒരുവൻ ശത്രുവായിട്ട് പ്രത്യക്ഷപ്പെട്ടാൽ, അവർ അവനെ ഉടനടി ശത്രുവായി പ്രഖ്യാപിക്കുകയും, അവനെതിരെ യുദ്ധത്തിന് തുനിയുകയും ചെയ്യുന്നു. കാര്യങ്ങളെ അതിന്റെ ഉപരിതലത്തിനപ്പുറത്തേക്ക് ദർശ്ശിക്കാനുള്ള അത്തരക്കാരുടെ പരാജയത്തിനുള്ള ഒരു ഉദാഹരണമാണ് അത്. എന്നാൽ കാര്യങ്ങളെ സ്വല്പം ആഴത്തിൽ അവർ ദർശ്ശിച്ചിരുന്നെങ്കിൽ അവർ ശത്രുക്കളായി ധരിച്ചിരുന്നവർ വാസ്തവത്തിൽ അവരുടെ മിത്രങ്ങളായി മാറാനുള്ള സാധ്യതയുള്ള സുഹൃത്തുക്കളായി അവരെ കണ്ടെത്തും. ആകയാൽ അവർക്കെതിരെ യുദ്ധത്തിന് നീങ്ങുന്നതിന് പകരം സമാധാന പരമായ ദഅ്വാ പ്രവർത്തനങ്ങളിലൂടെ അവരെ തങ്ങളുടെ ആത്മ മിത്രങ്ങളാക്കണമായിരുന്നു. പ്രകൃതീ നിയമമനുസരിച്ച് എല്ലാ പുരുഷനും സ്ത്രീയും ആദം ഹവ്വായുടെ സന്തതികളാണ്. അതായത് എല്ലാ മനുഷ്യർക്കും പൊതുവായ ഒരു പൂർവ്വികനുണ്ട്. അതർത്ഥമാക്കുന്നത് മനുഷ്യ വർഗ്ഗം ഒരു ആഗോള കുടുംബമാണ്. എല്ലാ സ്ത്രീയും പുരുഷനും രക്തബന്ധമുള്ള സഹോദരനും സഹോദരിയുമാണ്. വർത്തമാന കാലത്തെ ജീവശാസ്ത്രപരമായ ആ പ്രതിഭാസം ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ട ഒരു വസ്തുതയാണ്. ഇപ്പോൾ അതൊരു ആദമിന്റെയും ഹവ്വയുടെയും നിഗൂഢമായ ഒരു കഥയല്ല. മറിച്ച്, നരവംശ ശാസ്ത്രപ്രകാരം സ്ഥിരീകരിക്കപ്പെട്ട ഒരു വസ്തുതയാണ്.

ജീവ ശാസ്ത്രപരമായ ആ വസ്തുതയുടെ സ്വീകാര്യത സൈദ്ധാന്തികമായി തെളിയിക്കുന്നത് എല്ലാ സ്ത്രീയും പുരുഷനും ആഗോള കുടുംബമായിട്ട് ജീവിക്കണമെന്നാണ്. മനവതക്ക് ഇടയിലുള്ള ഗോത്രപരമായ, ദേശീയപരമായ മറ്റൊരു തരത്തിലുള്ള യുദ്ധത്തിന് യാതൊരു വിധ ന്യായീകരണവുമില്ല.

ഒരേ കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ വഴക്ക് രൂപപ്പെടുന്നത് അപൂർവ്വമായിട്ടാണ് നാം ശ്രവിക്കുന്നത്. മാനവതക്കാകമാനം സൈദ്ധാന്തികമായ ആ തത്വം ശരിയാവണം. കാരണം, ശാസ്ത്രീയമായ ഗവേഷണത്തിന്റെ പരിപ്രേക്ഷ്യത്തിൽ മാനവരാശി ഒരു ഏക കുടുംബമാണ്. ആകയാൽ പഴഞ്ചൻ ശത്രുത അവർക്കിടയിൽ അവസാനിക്കപ്പെടണം. ഭൂമിയിൽ മാനവത ഒരൊറ്റക്കുടുംബമായി സഹവർത്തിത്വത്തോടെ ജീവിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. സഹവർത്തിത്വത്തിൽ ജീവിക്കുക എന്നുള്ളത് വെറുമൊരു ധാർമ്മിക സദാചാര തത്വമല്ല. പകരം, ശാസ്ത്രീയ

മായ പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ട സത്യസന്ധമായ ഒരു ജീവിത രീതിയാണിത്.

വർത്തമാന യുഗത്തിൽ ശാസ്ത്രീയ സമൂഹം നിരവധി പ്രാചീന സിദ്ധാന്തങ്ങൾ തള്ളിക്കളഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, ഭൂമിയെ കേന്ദ്രീകരിച്ച് സൂര്യൻ കറങ്ങുകയാണെന്ന പഴയ സിദ്ധാന്തത്തിന് പകരം സൂര്യനെ ചുറ്റി ഭൂമി കറങ്ങുകയാണെന്ന പുതിയ സിദ്ധാന്തം സ്വീകരിച്ചത്. ഇതേ സമീപനം യുദ്ധത്തോടും സമാധാനത്തോടും പ്രയോഗിക്കാവുന്നതാണ്. സമകാലിക പ്രശ്നങ്ങളെ സംബന്ധിച്ച യാഥാർഥ്യ ബോധവും ശാസ്ത്രീയമായ ചിന്തയും ജനങ്ങളെ അക്രമ മനോഭാവത്തിൽ നിന്ന് തടയുകയും പകരം അവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ സമാധാനത്തിന്റെ മാർഗ്ഗം അവലംബിക്കാൻ പ്രാപ്തി നല്കുകയും ചെയ്യുന്നു.

പൊതു പൂർവ്വികൻ എന്ന വസ്തുത എക്കാലത്തേക്കും 'ഞങ്ങളും അവരും' എന്ന സിദ്ധാന്തത്തെ ഉപേക്ഷിച്ചിരിക്കുന്നു. ഇപ്പോൾ ഏറ്റവും അനുയോജ്യമായ സിദ്ധാന്തം 'ഞങ്ങളും ഞങ്ങളും' എന്നതാണ്. ആകയാൽ യുദ്ധത്തിന് ആരംഭം കുറിക്കുക എന്നത് പുറമെയുള്ളവർക്ക് എതിരെ എന്നതിനെക്കാൾ സ്വന്തം കുടുംബത്തിലെ അംഗങ്ങളോട് യുദ്ധം ചെയ്യുന്നതുപോലെയാണ്. യുദ്ധം അപരിഷ്കൃത യുഗത്തിന്റെ പ്രവർത്തിയാണ്. ആധുനിക നാഗരിക യുഗത്തിന്റേതല്ല. ഈ ആഗോള വസ്തുത ഖുർആനിൽ വിവരിക്കുന്നു:

അക്കാരണത്താൽ ഇസ്രായീൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നല്കുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്രായീല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനുശേഷം അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. (5/32)

യുദ്ധത്തിന് ഗൗരവകരമായ ഒരു പര്യവസാനമേയുള്ളു. മറ്റുള്ളവരെ വധിക്കലാണത്. യുദ്ധമൊരു കൂട്ടക്കൊലപാതകമാണ് ആ അർത്ഥത്തിൽ അത് ഏറ്റവും നീചമായ ഒരു കുറ്റകൃത്യമാണ്.

മറ്റൊരർത്ഥത്തിൽ യുദ്ധമെന്നത് മാനവതയെ വധിക്കലാണ്. എന്നാൽ സമാധാനം മാനവതയെ ജീവിപ്പിക്കലാണ്. നമുക്ക് മുമ്പിലുള്ള ഏക മാർഗ്ഗം യുദ്ധമല്ല, മറിച്ച് സാമാധാനമാണെന്നത് വളരെ വ്യക്തമാണ്. ഒരു മനുഷ്യനെ വധിക്കൽ ഒരു മൃഗത്തെ വധിക്കുന്നതുപോലെയല്ല. മാനവയതയിലെ ഒരംഗത്തെ വധിക്കൽ ഒരുവൻ അവനെത്തന്നെ വധിക്കുന്നതുപോലെയാണ്. ആ യാഥാർഥ്യം ഒരുവൻ തിരിച്ചറിഞ്ഞാൽ മറ്റൊരാളെ തന്റെ അക്രമണത്തിന്റെ ഇരയാക്കാൻ അവൻ അനുവദിക്കുന്നതല്ല. തീർത്തും അജ്ഞതയിൽ നിന്നാണ് ഒരുവൻ മറ്റൊരുവനെ വധിക്കുന്നത്. ജനങ്ങളുടെ ആ വിഷയത്തിലുള്ള അറിവില്ലായ്മ പരിഹരിക്കപ്പെടണം. എന്നാൽ അക്രമണം ഇല്ലാതാകും. അക്രമണത്തെയും യുദ്ധത്തെയും നേരിടാനുള്ള ഏറ്റവും മഹത്തായ മാർഗ്ഗം ആഗോള വിദ്യഭ്യാസത്തിന്റെ അഭിവൃദ്ധിയാണ്.

# പരസ്പരം ഇടപെടാതിരിക്കൽ നയം

**ബി**ല്യൻ കണക്കിന് നക്ഷത്രങ്ങളും ഗ്രഹങ്ങളും അടങ്ങിയതാണ് നമ്മുടെ പ്രപഞ്ചം. എണ്ണമറ്റ നക്ഷത്രങ്ങളും ഗ്രഹങ്ങളും ഈ മഹാ പ്രപഞ്ചത്തിൽ സ്ഥിരമായി ചലിച്ചുകൊണ്ടിരിക്കുന്നു. ആ പ്രതിഭാസം ബില്യൺ വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് ഭൂമി സൂര്യനെ ചുറ്റി നിരന്തരം കറങ്ങിക്കൊണ്ടിരിക്കുന്നു. അതുപോലെ നമ്മുടെ സൗരയൂഥത്തിലെ മറ്റ് ഗ്രഹങ്ങൾ സൂര്യനെ ചുറ്റി അവയുടെ ഭ്രമണ പഥത്തിലൂടെ നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കോടാനുകോടി വർഷങ്ങളായി അവകളെല്ലാം മറ്റൊന്നിൽ ഇടപെടാതെയും സംഘട്ടനത്തിൽ ഏർപ്പെടാതെയും തങ്ങളുടെ നിശ്ചിത പാതയിലൂടെ മാത്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

നിരവധി കൂട്ടിമുട്ടലുകൾ പ്രപഞ്ചത്തിൽ സംഭവിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ അവയെല്ലാം പ്രപഞ്ചത്തിന്റെ പരിണാമത്തിനും വികാസത്തിനും വേണ്ടിയുള്ളതായിരുന്നു. ആ പ്രക്രിയ വളരെ ആസൂത്രിതവും ഉപകാരപ്രദവുമായ ലക്ഷ്യത്തെ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. സൂര്യനെയും ചന്ദ്രനെയും പരാമർശ്ശിച്ചുകൊണ്ട് പ്രപഞ്ചത്തിന്റെ താളാത്മക ഐക്യത്തെ വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു:

അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണ പഥത്തിലൂടെ നീന്തി(സഞ്ചരിച്ചു)ക്കൊണ്ടിരിക്കുന്നു. (21/33)

വിശാലമായ പ്രപഞ്ചത്തിൽ സമാധാനം സ്ഥാപിച്ചിരിക്കുന്നത് പരസ്പരം ഇടപെടാതിരിക്കൽ എന്ന പ്രകൃതീ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതാകുന്നു പ്രപഞ്ചത്തിന്റെ

സംസ്കാരം. സൂക്ഷ്മ ലോകത്തിന്റെയും സംസ്കാരം അതുതന്നെയാണ്. പദാർത്ഥ ലോകത്തിലെ ചെറിയ കണമായ ആറ്റത്തിന്റെ ഉള്ളിലും അതേ സംസ്കാരമാണ്. ഒരു ആറ്റം വിവിധ ചെറിയ കണികകൾ അടങ്ങിയതാണ്. അതിലെ ഓരോന്നും സ്ഥിരമായി ചലിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവക്കിടയിൽ ഒരു സംഘട്ടനവുമില്ല. വലിയ ലോകത്തുള്ള അതേ സമാധാന സംസ്കാരം ചെറിയ ലോകത്തുമുണ്ട്.

ഏകദേശം അമ്പത് മില്യൻ വരുന്ന ചെറുതും വലുതുമായ ജന്തുലോകം ഭൂമിയിലുണ്ട്. ജന്തുലോകത്തും പൂർണ്ണമായ സാമാധാനം നിലനിൽക്കുന്നു. ജന്തുലോകത്ത് ഒരിക്കലും ഒന്നാം ലോക മഹാ യുദ്ധവും രണ്ടാം ലോക മഹാ യുദ്ധവും സംഭവിച്ചിട്ടില്ല. ജീവനുള്ള സകല ജീവികളും വ്യത്യസ്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. എന്നിട്ടും എങ്ങനെയാണ് അവരുടെ ലോകത്ത് സമാധാനം നിലനിൽക്കുന്നത്? ഉത്തരം ഇതാണ്: പരസ്പരം ഇടപെടാതിരിക്കൽ എന്ന അതേ സംസ്കാരം മൃഗങ്ങളും സ്വീകരിച്ചിരിക്കുന്നു. പ്രകൃതീനിയമത്തിന്റെ കീഴിൽ പാദാർത്ഥ ലോകം എന്താണോ സ്വീകരിച്ചിരിക്കുന്നത് അതുതന്നെയാണ് ജന്തുലോകം അതിന്റെ സഹജമായ ചോതനയുടെ ഫലമായിട്ട് സ്വീകരിച്ചിരിക്കുന്നത്.

എല്ലാ വ്യക്തിയും സ്വന്തം പ്രവർത്തനങ്ങളിൽ ചലിക്കാൻ സ്വതന്ത്രരാണ്. എന്നാൽ അവന്റെ സഹജീവികൾക്ക് ഉപദ്രവമാകരുതെന്ന ഒരു നിയന്ത്രണം മാത്രം പാലിക്കണം.

പരസ്പരം ഇടപെടാതിരിക്കൽ എന്ന അതേ സംസ്കാരം മനുഷ്യ ലോകത്തും ആവശ്യമാണ്. ഏതൊരു മനുഷ്യനും തന്റെ പ്രവർത്തികൾ ചെയ്യാനും മുന്നോട്ട് ഗമിക്കാനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ അത് മറ്റുമനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് ഉപദ്രവമാകരുതെന്ന നിയന്ത്രണം നാം പാലിക്കണം. പരസ്പരം ഇടപെടാതിരിക്കൽ എന്ന സംസ്കാരം മനുഷ്യൻ സ്വീകരിക്കണം. അതാണ് പ്രകൃതീ നിയമത്തെ അടിസ്ഥാനമാക്കിയുള്ള സമാധാന സൂത്രവാക്യം.

പരസ്പരം ഇടപെടാതിരിക്കൽ സംസ്കാരം സമാധാനം കൊണ്ടുവരുന്നതാണ്. സമാധാനം സകല അവസരങ്ങളുടെയും

വാതായനങ്ങൾ തുറക്കുന്നതാണ്. ആ അവസരങ്ങൾ ഉപയോഗിച്ച് ഏതൊരുവനും തന്റെ ലക്ഷ്യം കരസ്ഥമാക്കാവുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാവർക്കും തന്റെ സാധ്യതകളെ യാഥാർഥ്യമാക്കാനുള്ള അവസരമുണ്ട്. അതാണ് പ്രകൃതീ നിയമം.

ആ പ്രകൃതീ നിയമമാണ് ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നത്. അതിനുള്ള രണ്ട് ഉദാഹരണങ്ങൾ നമുക്ക് പരിശോധിക്കാം. മദീനാ പലായത്തിനുമുമ്പ്, അതായത് എ ഡി 622 ആണ്ടിൽ പ്രവാചകൻ മക്കയിലായിരുന്ന സന്ദർഭം വിശുദ്ധ ഖുർആനിലെ ഒരു സൂക്തം അവതീർണ്ണമായി:

"നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതവും." (109/6).

പലായനത്തിന് ശേഷം മദീനയിലായിരുന്നപ്പോൾ പ്രവാചകൻ ആ തത്വം രൂഢമൂലമാക്കി. ആ സമയത്ത് മദീനയിലെ പകുതി ജനസംഖ്യ ജൂതന്മാരും പകുതി മുസ്‌ലീങ്ങളുമായിരുന്നു. പ്രവാചകൻ മദീനാ പ്രഖ്യാപനമെന്ന ചരിത്ര രേഖ പുറപ്പെടുവിച്ചു. അതിൽ പ്രവാചക തിരുമേനി പ്രഖ്യാപിച്ചു: ജൂതന്മാർക്ക് അവരുടെ മതം, മുസ്‌ലീങ്ങൾക്ക് തങ്ങളുടെ മതവും.

പരസ്പരം ഇടപെടാതിരിക്കൽ എന്ന ആ നയം ശാശ്വത തത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. മനുഷ്യേതര ലോകത്ത് ആദ്യമേ നിലനിൽക്കുന്ന തത്വമാണത്. ആ സംസ്കാരം മനുഷ്യ ലോകത്തും നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വർഗ്ഗവാസികൾ ആ സംസ്കാരം സ്വീകരിച്ചിരിക്കും വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ:

അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. (10/25).

പരസ്പരം ഇടപെടാതിരിക്കൽ നയം എല്ലാ പുരുഷനും സ്ത്രീക്കും, മറ്റുള്ള സഹജീവികൾക്കും ഉപദ്രവമാകാതെ ജീവിക്കാനുള്ള സാധ്യത നല്കുന്നു. അത് മാത്രമാണ് സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സൂത്രവാക്യം.

പരസ്പരം ഇടപെടാതിരിക്കൽ നയം എല്ലാ മനുഷ്യനും

പുരോഗതിയിലേക്ക് വളരാനുള്ള അവസരം ഉറപ്പുനല്കുന്നു. പ്രപഞ്ചമാസകലം ആ സംസ്കാരം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യേതര ലോകത്ത് അത് പ്രകൃതീ നിയമത്തിന്റെ കീഴിലാണ് സ്ഥാപിതമായെതെങ്കിൽ, മനുഷ്യലോകത്ത് ആ സംസ്കാരം ഒരു നിർബ്ബന്ധവുംകൂടാതെ മനുഷ്യൻ തന്റെ സ്വതന്ത്ര ഇച്ഛ വിനിയോഗിച്ചുകൊണ്ടാണ് സ്വീകരിക്കേണ്ടത്. മനുഷ്യന്റെ ചിന്ത താനുണ്ടാക്കുന്ന തിരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. ആകയാൽ, ബൗദ്ധിക വികാസം മനുഷ്യ ലോകത്തിന്റെ മാത്രം പ്രതിഭാസമാണ്, മനുഷ്യേതര ലോകത്തിന്റേതല്ല.

# നാഗരികതയുടെ യുഗം

**പ്രാ**ചീന സമൂഹത്തിലെ സംസ്കാരത്തിന്റെ അവശിഷ്ട മാണ് അക്രമം. പ്രാചീന കാലത്ത് തങ്ങൾക്കിടയിലുള്ള പ്രശ്ന ങ്ങൾ പരിഹരിക്കാൻ അവർക്കറിയാവുന്ന ഏക മാർഗ്ഗം അക്രമ ത്തിന്റേത് മാത്രമായിരുന്നു. ശിലായുഗത്തിൽ രണ്ട് വ്യക്തികൾ തമ്മിൽ തർക്കമാരംഭിച്ചപ്പോൾ വൈര്യത്താൽ പരസ്പരം അവർ കല്ലെറിഞ്ഞു. കല്ലുകൾ കൂട്ടിമുട്ടിയപ്പോൾ അതിൽ നിന്ന് തീപ്പൊരി പുറപ്പെട്ടു. അവർ തർക്കം മറന്നുകൊണ്ട് തീപ്പൊരി പാറിയ, പ്രകൃതിയുടെ പ്രതിഭാസത്തിന്മേൽ ഗാഢമായി വിചി ന്തനം ചെയ്തു. ആ അനുഭവത്തിൽ നിന്ന് അവർ കണ്ടെത്തിയ ത്, കല്ലിൽ തങ്ങൾ കണ്ടെത്താത്ത ചിലത് മറഞ്ഞുകിടക്കുന്നു ണ്ട് എന്നായിരുന്നു. അതായത് കല്ലുകളിൽ വെളിച്ചമില്ല, അവ കൂട്ടിയുരസിയതിന്റെ ഫലമായിരുന്നു വെളിച്ചം. അത്തരം അനു ഭവങ്ങളായിരുന്നു പ്രകൃതീ നിയമങ്ങളുടെ പഠനത്തിന് കാരണ മായി ഭവിച്ചത്.

പ്രകൃതിയിൽ ചില നിയമങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ മനുഷ്യൻ സഹസ്രാബ്ദങ്ങളെടുത്തു. മാനവ രാശിയുടെ നേട്ടങ്ങൾക്കുവേണ്ടി പ്രകൃയുടെ സാധ്യതകൾ മന ലസ്സിലാക്കി, തങ്ങൾക്കവ ഉപയോഗപ്പെടുത്താവുന്നതാണെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞു. പ്രകൃതിയിൽ അന്തർലീനമായ സാധ്യ തകളെ സംബന്ധിച്ച കണ്ടുപിടുത്തത്തിന് മറ്റൊരു ഉദാഹരണ മാണ് സ്ടീം പവർ. അപ്രകാരം പ്രകൃതീ വിഭവങ്ങൾ ഉപയോ ഗപ്പെടുത്തിക്കൊണ്ടാണ് കാറുകളും വിമാനങ്ങളും നിർമ്മിച്ചത്. ആ രീതിയിൽ നീണ്ട കാലത്തിന് ശേഷം പാദാർത്ഥത്തെ സാങ്കേ തികതയിലേക്ക് മാറ്റാൻ സാധിച്ചു. ആ പ്രക്രിയ അനുസ്യൂതം

മാനവർക്കിടയിൽ തുടർന്നു.

ചക്രത്തിന്റെ കണ്ടുപിടുത്തത്തിനും ആധുനിക ആശയവിനിമയ മാർഗ്ഗങ്ങളുടെ വളർച്ചക്കുമിടയിൽ ഒരു നീണ്ട കാലഘട്ടം കടന്നുപോയി. ആ കാലഘട്ടത്തിലെ അന്വേഷണങ്ങളും കണ്ടുപിടുത്തങ്ങളും ആധുനിക നാഗരികതക്ക് വമ്പിച്ച സംഭാവന ചെയ്തു. കൂടാതെ, മനുഷ്യന്റെ ജീവിത ശൈലി പൂർണ്ണമായും മാറ്റുകയും ചെയ്തു. നാഗരിക ലോകത്തിന്റെ മഹത്തായ സവിശേഷത മനുഷ്യനെ കഷ്ടതകളിൽ നിന്നും മോചിപ്പിച്ച് സൗഖ്യത്തിന്റെയും സൗകര്യത്തിന്റെയും ജീവിതത്തിലേക്ക് നയിച്ചു.

ആധുനിക നാഗരികത മാനവതക്ക് സൗകര്യപ്രദമായ ജീവിതം പ്രദാനം ചെയ്തു. സുഖകരമായ യാത്ര, ആശയവിനിമയം സർവ്വ സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങൾ ഇവയെല്ലാം ജനങ്ങൾക്ക് നല്കി. ചുരുക്കത്തിൽ ജീവിതത്തിന്റെ നിഖില മേഖലകളും സൗകര്യപ്രദമാക്കി. നവ നാഗരികതയുടെ വികസനങ്ങൾ ആധുനിക ജീവിതത്തിന്റെ സകല പ്രവർത്തനങ്ങളെയും എളുപ്പമാക്കി. ഒരു വ്യക്തി വീട്ടിലായാലും ഓഫീസിലായാലും യാത്രയിലായാലും അവൻ സൗകര്യപ്രദമായ ജീവിതം ആസ്വദിക്കുന്നു. ഇന്ന് പരിഷ്കൃത ജീവിതമെന്നാൽ സൗകര്യപ്രദമായ ജീവിതമെന്നാണ്.

നാഗരികതയുടെ യുഗം യുദ്ധത്തിന്റെ യുഗത്തിന് സമർത്ഥമായി വിരാമം കുറിച്ചിരിക്കുന്നു. അടുക്കളയിൽ തീപ്പെട്ടിക്കും ലൈറ്ററിനും പകരമായി രണ്ട് കല്ലുകൾ ഉരസി തീകത്തിക്കാൻ ശ്രമിക്കുന്നത് അപ്രസക്തമായതുപോലെത്തന്നെ അപ്രസക്തമാണ് യുദ്ധവും അക്രമവും ഈ ആധുനിക കാലഘട്ടത്തിൽ.

ഇക്കാലത്ത് ഒരുവൻ അടുക്കളയിൽ തീ കത്തിക്കാൻ വേണ്ടി കാലോചിതമല്ലാത്ത പഴയ രീതി അവലംബിക്കാറില്ല. എന്നിരുന്നാലും, പ്രാചീനകാലത്തുമാത്രം പ്രസക്തമായിരുന്ന, പൂർണ്ണമായും അപരിഷ്കൃത രീതിയായ യുദ്ധവും അക്രമണവും ഒരു മാർഗ്ഗമായി ഇപ്പോഴും ചിലർ സ്ഥിരമായി തിരഞ്ഞെടുക്കുന്നു.

എന്തുകൊണ്ടാണ് ആധുനിക നാഗരിക യുഗത്തിൽ യുദ്ധത്തിന്റെ മാർഗ്ഗം പൂർണ്ണമായും ഉപേക്ഷിക്കപ്പെടാത്തത്?!

കാരണം, മനുഷ്യൻ പദാർത്ഥത്തെ സാങ്കേതിക വിദ്യയായി മാറ്റാനുള്ള രീതി കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും വൈവിധ്യങ്ങളെ കൈകാര്യം ചെയ്യുന്ന കല ഇപ്പോഴും അവികസിത ശാസ്ത്രമായി നിലനിൽക്കുകയാണ്.

നാനാത്വം പ്രകൃതിയുടെ ഭാഗമാണ്. ഒരുവന്റെ ബൗദ്ധിക വികാസത്തിനുള്ള പ്രേരകമാണ് നാനാത്വം. അഭിപ്രായ വ്യത്യാസമില്ലെങ്കിൽ ബൗദ്ധിക വികാസമുണ്ടാകില്ല. ആകയാൽ ഭിന്നത തിന്മയല്ല. നമ്മൾ ഭിന്നതകളെ കൈകാര്യം ചെയ്യുന്നതിൽ അയോഗ്യരാകുമ്പോഴാണ് പ്രശ്നങ്ങൾ ഉയരുന്നത്. പ്രകൃതിയിലെ കണ്ടുപിടുത്തങ്ങൾക്ക് യുക്തി ഉപയോഗിക്കപ്പെടുന്നതുപോലെ അഭിപ്രായ ഭേദങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് യുക്തി പ്രയോഗിക്കുകയാണ് ചെയ്യേണ്ടത്.

അഭിപ്രായ വ്യത്യാസം എപ്പോഴും മനുഷ്യ ജീവിതത്തിന്റെ ഭാഗമായിരുന്നു. പ്രാചീനകാലത്ത് ജനങ്ങൾ ഏറ്റുമുട്ടലിലൂടെയും പോരാട്ടത്തിലൂടെയുമായിരുന്നു പ്രശ്നങ്ങൾ തീർത്തിരുന്നത്. അത് അപരിഷ്കൃത മാർഗ്ഗമാണ്. സംസ്കാര സമ്പന്നമായ രീതി, അഭിപ്രായ വ്യത്യാസങ്ങളെ സമാധാന സംഭാഷണത്തിലൂടെ പരിഹരിക്കുക എന്നതാണ്.

പരിഷ്കാരത്തിന്റെ യുഗം ഇപ്പോഴും അപൂർണ്ണമാണ്. ഇതുവരെ ആ യുഗം നമുക്ക് നല്കിയത് ഭൗതിക സൗകര്യങ്ങളാണ്. നമുക്ക് ചിലതും കൂടെ നേടിയെടുക്കേണ്ടതുണ്ട്. പരിഷ്കൃത ശൈലിയിൽ ഭിന്നതകളെ സമാധാന മാർഗ്ഗത്തിലൂടെ തീർക്കുക എന്നതാണത്. അഭിപ്രായ വ്യത്യാസങ്ങളെ സമാധാനപരമായി എങ്ങനെ തീർക്കാമെന്ന് ജനങ്ങൾ മനസ്സിലാക്കുന്ന ദിവസം നാഗരിക യുഗം അതിന്റെ പരമ കാഷ്ഠയിൽ എത്തിയിട്ടുണ്ടാകും.

# രണ്ട് പ്രവാചകന്മാർ സൃഷ്ടിച്ച ഉദാഹരണങ്ങൾ

പ്രവാചകൻ യൂസുഫ് ഇസ്രായീലീ പരമ്പരയിലും പ്രവാചകൻ മുഹമ്മദ് ഇസ്മായീലീ പരമ്പരയിലുമായിരുന്നു. രണ്ടു പേരും സെമിറ്റിക്ക് മതങ്ങളാൽ അംഗീകരിക്കപ്പെട്ടവരാണ്. രണ്ടു പേരും മഹത്തായ വിജയം കൈവരിച്ചവരുമാണ്.

ബി സി ഏഴാം നൂറ്റാണ്ടിലായിരുന്നു പ്രവാചകൻ യൂസുഫ് പ്രാചീന ഈജിപ്തിൽ പ്രവേഷിച്ചത്. ആ കാലഘട്ടത്തിൽ ഹിക്സോസ് രാജാക്കന്മാരായിരുന്നു ഈജിപ്തിലെ ഭരണാധികാരികൾ. അവിടെ ഭക്ഷ്യ ക്ഷാമം ബാധിച്ച സമയത്ത് യൂസുഫ് നബി രാജ്യത്തെ പട്ടിണിയിൽ നിന്ന് രക്ഷിക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു. ആ ആസൂത്രണ വൈഭവ്യം കാരണമായി ഈജിപ്തിലെ രാജാവ് യൂസുഫ് നബിക്ക് തന്റെ ഭരണകാര്യ നിർവ്വഹണത്തിൽ ഉന്നത സ്ഥാനം നല്കി. രാജ്യത്തിലെ ഭക്ഷ്യ പകുപ്പിന്റെ ചുമതലയായിരുന്നു അത്.

രാജാവ് വാഗ്ദാനം ചെയ്ത സ്ഥാനം യൂസുഫ് നബി സ്വീകരിക്കുകയും, ഒരുപക്ഷെ മരണംവരെ അദ്ദേഹം ആ അധികാരത്തിൽ തുടരുകയും ചെയ്തു. വിശുദ്ധ ഖുർആൻ അതിനെ സംബന്ധിച്ച് പരാമർശ്ശിച്ചത് ഏറ്റവും നല്ല കഥ എന്നാണ്. എങ്ങനെയാണ് യൂസുഫ് നബിയുടെ കഥ ഏറ്റവും നല്ല കഥയായത്? വിവേകത്തിന്റെ പ്രയോഗം മൂലമായിരുന്നു അത് ഏറ്റവും നല്ല കഥയായി മാറിയത്. രാജ്യത്തിന്റെ പരമാധികാരം രാജാവിന്റെ കരങ്ങളിൽ നിലനിൽക്കുമ്പോൾത്തന്നെ പ്രവാചകൻ യൂസുഫ് ഒരു രാഷ്ട്രീയ ക്രമീകരണ സൂത്രവാക്യം സ്വീകരിച്ചു.

"ഏറ്റവും നല്ല കഥ" എന്ന, ഖുർആനിക വചനം സൂചിപ്പി

ക്കുന്നത് ഏറ്റവും നല്ല നയത്തെയാണ്. പ്രവാചകൻ യൂസുഫ് ഒരിക്കലും ഈജിപിതിലെ രാജാവിനെ സ്ഥാന ഭ്രഷ്ടനാക്കാൻ ശ്രമിച്ചില്ല. പകരം അന്ന് നിലവിലുള്ള രാഷ്ട്രീയ അന്തരീക്ഷം സ്വീകരിച്ചുകൊണ്ടുള്ള ഒരു നയ തന്ത്രമാണ് കൈകൊണ്ടത്. അതിന്റെ ഫലം മഹാത്ഭുതമായിരുന്നു. രാജ സിംഹാസനത്തിൽ തന്റെ അസ്തിത്വം ഇല്ലാതെതന്നെ രാജ്യത്തിലെ സകല വ്യവ ഹാരങ്ങളിലും സ്വതന്ത്രമായി ഇടപെടാൻ യോഗ്യനായിമാറി യൂസുഫ് നബി. ദൈവം തന്റെ പ്രവാചകനിലൂടെ ആ ഉദാഹ രണം കാണിച്ചത് ഒരുപക്ഷെ വരുംതലമുറക്ക് യൂസുഫ് നബി യുടെ പ്രവർത്തന രീതി പിന്തുടരാനും വിജയം കൈവരിക്കാനും വേണ്ടിയാവാം.

രണ്ടാമത്തെ ഉദാഹരണം പ്രവാചകൻ മുഹമ്മദിന്റെ[സ] ജീവിതമാണ്. കൃസ്താബ്ദം ഏഴാം നൂറ്റാണ്ടിന്റെ ആദ്യ പകു തിയിലാണ് പ്രവാചകൻ തന്റെ സന്ദേശത്തിന്റെ പ്രചാരണമാരം ഭിച്ചത്. ആ സമയത്ത് അറേബ്യ ബഹുദൈവാരാധനയുടെ മേഖ ലയായിരുന്നു. വിഗ്രഹാരാധനാ സംസ്കൃതിയുടെ കേന്ദ്രമായി രുന്നു മക്കാ പട്ടണം.

പ്രവാചകൻ ഏക ദൈവ വിശ്വാസം പ്രചരിപ്പിക്കാൻ ആരം ഭിച്ച നിമിഷം മുതൽ എല്ലാ ഗോത്ര നായകന്മാരും പ്രവാചകനെ എതിർത്തു. അവർ പ്രവാചകനും കൂട്ടുകാർക്കും എതിരെ എല്ലാ വിധ പ്രയാസങ്ങളും സൃഷ്ടിച്ചു. കൃസ്താബ്ദം 628 ആണ്ടിൽ മക്കയിൽ നിന്ന് പത്ത് മൈൽ അകലെയുള്ള ഹുദൈബിയയിൽ വെച്ച് പ്രവാചകൻ എതിർ കക്ഷികളുമായി അറേബ്യയിൽ സമാ ധാനം സ്ഥാപിക്കാനുള്ള ചർച്ചക്ക് നാന്ദിക്കുറിച്ചു. ഗോത്ര നേതാ ക്കന്മാർ, പ്രവാചകനും അനുയായികളും മുന്നോട്ടുവെച്ച ഒരു നിബന്ധനയും അംഗീകരിച്ചില്ല. എന്നിട്ടും, പ്രവാചകൻ വളരെ ബുദ്ധിപരമായിത്തന്നെ എതിർകക്ഷികളുടെ മുഴുവൻ നിബന്ധ നകളും അംഗീകരിക്കുകയും, അങ്ങനെ പത്തുവർഷം പരസ്പരം യുദ്ധം പാടില്ല എന്ന ഹുദൈബിയാ കരാർ പ്രഖ്യാപിക്കുകയും ചെയ്തു.

അതിനുശേഷം അറേബ്യയിൽ സാധാരണ അന്തരീക്ഷം നിലവിൽ വന്നു. പ്രവാചകൻ ഒരുനിമിഷം പോലും പാഴാക്കാതെ തന്റെ സന്ദേശം അറേബ്യയുടെ അകത്തും പുറത്തും വ്യാപിപ്പി

ച്ചു. അതിന്റെ ഫലം അത്ഭുതകരമായിരുന്നു. അറേബ്യ മുഴുവനും കുറഞ്ഞ വർഷത്തിനുള്ളിൽത്തന്നെ പ്രവാചകന്റെ ആദർശ്ശം സ്വീകരിച്ചു. ഹുദൈബിയാ കരാർ സമാധാന പൂർണ്ണമായ ശൈലിയുടെ ഒരു പ്രകടനമായിരുന്നു. ആ ശൈലി സ്വീകരിച്ചുകൊണ്ട് പ്രവാചകൻ അക്കാലഘട്ടത്തിലെ അറേബ്യയുടെ നായകത്വത്തിലേക്ക് ഉയർന്നു.

രാജ്യത്തിന്റെ ഭരണഘടനാപരമായ അധികാരം അംഗീകരിച്ചുകൊണ്ട് പ്രവാചകൻ യൂസുഫ് വിജയം നേടിയെടുത്തു. പകരം രാജാവ് യൂസുഫ് നബിക്ക് നല്കിയത് രാജ്യത്തിലെ രാഷ്ട്രീയ മണ്ഡലങ്ങളിലെ മുഴുവൻ വ്യവഹാരങ്ങളും കൈകാര്യം ചെയ്യാനുള്ള അവസരമായിരുന്നു. വ്യത്യസ്ത ശൈലിയിലാണെങ്കിലും അതേ രീതിതന്നെയായിരുന്നു പ്രവാചകൻ മുഹമ്മദും സ്വീകരിച്ചിരുന്നത്. ഗോത്ര തലവന്മാരുടെ രാഷ്ട്രീയ അധികാരം പ്രവാചകൻ അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയേതര മണ്ഡലങ്ങളിലെ മുവുവൻ അവസരങ്ങളെയും ബുദ്ധിപരമായി വിനിയോഗിച്ച് തന്റെ ദൗത്യ പ്രചരണം തുടർന്നു. ഫലം അത്ഭുതകരമായിരുന്നു. അറേബ്യയിലെ നായകനായി പ്രവാചകൻ ഉയർന്നു.

യൂസുഫ് നബിയുടെ രീതിയെ ഖുർആനിൽ പരാമർശ്ശിച്ചത് ഏറ്റവും നല്ല കഥ(12/3) എന്നാണ്. അതേ സമയം പ്രവാചകൻ മുഹമ്മദിന്റെ[സ] ആസൂത്രണത്തിന്റെ ഫലത്തെ ഖുർആൻ പരാമർശ്ശിച്ചത് വ്യക്തമായ വിജയം(48/1) എന്നാണ്. രണ്ട് ശൈലികളുടെയും അന്തഃസത്ത, രാഷ്ട്രീയ മണ്ഡലങ്ങളിൽ ഏറ്റുമുട്ടലിന്റെ മാർഗ്ഗം സ്വീകരിക്കാതെ രാഷ്ട്രീയേതര മണ്ഡലങ്ങളിലെ അവസരങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുക എന്നതായിരുന്നു. എന്നാൽ തീർച്ചയായും ഒരുവൻ വിജയിയായി ഉയർന്നുവരും.

പ്രവാചകൻ യൂസുഫും മുഹമ്മദും യഥാക്രമം അനുധാവനം ചെയ്ത രീതി അക്കാലഘട്ടത്തിൽ മാത്രം പ്രസക്തമായതല്ല. മറിച്ച്, ഏതുകാലത്തും പ്രായോഗികവും പ്രസക്തമവുമാണ്. വർത്തമാനലോകത്ത് അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കുപോലും ആ രീതി പ്രായോഗികമാണ്. ആകയാൽ ഈ തത്വം ആഗോള തത്വമാണ്.

# ഇസ്ലാം അഹിംസയുടെ മതം

**അ**ഹിംസയെന്നാൽ ഉദാസീനതയോ നിഷ്ക്രിയത്വമോ അല്ല. അത് പൂർണ്ണാർത്ഥത്തിൽ ഒരു പ്രവർത്തനം തന്നെയാണ്. മാത്രമല്ല, ഹിംസയെക്കാൾ കൂടുതൽ ശക്തമാണ് ആ പ്രവർത്തനം. ഹിംസാത്മക പ്രവർത്തന രീതിയെക്കാൾ കൂടുതൽ ശക്തവും ഫലപ്രദവും യഥാർത്ഥത്തിൽ അഹിംസാ രീതിയാണ്. ആ പ്രവർത്തനം അഹിംസയിൽ മാത്രം പരിമിതമല്ല. സർവ്വ കാര്യങ്ങളിലും അനുവർത്തിക്കപ്പെടേണ്ടൊരു പ്രവർത്തന രീതിയാണത്.

വ്യക്തികളോ വിഭാഗങ്ങളോ സമുദായങ്ങളോ സാധാരണ വല്ല പ്രശ്നവും നേരിടുമ്പോൾ പരിഹാരം കണ്ടെത്തുന്ന മാർഗ്ഗം അക്രമത്തിലേർപ്പെടുക എന്നതാവും. അക്രമവും ഏറ്റുമുട്ടലുകളും ഒഴിവാക്കി സമാധാനപരമായ മാർഗ്ഗത്തിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ് ഉചിതമായ മാർഗ്ഗം. സമാധാനപരമായ മാർഗ്ഗങ്ങൾ പല രൂപത്തിലാകാം. ഓരോ സന്ദർഭത്തിലും പ്രായോഗികമായ സമാധാന മാർഗ്ഗം തീരുമാനിക്കുന്നത് ബന്ധപ്പെട്ട പ്രശ്നത്തിന്റെ സ്വഭാവമാണ്.

അഹിംസ പഠിപ്പിക്കുന്ന മതമാണ് ഇസ്ലാം. അല്ലാഹു ഫസാദ്, അഥവാ അക്രമം ഇഷ്ടപ്പെടുന്നില്ലെന്ന് ഖുർആൻ പറയുന്നു. അവിടെ, ഫസാദ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് വചനം: 2/205 വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. ജീവനും സ്വത്തിനും വലിയ തോതിൽ നഷ്ടമുണ്ടാക്കുന്ന, സാമൂഹ്യ വ്യവസ്ഥക്ക് ഭംഗം സൃഷ്ടിക്കുന്ന പ്രവർത്തിക്കാണ് അടിസ്ഥാനപരമായി, ഫസാദ് എന്നുപറയുന്നത്.

അഹിസയെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. മനുഷ്യർക്കിടയിലെ ഹിംസാത്മക പ്രവർത്തനങ്ങളെ അല്ലാഹു വെറുക്കുന്നു. കാരണം, മനുഷ്യന്റെ ജീവനും സ്വത്തിനും അത് കനത്ത ന

ഷ്ടമുണ്ടാക്കും. ഖുർആനിലെ ധാരാളം പ്രസ്താവനകൾ അതിന് ഉപോത്ബലകമാണ്. ഉദാഹരണത്തിന്, സമാധാനം എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ ഒന്നാണെന്ന് ഖുർആൻ(59/23) നമ്മെ പഠിപ്പിക്കുന്നു. തൃപ്തി തേടുന്നവരെ അല്ലാഹു സമാധാനത്തിന്റെ പാതകളിലേക്ക് മാർഗ്ഗ ദർശനം ചെയ്യുമെന്നതിൽ സംശയമില്ലെന്ന് ഖുർആൻ(16/5) ഉറപ്പുനല്കുന്നു. അല്ലാഹുവിന്റെ തിരഞ്ഞെടുത്ത സമുദായത്തിനുള്ള അന്തിമ ലക്ഷ്യസ്ഥാനമായ സ്വർഗ്ഗത്തെക്കുറിച്ച്, സമാധാനത്തിന്റെ ഗേഹം എന്നാണ് ഖുർആനിൽ പരാമർശിക്കുന്നത്.

ഖുർആനിന്റെ ആത്മാവുതന്നെ ആ സങ്കല്പത്തിന്റെ സമഞ്ജസമാണ്. ഉദാഹരണത്തിന്, ക്ഷമക്ക് വലിയ പ്രാധാന്യമാണ് ഖുർആൻ(39/10) കല്പിക്കുന്നത്. അതുകൊണ്ടുതന്നെ കണക്കില്ലാത്ത പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ക്ഷമയുടെ സ്ഥാനം മറ്റെല്ലാ ഇസ്‌ലാമിക മൂല്യങ്ങൾക്കും ഉപരിയാണ്.

സമാധാനപരമായ പ്രതികരണമോ പ്രതിപ്രവർത്തനമോ ആണ് ക്ഷമയെങ്കിൽ, ഹിംസാത്മക രീതിയാണ് ക്ഷമകേട് ഉണ്ടാക്കുന്നത്. ആധുനിക കാലത്ത് അഹിംസയെന്ന് ഗണിക്കപ്പെടുന്ന ആശയമാണ്, സ്വബർ എന്ന പദം കൃത്യമായി അവതരിപ്പിക്കുന്നത്. ക്ഷമയെന്ന ആ അഹിംസാ പ്രവർത്തനത്തെ ഖുർആൻ സ്പഷ്ടമായി ആവിശഷ്കരിച്ചിട്ടുണ്ട്. ഒരു ഹദീസിലൂടെ റസൂൽ[സ] പ്രസ്താവിക്കുന്നു: ‘‘ഹിംസ(ഉൻഫ്)ക്ക് നല്കാത്ത പലതും അല്ലാഹു സൗമ്യത(രിഫ്ഖ്)ക്ക് നല്കുന്നു.” (അബൂദാവൂദ്: 4/25).

ഹദീസിൽ ‘ഉൻഫ്’ എന്നതിന്റെ വിപരീതാർത്ഥത്തിലാണ് ‘രിഫ്ഖ്’ എന്ന് പ്രയോഗിച്ചത്. ഇന്നത്തെ അഹിംസ, അക്രമം എന്നിവ തന്നെയാണ് ആ വാക്കുകളുടെ കൃത്യമായ അർത്ഥം. അഹിംസാ രീതിയുടെ ശ്രേഷ്ഠതയാണ് ഹദീസ് വ്യക്തമായി സൂചിപ്പിക്കുനന്ത്.

ഹിംസക്ക് നല്കാത്ത പലതും അല്ലാഹു അഹിംസക്ക് നല്കുന്നുവെന്നത് നിസ്സാര കാര്യമല്ല. വിശാലവും ഗഹനവുമായ സൂചനകളുണ്ട് അതിൽ. പ്രകൃതിയുടെ ഒരു ശാശ്വത നിയമത്തെയാണത് പ്രതീകവത്കരിക്കുന്നത്. അക്രമം തിന്മകളുമായും അഹിംസ നന്മകളുമായും ബന്ധപ്പെട്ടാണ് കിടക്കുന്നതെന്നത് ഒരു പ്രകൃതീ നിയമമാണ്.

ഹിംസാത്മക പ്രവർത്തനങ്ങൾ സമൂഹത്തിൽ വിദ്വേഷം

വളർത്തുന്നു. അതേസമയം, അഹിംസാ പ്രവർത്തനങ്ങൾ സ്നേഹം പുറത്തുകൊണ്ടുവരുന്നു. അക്രമം നശീകരണത്തിന്റെ വഴിയാണ്; അഹിംസ നിർമ്മാണത്തിന്റേതും. അക്രമത്തിന്റെ അന്തരീക്ഷത്തിൽ ശത്രുതയാണ് വളരുന്നത്; അഹിംസയിൽ സൗഹൃദവും. അക്രമ രീതികൾ നിഷേധാത്മക മൂല്യങ്ങൾ നല്കുമ്പോൾ ക്രിയാത്മക മൂല്യങ്ങളാണ് അഹിംസാ രീതികൾ അടയാളപ്പെടുത്തുന്നത്. അക്രമ രീതികൾ സമൂഹത്തെ പ്രശ്നങ്ങളിൽ അകപ്പെടുത്തുന്നു. എന്നാൽ, അവസരങ്ങളെ ചൂഷണം ചെയ്യുന്നതിലേക്കാണ് അഹിംസാ രീതികൾ മനുഷ്യനെ ക്ഷണിക്കുന്നത്. ചുരുക്കത്തിൽ അക്രമം മരണമാണ്; അഹിംസ ജീവിതമാണ്.

ഖുർആനും ഹദീസും ജിഹാദിന് വലിയ പ്രാധാന്യം നല്കിട്ടുണ്ട്. എന്നാൽ, എന്താണ് ജിഹാദ്? ജിഹാദ് എന്നാൽ പരിശ്രമിക്കുക, അഥവാ ഒരാളുടെ പരമാവധി കഠിന പ്രയത്നം നടത്തുക എന്നാണർത്ഥം. അക്രാത്മകമായ പോരാട്ടം എന്നതിന്റെ വിപരീതമായ, അഹിംസാത്മക പോരാട്ടം എന്നതിനും ആ പദം ഉപയോഗിക്കാമെന്ന് ആദ്യം നാം മനസ്സിലാക്കണം. ഖുർആനിലെ ഒരു വചനം അതിന് സ്പഷ്ടമായ തെളിവാണ്: “നിങ്ങൾ ഇതുകൊണ്ട്(ഈ ഖുർആൻ കൊണ്ട്) അവരോട് വൻ പോരാട്ടം നടത്തുക” (25/52).

ഖുർആൻ എന്നാൽ വാളോ തോക്കോ അല്ലല്ലോ. പ്രത്യയ ശാസ്ത്ര ഗ്രന്ഥമാണത്. അതിനാൽ, ഖുർആൻ കൊണ്ട് പോരാട്ടം നടത്തുക എന്നതിനർത്ഥം ഇസ്‌ലാമിന്റെ ശ്രേഷ്ഠമായ തത്വ ചിന്തകൾ മുഖേനെ ജനങ്ങളുടെ മനസ്സും ഹൃദയവും കീഴടക്കാനുള്ള പ്രത്യയ ശാസ്ത്രപരമായ പോരാട്ടം നടത്തുക എന്നതാണ്.

സമാധാന പരമായ പ്രവർത്തനത്തിന്റെ, അഹിംസാത്മക രീതിയുടെ അപര നാമമാണ് ജിഹാദ് എന്ന വസ്തുത ആ സൂക്തത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം. ‘ഖിതാൽ’ ഹിംസാത്മക പ്രവർത്തന രീതിയാണെങ്കിൽ ‘ജിഹാദ്’ അഹിംസാത്മക പ്രവർത്തന രീതിയാണ്.

# സമാധാന പൂർണ്ണമായ പ്രാരംഭം

"**വാ**യിക്കുക."

അതാണ് ആദ്യ വെളിപാടുസൂക്തത്തിലടങ്ങിയ കല്പന. ആ സൂക്തം അവലംബമാക്കി, ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ പ്രാരംഭം നമുക്ക് മനസ്സിലാക്കാം. സമാധാനപരമായ രീതിയിലൂടെ പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാനാകുമെന്ന പ്രതീക്ഷയിൽ നിന്നാണ് അത് ആരംഭിക്കുന്നത്. സംഘർഷഭരിതമായ അവസ്ഥകളിൽ അത് അസാധ്യമാകും.

"വായിക്കുക." എന്ന കല്പന അവതരിച്ചപ്പോൾ ഒരു പ്രസ്ഥാനത്തിന്റെ പ്രാരംഭത്തിന് തിരഞ്ഞെടുക്കാൻ വേണ്ട പല അവസരങ്ങളും മക്കയിൽ ലഭ്യമായിരുന്നു. ഉദാഹരണത്തിന്, കഅബയിൽ പ്രതിഷ്ഠിക്കപ്പെട്ട മുന്നൂറ്ററുപതോളം വിഗ്രഹങ്ങളിൽ നിന്ന് കഅബയെ സംസ്കരിക്കാനുള്ള ശ്രമം നടത്തുക എന്നതായിരുന്നു അതിലൊന്ന്. എന്നാൽ ആ രീതി തുടർന്നാൽ ആ ഒരു ഘട്ടത്തിൽ ഖുറൈശികളിൽ നിന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തിന് അക്രമവും തിരിച്ചടിയും നേരിടേണ്ടിവരുമായിരുന്നു. മക്കയിലെ പാർല്ലമെന്റായ ദാറുന്നദുവയിൽ ഒരു സീറ്റ് നേടാനുള്ള ശ്രമം നടത്തുകയായിരുന്നു മറ്റൊരു മാർഗ്ഗം. അക്കാലത്ത് അറേബ്യ മിക്കവാറും റോമൻ, സാസാനിയൻ സാമ്രാജ്യങ്ങളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനത്തിലായിരുന്നു. ആ സ്വാധീനങ്ങളിൽ നിന്ന് അറേബ്യയെ സ്വതന്ത്രമാക്കുക ഒരു മാർഗ്ഗമായി സ്വീകരിച്ചുവെങ്കിലും ഖുറൈശികളുടെ ഭാഗത്തുനിന്ന് പെട്ടെന്നുള്ള അക്രമം അഭിമുഖീകരിക്കേണ്ടതുണ്ടായിരുന്നു.

ആ സാധ്യതകളെല്ലാം കൈവെടിഞ്ഞ് പ്രവാചകൻ പിന്തുടർന്ന മാർഗ്ഗം ഖുർആനിന്റെ അധ്യാപനമായിരുന്നു. സമാധാനപരമായ രീതിയിലൂടെ തുടർന്ന പ്രവർത്തനമായിരുന്നു അത്. അത്ത

രമൊരു പ്രവർത്തനം അക്രമാത്മകമായ പ്രതികരണങ്ങൾക്കൊന്നും ഇടയാക്കുമായിരുന്നില്ല.

ജീവിതത്തിലുടനീളം ആ തത്വമാണ് മുഹമ്മദുനബിസ അനുവർത്തിച്ചത്. അക്രമ രീതിക്ക് പകരം അഹിംസാ രീതിക്ക് മുൻഗ്ഗണന നല്കുകയെന്നതായിരുന്നു പ്രവാചക നയം. ആ നയത്തെക്കുറിച്ചാണ് പ്രവാചക പത്നി ആയിശ'യുടെ വാക്കുകൾ: "രണ്ടിലൊരു മാർഗ്ഗം തിരഞ്ഞെടുക്കേണ്ടിവരുന്ന അവസരങ്ങളിലെല്ലാം എളുപ്പമുള്ള മാർഗ്ഗമാണ് പ്രവാചകൻസ തിരഞ്ഞെടുത്തിരുന്നത്." (ഫതഹുൽ ബാരി: 6/654).

അക്രമോത്സുക പ്രവർത്തനങ്ങളെക്കാൾ അഹിംസാത്മക രീതികൾക്കുള്ള നേട്ടങ്ങളെന്താണ്? അവ സംക്ഷിപ്തമായി പ്രസ്താവിക്കാം:

1. പ്രകൃത്യാ പരസ്പര വിരുദ്ധമായ രണ്ട് കഴിവുകൾ ഓരോ മനുഷ്യനിലും ഉണ്ടെന്ന് ഖുർആൻ(12/53, 75/26) പറയുന്നു. ആദ്യത്തേത് ഈഗോ, രണ്ടാമത്തേത് മനഃസാക്ഷി. നഫ്സ് അൽ അമ്മാറ, നഫ്സ് അൽ ലവ്വാമ എന്നിങ്ങനെ അവ യഥാക്രമം അറിയപ്പെടുന്നു. ഈഗോയെ ഉണർത്തുകയാണ് അക്രമ രീതി സദാ ചെയ്യുന്നത്. സാമൂഹ്യ സന്തുലിതാവസ്ഥയുടെ തുടർച്ചക്കാണ് അത് കാരണമാവുക. അതേ സമയം, അഹിംസാ രീതി മനുഷ്യന്റെ മനഃസാക്ഷിയെയെയാണ് ഉണർത്തുന്നത്. ആത്മ പരിശോധനക്കും സ്വയം വിചാരണക്കും അത് മനുഷ്യന് അവബോധം നല്കുന്നു. ഖുർആനിക വീക്ഷണത്തിൽ അതിന്റെ അത്ഭുതകരമായ ഫലം "നിന്റെ കടുത്ത ശത്രു ആത്മ മിത്രമായി മാറുന്നു" എന്നതാണ് (4/34).

2. സമയം പാഴാവുന്നില്ല എന്നതാണ് അഹിംസാ രീതികൾ പിന്തുടരുമ്പോഴുണ്ടാകുന്ന വലിയ ഒരു ഗുണം. ഏതൊരു സാഹചര്യത്തിലും ലഭ്യമായ അവസരങ്ങളെ പൂർണ്ണമായ രീതിയുൽചൂഷണം ചെയ്യാൻ സാധിക്കുന്നു. ഹുദൈബിയയിലെ യുദ്ധമില്ലാ കരാറിന് ശേഷം സംഭവിച്ചത് ഉദാഹരണം. ഫലശൂന്യമായ സായുധ യുദ്ധങ്ങളിൽ പിന്തിരിഞ്ഞോടുന്നതിന് പകരം വിശ്വാസികളുടെ ഊർജ്ജം സമാധാനപരവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിൽ വിനിയോഗിക്കാൻ ആ സമാധാന കരാർ വഴിയൊരുക്കുകയാണ് ചെയ്തത്. സൈനിക നീക്കങ്ങളിലൂടെ സാമൂഹ്യ പാരമ്പര്യങ്ങളെ തകർക്കുന്നുവെന്നതാണ് ഹിംസാത്മക പ്രവർത്തന

രീതിയുടെ ഏറ്റവും വലിയ അപടകടങ്ങളിലൊന്ന്. നേരെ മറിച്ച്, സാമൂഹ്യ പാരമ്പര്യങ്ങൾ യൊതൊരു കോട്ടവുമില്ലാതെ ആരംഭിക്കാനും മുന്നോട്ട് കൊണ്ടുപോകാനും സാധിക്കുന്നുവെന്നതാണ് അഹിംസാ രീതിയിൽ നിന്ന് ഉണ്ടാകുന്ന മഹത്തായ പ്രയോജനം.

പൊതുവെ ഹിംസാത്മക രീതിയിലൂടെ, നിലനിൽക്കുന്ന വ്യവസ്ഥകളെ മാറ്റിമറിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യാനുള്ള ശ്രമങ്ങൾ വിപരീത ഫലം സൃഷ്ടിക്കുന്നതാണെന്ന് പറയാം. ഒരു അട്ടിമറി പലപ്പോഴും തുടർച്ചയായ അട്ടിമറികളുടെയും പ്രതി വിപ്ലവങ്ങളുടെയും അടയാളമാണ്. മാറ്റങ്ങൾ അനുവദിക്കുന്നതാണ് യഥാർത്ഥത്തിൽ ഹിതകരമായ വിപ്ലവം. അഹിംസയുടെ അടിത്തറയിൽ നിന്നേ ആ ലക്ഷ്യം നേടാനാകൂ.

# വിജയം അഹിംസയിലൂടെ

**ആ**ദ്യകാലത്തും തുടർന്നും ഇസ്‌ലാം നേടിയ എല്ലാ മഹാ വിജയങ്ങളും സാധ്യമായത് അഹിംസാ രീതികളിലൂടെ ആയിരുന്നു. ചില വിജയങ്ങളുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

1. പ്രവാചകത്വത്തിന്റെ 23 വർഷക്കാലത്തിൽ ആദ്യത്തെ 13 വർഷം പ്രവാചകൻ$^{സ}$ മക്കയിലായിരുന്നു ചെലവഴിച്ചിരുന്നത്. ആ സമയത്തൊക്കെ സമാധാന വാദമായിരുന്നു പൂർണ്ണമായും പ്രവാചകന്റെ നിലപാട്. സംഘർഷങ്ങൾക്ക് കാരണമായിത്തീരാവുന്ന പല വിഷയങ്ങളും അന്ന് മക്കയിൽ ഉണ്ടായിരുന്നു. പക്ഷെ, അത്തരം വിഷയങ്ങളെല്ലാം സോത്സാഹം മാറ്റിവെച്ച് ദിവ്യ വചനത്തിന്റെ സമാധാനപരമായ പ്രബോധന മണ്ഡലങ്ങളിലാണ് പ്രവാചകൻ കണിശമായ ശ്രദ്ധ പുലർത്തിയത്. ആ കാലഘട്ടത്തിലെ ശക്തമായ ദഅവാ പ്രവർത്തനത്തിന്റെ നിർവ്വഹണത്തിന് അതാണ് കാരണമായത്. പിൽക്കാലത്തെ ഇസ്‌ലാമിക ചരിത്രം രൂപപ്പെടുത്തിയെടുത്ത അബൂബക്കർ സിദ്ദീഖ്, ഉമർ അൽ ഫാറൂഖ്, ഉസ്മാൻ ഇബിനു അഫാൻ, അലി ഇബിനു അബൂത്വാലിബ് തുടങ്ങിയ, ഉന്നത സ്വഭാവ ശ്രേഷ്ഠരായ വ്യക്തികൾ ഇസ്‌ലാമിക സഞ്ചയത്തിലേക്ക് കടന്നുവന്നുവെന്നതാണ് ആ പതിമൂന്ന് കൊല്ലക്കാലത്തെ ദഅവാ പ്രവർത്തനത്തിന്റെ മഹത്തായ നേട്ടങ്ങലളിലൊന്ന്.

2. മക്കയിൽ ഖുറൈശീ നേതാക്കൾ പ്രവാചകനെതിരെ യുദ്ധത്തിന് ഒരുങ്ങിനിന്നപ്പോൾ പ്രതികാരത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നതിനുപകരം രഹസ്യമായി മദീനയിലേക്ക് പലായനം ചെയ്യുകയാണ് പ്രവാചകൻ$^{സ}$ ചെയ്തത്.

പലായനം എന്നത് പ്രകൃതിയിൽത്തന്നെ അഹിംസാ പ്രവർത്തനത്തിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ്. മദീനയെ

സുശക്തമായൊരു ഇസ്ലാമിക കേന്ദ്രമാക്കിമാറ്റുന്നതിന് പ്രവാചകനും ഇരുന്നൂറോളം വരുന്ന അനുചരന്മാർക്കും സമാധാനപരമായ ആ തന്ത്രം സഹായകമായി. സമാധാനപരമായ ആ പലായനത്തിന് പകരം ഏറ്റുമുട്ടലിന്റെ പാത സ്വീകരിച്ചിരുന്നുവെങ്കിൽ ഇസ്ലാമിക ചരിത്രം ആരംഭത്തിൽത്തന്നെ മക്കയിൽ കുഴിച്ചുമൂടപ്പെടുമായിരുന്നു.

3. പലായനത്തിന് ശേഷം പ്രവാചകനെതിരെ യുദ്ധം ചെയ്യാൻ ശത്രുക്കൾ ഏകപക്ഷീയമായ തീരുമാനമെടുത്തു. തൽഫലമായാണ് ബദർ, ഉഹദ് പോലുള്ള രക്ത രൂഷിത യുദ്ധങ്ങൾ നടന്നത്. ശേഷം ശത്രുക്കളുടെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ച്, ഹുദൈബിയാ സന്ധി എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന, പത്തു വർഷക്കാലത്തെ സമാധാനക്കരാർ ഉണ്ടാക്കി. സ്പഷ്ടമായ വിജയം എന്നാണ് ഖുർആൻ അതിനെ വിശേഷിപ്പിച്ചത്. സമാധാന പരവും നിർമ്മാണാത്മകവുമായ പ്രവർത്തനങ്ങൾക്ക് വഴി തെളിയിച്ച് ആത്യന്തികമായി മക്കയുടെയും മൊത്തം അറേബ്യയുടെയും കീഴടക്കൽ സാധ്യമാക്കിയത് ആ സമാധാന സന്ധിയാണെന്ന് കാണാം.

4. ഖലീഫമാരുടെ കാലം കഴിഞ്ഞതോടെ ബനൂ ഉമയ്യത്തിന്റെയും ബനൂ ഹാശിമിന്റെയും ഇടയിൽ രക്ത രൂഷിതമായ യുദ്ധം നടന്നു. ഒരു ദശകത്തോളം ഇസ്ലാമിന്റെ പുരോഗതിക്ക് അത് തടസ്സമായി. യുദ്ധരംഗത്തുനിന്ന് ഹസൻ ഇബിനു അലിയുടെ സ്വേഷ്ട പ്രകാരമുള്ള പിൻവ്വാങ്ങലാണ് ആ പ്രക്രിയയെ വീണ്ടും ചലനാത്മകമാക്കിയത്. അഹിംസാ പ്രവർത്തനത്തിന്റെ പ്രായോഗിക രൂപങ്ങളിലൊന്നാണിതെന്ന് നിഷേധിക്കാനാവില്ല. ഹസൻ ഇബിനു അലിയുടെ സമാധാനപരമായ ആ നടപടിയാണ് പുരോഗതിയുടെ കൊട്ടിയടക്കപ്പെട്ട കവാടങ്ങൾ ഇസ്ലാമിന് വീണ്ടും തുറന്നുകൊടുത്തത്.

5. അബ്ബാസിയ്യാ ഖിലാഫത്തിന്റെ അവസാന കാലങ്ങളിൽ സമർഖന്ദ് മുതൽ അലപ്പോ വരെയുള്ള മുസ്ലീം ലോകത്തെ ഒന്നടങ്കം തകർത്ത് മംഗോളിയൻ വംശങ്ങൾ മുസ്ലീം ലോകത്തെ അക്രമിച്ചു. അതോടെ ഇസ്ലാമിക ചരിത്രം, കുറെ കാലത്തേക്കെങ്കിലും നിഷശ്ചലമായി. ആ സമയത്താണ് മുസ്ലീങ്ങൾക്കിടയിൽ ദഅവാ പ്രവർത്തനത്തിന്റെ ഊർജ്ജം പിറവിയെടുക്കുന്നത്. ഫലമോ, ഭൂരി

ഭാഗം മംഗോളിയരും ഇസ്ലാമിലേക്ക് കടന്നുവന്നു. ആ അത്ഭുതം ഒരു ഓറിയന്റലിസ്റ്റ് വിവരിച്ചത് ഇങ്ങനെ: "തങ്ങളുടെ ആയുധങ്ങൾ പരാജയപ്പെട്ടയിടങ്ങളിൽ മുസ്ലീങ്ങളുടെ മതം അതിജയിച്ചു."

6. ഖലീഫമാർക്ക് ശേഷം ഭരണ സംവ്വിധാനങ്ങളിൽ ജീർണ്ണത വ്യാപിക്കുകയും ഖിലാഫത്ത് ഏകാധിപത്യ വാഴ്ചക്ക് വഴിമാറുകയും ചെയ്ത കാലം ഇസ്ലാമിക ചരിത്രത്തിൽ നിർണ്ണായകമായതായിരുന്നു. ഭരണാധികാരികളും ഭരണീയരും തമ്മിൽ ഏറ്റുമുട്ടലുകൾക്കും സംഘർഷങ്ങൾക്കും കാരണമായിത്തീർന്ന നിരവധി ഘടകങ്ങൾ ആ ഘട്ടത്തിൽ ഉയർന്നുവന്നു. എന്നാൽ പ്രവാചകന്റെ മാർഗ്ഗ ദർശ്ശനം പിന്തുടർന്ന് രാഷ്ട്രീയപരമായ ഏറ്റുമുട്ടലുകൾ മുസ്ലീങ്ങൾ കൈവെടിഞ്ഞു. അമവീ ഖിലാഫത്ത് തൊട്ട് ആരംഭിക്കുന്ന ആ ചരിത്രം നൂറ്റാണ്ടുകൾ തുടർന്നു. താബിഉകൾ, ഹദീസ് പണ്ഡിതർ, ഫുഖഹാക്കൾ, ഉലമാക്കൾ, സൂഫികൾ, പണ്ഡിതർ തുടങ്ങിയവരടങ്ങിയ അവരുടെ പിൻ തലമുറക്കാരുടെയെല്ലാം ഭരണാധികാരികളുമായുള്ള ഏറ്റുമുട്ടലുകളെല്ലാം കരുതലോടെ കയ്യൊഴിഞ്ഞതിനാലാണ് അത് സാധ്യമായത്.

ഒരു ഭാഗത്ത് രാജ്യങ്ങളിൽ സമാധാനപരമായ ദഅവാ പ്രവർത്തനങ്ങാളാരംഭിച്ചപ്പോൾ മറുഭാഗത്ത് ഹദീസ്, ഫിഖ്ഹ് തുടങ്ങിയ മറ്റിതര ഇസ്ലാമിക ശാസ്ത്രങ്ങളെല്ലാം വലിയ തോതിൽ നിലവിൽ വന്നത് ആ കാലത്തായിരുന്നു. നമ്മുടെ ലൈബ്രറികളെ അലങ്കരിക്കുന്ന അമൂല്യമായ കൃതികളും ഇസ്ലാമിലെ ക്ലാസിക്കൽ സാഹിത്യങ്ങളും സമാധാനപരമായ ആ പ്രവർത്തനങ്ങളുടെ ഫലമാണ്.

ഉദാഹരണത്തിന് ഇസ്ലാമിൽ ഖുർആനിന് ശേഷം ശരീഅത്തിലെ സ്രോതസ്സെന്ന നിലയിലുള്ളത് ഹദീസാണ്. ആ ഹദീസുകൾ അച്ചടിക്കപ്പെട്ട ഗ്രന്ഥരൂപത്തിലാണ് ഇന്ന് നിലനിൽക്കുന്നത്. ഹദീസുകളുടെ അഭാവത്തിൽ ഇന്നുകാണുന്നതുപോലെ ഇസ്ലാമിനെ ഒരു സമ്പൂർണ്ണ വ്യവസ്ഥയായി വികസിപ്പിച്ചെടുക്കുക ആസാധ്യമായേനെ. ഉമവികളുടെയും അബ്ബാസികളുടെയും കാലത്ത് രാഷ്ട്രീയാവസ്ഥ അധഃപതിച്ചുതുടങ്ങിയപ്പോൾ ആ പതിനായിരക്കണക്കിന് ഹദീസുകൾ എവിടെയായിരുന്നു? മത പണ്ഡിതന്മാരുടെ ഓർമ്മകളിലാണ് അവ നിലനിന്നത്. ആ പൈതൃകം നമ്മുടെ

കൈകളിലേക്ക് കൈമാറിക്കൈമാറിത്തന്ന ആധികാരികന്മാരുടെ കണ്ണികൾ ഹദീസ് ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. അക്രമോത്സുക പ്രവർത്തന രീതിയും മർദ്ദക ഭരണാധികാരികൾക്കെതിരെയുള്ള ഏറ്റുമുട്ടലുകളുമാണ് അവർ തത്വമായി സ്വീകരിച്ചതെങ്കിൽ അവരൊക്കെ വധിക്കപ്പെടുമായിരുന്നു. ചരിത്ര ഗ്രന്ഥങ്ങളിൽ സ്ഥാനം നേടുന്നതിന് പകരം അവർ ചരിത്രത്തോടൊപ്പം ഖബറടക്കപ്പെടുമായിരുന്നു. അഹിംസയെന്ന തത്വം സ്വീകരിച്ചതിനാലാണ് ആ ഹദീസുകൾ അത്ഭുതകരമാം വിധം ഗ്രന്ഥങ്ങളുടെ രൂപത്തിൽ ഇന്നും നിലനിൽക്കുന്നതും നമ്മുടെ ലൈബ്രറികളെ അലങ്കരിക്കുന്നതും.

# രാഷ്ട്രീയ വിപ്ലവങ്ങൾ നിയമ വിരുദ്ധം

**ഹ**ദീസ് ഗ്രന്ഥങ്ങളിലെ കിത്താബ് അൽ ഫിതൻ എന്ന അധ്യായത്തിൽ വിശാലമായ ഹദീസുകൾ പ്രതിപാദിക്കുന്നത് നമുക്ക് കാണാം. പിൽക്കാലകത്ത് ഭരണാധികാരികളിൽ വ്യതിച ലനങ്ങൾ സംഭവിച്ച് അവർ സ്വേച്ഛാധിപതികളും നീതി രഹിതരു മാകുമെന്നും എന്നാൽ മുസ്‌ലീങ്ങൾ അവർക്കെതിരെ വാളുപയോ ഗിക്കരുതെന്നും പ്രവാചകന്റെസ സ്പഷ്ടമായ വാക്കുകളുണ്ട്. ആടു കളും ഒട്ടകങ്ങളുമായി മലമുകളിലേക്ക് നീങ്ങുന്നതാവും അന്ന വർക്ക് ഗുണകരം.

രാഷ്ട്രീയ സ്ഥാപനങ്ങൾ ജീർണ്ണിക്കുമ്പോൾ നിലനിൽക്കുന്ന അരാഷ്ട്രീയ മണ്ഡലങ്ങളിലെ അവസരങ്ങളാണ് ആടുകളും ഒട്ട കങ്ങളും കൊണ്ട് അർത്ഥമാക്കുന്നത്. രാഷ്ട്രീയ മണ്ഡലങ്ങളിലെ ഏറ്റുമുട്ടലുകളും യുദ്ധങ്ങളും ഒഴിവാക്കി അത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്നാണ് പ്രവാചക കല്പനയുടെ സാരം. രാഷ്ട്രീയ പ്രശ്നങ്ങളെ അവഗണിച്ച് രാഷ്ട്രീയേതര അവസരങ്ങളെ ഉപയോഗപ്പെടുത്തണമെന്ന് ചുരുക്കം.

ആ പ്രവാചക കല്പന അനുസരിച്ചാണ് പിൽക്കാലത്തെ പണ്ഡിതന്മാർ, ഭരണാധികാരികൾക്കെതിരെയുള്ള കലാപങ്ങൾ നിയമവിരുദ്ധമാണെന്ന അഭിപ്രായ സമന്വയം രൂപപ്പെടുത്തിയത്.

സ്വഹീഹ് മുസ്‌ലീമിലെ ഒരു ഹദീസ് (കിത്താബ് അൽ ഉമ റാ) വ്യാഖ്യാനിച്ച് ഇമാം നവവി നീരീക്ഷിക്കുന്നു: “അധികാരവു മായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഭരണാധികാരികളുമായി നിങ്ങൾ സംഘർഷത്തിലേർപ്പെടരുത്. ഇസ്‌ലാമിക കല്പനക്കെതിരെ പ്രവർത്തിക്കുന്നുവെന്ന് കണ്ടാൽ വിവേക പൂർണ്ണമായ വാക്കുകളും ഉപദേശങ്ങളും മുഖേനെ അവർക്ക് സത്യം വ്യക്തമാക്കിക്കൊടു ക്കുകയാണ് വേണ്ടത്. അവരെ അധികാര ഭ്രഷ്ടരാക്കാൻ വേണ്ടി

നടത്തുന്ന കലാപങ്ങളും യുദ്ധങ്ങളും പണ്ഡിതന്മാരുടെ അഭിപ്രായ സമന്വയപ്രകാരം പൂർണ്ണമായും നിയമ വിരുദ്ധമാണ്, ഭരണാധികൾ അക്രമികളോ തെമ്മാടികളോ ആയാൽപ്പോലും." (സ്വഹീഹ് മുസ്‌ലിം: 12/229)

അത്തരം പരിഗണനകളാണ് ഉപരിസൂചിത പ്രവാചക കല്പ നയുടെ ആധാരം. യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ പിന്നീടുള്ള ഘട്ടംപോലെ ദഅവയും നവോത്ഥാന പ്രവർത്തന ങ്ങളും നിർവ്വഹിക്കപ്പെടേണ്ടതുണ്ടായിരുന്നു. അവയെ ഒഴിച്ചുനിർത്തി യുള്ള ഇസ്‌ലാമിക ചരിത്രം അപൂർണ്ണമാകും. രാഷ്ട്രീയ സ്ഥാപ നങ്ങൾക്കെതിരെ ഭീഷണി ഉയർത്തി പണ്ഡിതന്മാർ നിലകൊണ്ടി രുന്നെങ്കിൽ നിർമ്മാണാത്മകമായ പ്രവർത്തനം അസാധ്യവും അപൂർണ്ണവുമാകുമായിരുന്നു. അതുകൊണ്ടാണ് രാഷ്ട്രീയ സ്ഥാപ നങ്ങളുമായുള്ള ഏറ്റുമുട്ടൽ പ്രവാചകൻസ അസന്നിഗ്ധമായി വില ക്കിയത്. രാഷ്ട്രീയേതരമായ നിർമ്മാണാത്മക പ്രവർത്തനം ഒരു തടസ്സവുമില്ലാതെ നിർവ്വഹിക്കാൻ സാധിക്കുമെന്നാണ് അത്തരം സ്പർദ്ധകളുടെ ഒഴിവാക്കലിലൂടെ ഉറപ്പുവരുത്തുന്നത്.

ഏതൊരു സമൂഹത്തിലും രണ്ട് വ്യവസ്ഥകൾ ഓരോ പക്ഷ ത്തുമായി ഉണ്ടാകും. ഒന്ന് രാഷ്ട്രീയം; രണ്ടാമത്തേത് അരാഷ്ട്രീ യം. രണ്ടാമത്തേത് നിരവധി രാഷ്ട്രീയേതര സ്ഥാപനങ്ങളിലൂടെ യാണ് സ്ഥാപിക്കപ്പെടുന്നത്. ഇസ്‌ലാമിന്റെ പദ്ധതിയനുസരിച്ച് സാമൂഹ്യ തലത്തിൽ സ്ഥാപിതമായ രാഷ്ട്രീയ സ്ഥാപനങ്ങൾ എപ്പോഴും സ്ഥിരമായി നിലനിൽക്കണം. രാഷ്ട്രീയ സ്ഥാപനങ്ങൾ ജീർണ്ണിക്കുമ്പോൾ അഥവാ മാറുമ്പോൾ ഇസ്‌ലാമിനെ രാഷ്ട്രീയേ തര വ്യവസ്ഥയിൽ സുസ്ഥിരമായി സ്ഥാപിക്കാൻ അപ്പോൾ തുടർച്ച യായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കും.

# യുദ്ധാഹ്വാനം ഇസ്‌ലാമിൽ

**യു**ദ്ധത്തിനുള്ള(ഖിതാൽ) ആഹ്വാനം ഉൾക്കൊള്ളുന്ന നിരവധി സൂക്തങ്ങൾ ഖുർആനിൽ ഉണ്ടെന്നുള്ളത് വാസ്തവമാണ്.

1. വിശ്വാസികൾക്ക് ഏതുതരത്തിലുള്ള അക്രമമോ യുദ്ധമോ പൂർണ്ണമായും നിരോധിക്കപ്പെട്ടതല്ല എന്നതാണ് ആദ്യമായി മനസ്സിലാക്കേണ്ട സംഗതി. ചില നിബന്ധനകളോടെ അത് അനുവദനീയമാണ്. ഖുർആൻ സ്പഷ്ടമായ രീതിയിൽ കല്പിക്കുന്നു: "നിങ്ങളോട് യുദ്ധം ചെയ്യുന്നവർക്കെതിരെ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം കാണിക്കരുത്." 2/190.

2. പ്രതിരോധപരമായ യുദ്ധങ്ങൾ മാത്രമെ ഇസ്‌ലാം അനുവദിക്കുന്നുള്ളു. ഏതെങ്കിലും കക്ഷികൾ അക്രമം നടത്തുമ്പോൾ ആത്മ പ്രതിരോധത്തിനുവേണ്ടി സത്യവിശ്വാസികൾ നടത്തുന്ന യുദ്ധമാണത്. വിദ്വേഷം തുടങ്ങിവെക്കാൻ മുസ്‌ലീങ്ങൾക്ക് അനുവാദമില്ല. ഖുർആൻ പറയുന്നു: "അവരാണല്ലോ ആദ്യ തവണ നിങ്ങളോട് യുദ്ധം തുടങ്ങിയത്."

മാത്രമല്ല, ശത്രുക്കളാരെങ്കിലും അക്രമ പ്രവർത്തനം നടത്തുന്ന പക്ഷം തൽക്ഷണം പ്രതികാരം ചെയ്യാൻ വിശ്വാസികൾക്ക് അനുവാദമില്ല. പകരം യുദ്ധം ഇല്ലാതാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയാണ് വേണ്ടത്. ഒഴിവാക്കൽ അസാധ്യമാകുമ്പോഴേ പ്രതിരോധത്തിനായി യുദ്ധം ചെയ്യാൻ പാടുള്ളു.

3. ലക്ഷ്യത്തോട് ആപേക്ഷികമായി സമയ ബന്ധിതമായ ഒരു യുദ്ധരീതി മാത്രമെ പാടുള്ളുവെന്ന് ഖുർആൻ പറയുന്നു. "ഫിതന അവസാനിപ്പിക്കാൻ വേണ്ടി" ആവണം അത്.

ആ സൂക്തത്തിലെ ഫിതന സൂചിപ്പിക്കുന്നത് മതപീഡനത്തിലേക്കെത്തിച്ചേരുന്ന ബലാൽക്കാര വ്യവസ്ഥകളാണ്. പണ്ട് ബല

പ്രയോഗ രാഷ്ട്രീയ വ്യവസ്ഥ ലോകത്താകമാനം പ്രബലമായിരുന്നു. ആത്മീയവും ഭൗതികവുമായ സർവ്വ പുരോഗതിയുടെയും വാതിലുകൾ ആ പരമാധികാര വാദം കൊട്ടിയടച്ചിരുന്നു. ആ സമയത്ത് മനുഷ്യർക്ക് ആത്മീയവും ഭൗതികവുമായ പുരോഗതിയുടെ വാതിലുകൾ തുറന്നുകൊടുക്കാൻ വേണ്ട സ്വാതന്ത്ര്യം സൃഷ്ടിച്ചെടുക്കുന്നതിന് ആ അധികാര വ്യവസ്ഥ തകർക്കാൻ കല്പിക്കുകയാണുണ്ടായത്.

പ്രവാചകന്റെ ജീവിത കാലത്തുതന്നെ അറേബ്യയിൽ ആഭ്യന്തര തലത്തിൽ ആ ദൗത്യം നടപ്പാക്കുകയും വിജയകരമായി പര്യവസാനിക്കുകയും ചെയ്തിരുന്നു. ശേഷം ഖലീഫമാരുടെ കാലത്ത് വിശിഷ്ടമായ ദൈവിക സഹായത്താൽ ബൈസാന്റിയൻ, സാസാനിയൻ സാമ്രാജ്യങ്ങൾ തൂത്തെറിയപ്പെട്ടു. തുടർന്ന് ആഗോള തലത്തിൽ ഉണ്ടായിരുന്ന ബൗദ്ധികമായ അടിച്ചമർത്തലിന്റെ സ്ഥാനത്ത് ബൗദ്ധിക സ്വാതന്ത്ര്യം സ്ഥാപിക്കപ്പെട്ടു.

അതുമായി ബന്ധപ്പെട്ട് സ്വഹീഹ് അൽ ബുഖാരിയിൽ വന്ന ഹദീസുകൾ ശ്രദ്ധേയമാണ്. നാലാം ഖലീഫ അലിയ് ഇബിനു അബീത്വാലിബിന്റെ കാലശേഷം അബ്ദുല്ലാ ഇബിനു സുബൈറിനും അമവികൾക്കുമിടയിൽ രാഷ്ട്രീയ സംഘർഷം ഉടലെടുത്തപ്പോൾ പ്രവാചക ശിഷ്യരിൽ തലമുതിർന്ന അബ്ദുല്ലാ ഇബിനു ഉമർ യുദ്ധത്തിൽ നിന്ന് അകന്നുനിൽക്കുകയാണ് ചെയ്തത്. ജനങ്ങൾ അദ്ദേഹത്തെ സമീപിക്കുകയും ഫിതനെക്കെതിരെയുള്ള യുദ്ധത്തിന്റെ സൂക്തം ഉദ്ധരിക്കുകയും ചെയ്ത് യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാനുള്ള കാരണമന്വേഷിച്ചു. അബ്ദുല്ലാ ഇബിനു ഉമറിന്റെ പ്രതികരണം, ഖുർആൻ പരാമർശ്ശിക്കുന്ന ഫിതന എന്നാൽ രാഷ്ട്രീയമായ ആഭ്യന്തര യുദ്ധങ്ങളല്ലെന്നും മത പീഡന വ്യവസ്ഥിതിയാണെന്നും അതാണെങ്കിൽ അവസാനിച്ചെന്നുമായിരുന്നു. (ഫതഹ് അൽ ബാരി: 8/60)

ഒരു പ്രത്യേക ലക്ഷ്യം നിറവേറ്റുന്നതുവരെ മാത്രം നടത്തേണ്ട, താത്കാലിക സ്വഭാവവും പരിമിതമായ കാലയളവുമുള്ള യുദ്ധങ്ങളാണ് ഫിതനക്കെതിരെയുള്ള യുദ്ധം എന്ന് അതിൽ നിന്ന് മനസ്സിലാക്കാം.

ഫിതനക്കെതിരെ യുദ്ധം നടത്താനുള്ള ഖുർആനികാനുശാസനത്തെ ഇതര ലക്ഷ്യങ്ങളുള്ള യുദ്ധപ്രവർത്തനങ്ങളുടെ സാധൂകരണത്തിനുവേണ്ടി ഉപയോഗിക്കുന്നത് തീർത്തും അനുചിതമാ

ണ്. ആ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലത്തിൽ നിലനിന്ന സാഹചര്യങ്ങൾ വീണ്ടും പ്രാബല്യത്തിൽ വരുമ്പോൾ മാത്രമെ അവ ഉദ്ധരിക്കാൻ പാടുള്ളു.

പ്രവാചകൻ[സ] എമ്പതിലേറെ ഗസ്‌വ നടത്തിയിട്ടുണ്ടെന്ന് ചില ജീവ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. 23 വർഷക്കാലത്തെ പ്രവാചകത്വ ജീവിതത്തിൽ പ്രതിവർഷം മൂന്നോ നാലോ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നുവെന്ന ധാരണയാണ് അവർ നല്കുന്നത്. തികച്ചും അടിസ്ഥാനശൂന്യമാണാ ധാരണ. പ്രവാചകത്വ ജീവിതത്തിനിടയിൽ കേവലം മൂന്ന് സന്ദർഭങ്ങളിലാണ് നബി[സ] യുദ്ധം ചെയ്തത്. ഗസ്‌വ എന്ന് വിവരിക്കുന്ന മറ്റെല്ലാ സംഭവങ്ങളും യുദ്ധം ചെയ്തതിനല്ല, യുദ്ധം ഒഴിവാക്കാൻ നടത്തിയ സന്ദർഭങ്ങൾക്കാണ് ഉദാഹരണമാകുന്നത്.

ഉദാഹരണത്തിന് അഹ്സാബ് സംഭവത്തെ ഗസ്‌വ എന്നാണ് സീറ ഗ്രന്ഥങ്ങളിൽ വിളിക്കുന്നത്. എന്നാൽ, യുദ്ധ സന്നാഹങ്ങളുമായി അറേബ്യയിലെ 12,000-ത്തോളം വരുന്ന ശത്രുസൈന്യം മദീനയുടെ അതിർത്തിയിലെത്തിയപ്പോൾ അവർക്കിടയിൽ ആഴമേറിയ ഒരു കിടങ്ങ് നിർമ്മിച്ച് യുദ്ധം വിജയകരമായി ഇല്ലാതാക്കുകയാണ് പ്രവാചകൻ ചെയ്തത്. ഗസ്‌വ എന്ന് പറയുന്ന എല്ലാ സംഭവങ്ങളുടെയും അവസ്ഥ അപ്രകാരമാണ്. പ്രവാചകനെ യുദ്ധത്തിലേക്ക് ഇറക്കിവിടാൻ ശത്രുക്കൾ ആവർത്തിച്ച് ശ്രമിച്ചപ്പോഴെല്ലാം യുദ്ധമൊഴിവാക്കാനുള്ള തന്ത്രപരമായ മാർഗ്ഗങ്ങളവലംബിച്ച് വലിയ അപകടാവസ്ഥ ഒഴിവാക്കാനാണ് പ്രവാചകൻ ശ്രമിച്ചത്.

മുസ്‌ലീങ്ങൾ യഥാർത്ഥത്തിൽ യുദ്ധത്തിൽ പ്രവേശിച്ചത് മൂന്ന് ഘട്ടങ്ങളിൽ മാത്രമായിരുന്നു. ബദർ, ഉഹദ്, ഹുനൈൻ. ആ ഘട്ടങ്ങളിൽ യുദ്ധം അനിവാര്യമായി മാറിയപ്പോൾ ആത്മ പ്രതിരോധത്തിനുവേണ്ടി അക്രമികളെ നേരിടാൻ പ്രവാചകൻ നിർബ്ബന്ധിതനാവുകയായിരുന്നു. മാത്രമല്ല, മധ്യാഹ്നത്തിൽ ആരംഭിച്ച് സായാഹ്നമാകുമ്പോഴേക്കും അവസാനിക്കുന്നവിധം, അഥവാ പകുതി ദിവസം മാത്രം നീണ്ടുനിന്നവയായിരുന്നു ആ യുദ്ധങ്ങളെല്ലാം. അപ്പോൾ പ്രവാചകന്റെ ജീവിത കാലത്ത് ആകെ നടത്തിയ യുദ്ധത്തിന്റെ കാലയളവ് ഒന്നര ദിവസം മാത്രമായിരുന്നുവെന്ന് പറയുന്നത് അനുചിതമാകില്ല. അതിനർത്ഥം, 23 വർഷത്തെ പ്രവാചകത്വ ജീവിതത്തിലുടനീളം, ഒന്നര ദിവസം ഒഴികെ, അഹിംസാ തത്വമാണ് അവിടന്നെ പുലർത്തിയത്.

# അഹിംസയും ആധുനിക യുദ്ധവും

**അ**ഹിംസയെന്ന പ്രവാചക സുന്നത്തിനെ മുസ്‌ലീങ്ങൾ തന്നെ പൂർണ്ണമായും വിസ്മരിച്ചുവെന്നതാണ് ഇന്ന് ഇസ്‌ലാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പിൽക്കാലങ്ങളിൽ ഉസ്മാനിയ്യാ, മുഗൾ സാമ്രാജ്യങ്ങൾ ശിഥിലമായപ്പോഴും, ഫലസ്തീൻ പോലുള്ള പ്രശ്നങ്ങൾ വിശ്വാസികൾക്ക് നേരിടേണ്ടിവന്നപ്പോഴുമെല്ലാം ലോകത്താകമാനമുള്ള മുസ്‌ലീങ്ങൾ വലിയ തോതിൽ നിഷേധാത്മക പ്രതിപ്രവർത്തനങ്ങൾക്ക് ഇരയാകുകയുണ്ടായി. ഇസ്‌ലാമിന്റെ നയം ഹിംസയുടേതല്ല, അഹിംസയുടേതാണ് എന്ന് തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെടുകയായിരുന്നു. ആ വ്യതിചലനത്തിന്റെ ഫലമായാണ് ഒരു നൂറ്റാണ്ടുകാലത്തെ രക്തരൂഷിതമായ യുദ്ധങ്ങൾ നടന്നിട്ടും മുസ്‌ലീങ്ങൾക്ക് അനുകൂലാത്മക നേട്ടങ്ങൾ സാധ്യമാവാതെ പോയത്. സ്വയം നഷ്ടപ്പെടുത്തുകയായിരുന്നു അവർ ചെയ്തത് എന്ന് പറയുന്നതാവും കൂടുതൽ ശരി.

പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മുൻ തലമുറ ചെയ്ത അതേ രീതിയിൽ, അഹിംസാ രീതികൾ, ഈ ഉമ്മത്തിലെ പിൻ തലമുറക്കും സാധിക്കുമെന്നാണ് ഇമാം മാലിക്കിന്റെ വീക്ഷണം. അപ്രകാരം ആധുനിക കാലത്തെ മുസ്‌ലീങ്ങളും അഹിംസാ രീതികളെ മാത്രമെ അവലംബിക്കാവു. അക്രമ രീതികളിലൂടെ മുൻ കാലത്തും ഒരു നേട്ടവും കിട്ടാതിരുന്നതുപോലെ ഇന്നും അസാധ്യമാണ്.

ആധുനിക കാലത്തെ മുസ്‌ലീങ്ങളുടെ സാഹചര്യം ഹുദൈബിയാ വേളയിൽ നിലവിലുണ്ടായിരുന്നതിനോട് തുല്യമാണ്. ഇസ്‌ലാമിക പൂർവ്വ അറേബ്യയിലുണ്ടായിരുന്നതുപോലെ (ജംഇയത്ത് അൽ ജാഹിലിയ്യ - 48/28) അജ്ഞതയുടെ സംഘബോധം തന്നെയാണ് ഇന്നും ശത്രുക്കൾ പ്രകടിപ്പിക്കുന്നത്. ഇസ്‌ലാമിന്റെ ആദ്യ ഘട്ടത്തിൽ അതിന് പരിഹാരം തത്തുല്യമായ

മുൻ ധാരണകൾ മുസ്‌ലീങ്ങൾ സക്രിയമായി ഉപേക്ഷിക്കുക എന്ന തിലായിരുന്നു. പകരം, (കലിമത്തു തഖ്‌വ) സൂക്ഷ്മതയുടെ വാക്യം മുറുകെ പിടിച്ചപ്പോഴാണ് അവർ ദൈവിക സഹായത്തിന് അർഹ രായതും സ്പഷ്ടമായ വിജയം (48/26) കൈവരിച്ചതും.

ഹുദൈബിയാ സമാധാന ഉടമ്പടിക്കാലത്ത് അറേബ്യയുടെ ആധിപത്യം പുലർത്തിയിരുന്ന ഖുറൈശികൾ യുദ്ധം നടത്തുന്ന തിലാണ് താത്പര്യം കാണിച്ചത്. അധികാരവും ആളും അർത്ഥവും അവരുടെ കൈകളിലായിരുന്നു. പ്രവാചകരെയും അനുചരന്മാ രെയും മാതൃദേശത്തുനിന്ന് അവർ പുറത്താക്കി. മുസ്‌ലീങ്ങളുടെ വീടുകളും സ്വത്തുകളും കൈവശപ്പെടുത്തിയ ഖുറൈശികൾ ഇസ്‌ലാമിനെതിരെ എല്ലാ പ്രചാരണവും നടത്തിപ്പോന്നു.

ആ ഒരവസ്ഥയിൽ വിശ്വാസികളുടെ മുന്നിൽ രണ്ട് തീരുമാ നങ്ങൾക്കെ അവസരമുണ്ടായിരുന്നുള്ളു. ആ നിഷ്ഠൂര വാഴ്ച അവ സാനിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും അവകാശ സംരക്ഷ ണത്തിനായി യുദ്ധത്തിനിറങ്ങുകയും ചെയ്യുക. ജീവന്റെയും സ്വത്തിന്റെയും കൂടുതൽ നാശമാകും അത്തരമൊരു നീക്കത്തിന്റെ ഫലം.

താത്കാലികമായ നഷ്ടങ്ങളിൽ, രാഷ്ട്രീയമാകട്ടെ ഭൗതി കമാവട്ടെ, ക്ഷമാപൂർവ്വം നിലകൊള്ളുകയെന്നതായിരുന്നു രണ്ടാ മത്തെ മാർഗ്ഗം.

പ്രവാചകനും[സ] അനുചരന്മാരും തിരഞ്ഞെടുത്തത് ആ രണ്ടാ മത്തെ മാർഗ്ഗമാണ്. കുറഞ്ഞ കാലത്തിനിടയിൽ അറേബ്യയുടെ ചരിത്രമാകെ മാറ്റിമറിക്കപ്പെട്ടുവെന്നതാണ് അതിന്റെ ഫലം.

അത്തരമൊരു സാഹചര്യം ആധുനിക കാലത്തും വ്യാപക മാണ്. ഇതര സമൂഹങ്ങളിൽ നിന്ന് മുസ്‌ലീങ്ങൾക്ക് രാഷ്ട്രീയ മായും ഭൗതികമായും വലിയ നഷ്ടങ്ങൾ ഇന്ന് അനുഭവിക്കുന്നു ണ്ടെങ്കിലും ഗണനീയമാംവിധം അവസരങ്ങളും മറുഭാഗത്ത് നില നിൽക്കുന്നുണ്ട്. അവ ബുദ്ധിപൂർവ്വം ഉപയോഗിക്കുകയാണെങ്കിൽ ഇസ്‌ലാമിക ചരിത്രം ഉജ്ജ്വലമായ രീതിയിൽ മാറ്റിയെഴുതാൻ നമുക്ക് സാധിക്കും.

# മതത്തിന്റെ ആവിഷ്കാരം

**ആ**ധുനിക കാലം ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം പ്രശ്ന ഭരിതമാണെന്ന് മുസ്‌ലീങ്ങൾ കരുതാറുണ്ട്. തികച്ചും യാഥാർഥ്യ വിരുദ്ധമാണത്. മഴക്കാലം കർഷകരുടെ കാലമാണെന്നതുപോലെ ആധുനിക യുഗം ഇസ്‌ലാമിന്റെ യുഗമാണ് എന്നതാണ് വസ്തുത. എന്നാൽ, അത് തിരിച്ചറിയുന്നതിൽ, ആ ശക്തിയെ യാഥാർഥ്യമാക്കുന്നതിൽ, മുസ്‌ലീങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്.

ഇസ്വലാഹുദ്ദീൻ എന്ന് ഖുർആൻ പരാമർശ്ശിക്കുന്ന പ്രക്രിയ കേവലം താത്കാലിക സ്വഭാവത്തിലുള്ളതല്ല. ഇസ്‌ലാമിന്റെ അനശ്വരമായ പ്രത്യയശാസ്ത്ര പ്രഭാവത്തെയാണത് സൂചിപ്പിക്കുന്നത്. പ്രത്യയശാസ്ത്രങ്ങളുടെ ലോകത്ത് ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രപരമായ പരമോന്നത്തി ശാശ്വതമായി സംസ്ഥാപിക്കപ്പെടുന്ന രീതിയിലുള്ള ഒരു വിപ്ലവമാണതിന്റെ ഉദ്ദേശ്യം. അല്ലാഹു അതിന്റെ സാധ്യതകൾ മുമ്പേ ഒരുക്കിയിട്ടുണ്ട്. ആ ശക്തി യാഥാർഥ്യമാക്കുകയേ വിശ്വാസികൾ ചെയ്യേണ്ടതുള്ളു.

ഏഴാം നൂറ്റാണ്ടിൽ പ്രവാചകനും അനുചരന്മാരും നടത്തിയ വിപ്ലവത്തിന്റെ ലക്ഷ്യം ഇളുഹാറുദ്ദീൻ ആയിരുന്നുവെന്ന് ഖുർആൻ പറയുന്നു: "അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് അവർ മോഹിക്കുന്നത്. എന്നാൽ, അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തിയാക്കുകതന്നെ ചെയ്യും." (9/32, 33)

ആധിപത്യം, പ്രഭാവം, ഔന്നത്യം എന്നിങ്ങനെയാണ് ഇളുഹാർ എന്ന അറബീ പദത്തിന്റെ അർഥം. ഇവിടെ ഇളുഹാറുദ്ദീൻ കൊണ്ട് ഉദ്ദേശ്യം രാഷ്ട്രീയാധിപത്യമല്ല; ബൗദ്ധിക, പ്രത്യയശാസ്ത്രപരമായ ആധിപത്യമാണ്. ബൗദ്ധികവും പ്രത്യയശാസ്ത്രപരവുമായ തലത്തിൽ ദൈവിക മതം എല്ലാ കാലത്തും മറ്റെല്ലാ

പ്രത്യയശാസ്ത്രങ്ങൾക്കും മതങ്ങൾക്കും മേൽ ഔന്നത്യം കൈകൊള്ളണമെന്നർത്ഥം.

ദൈവിക മതത്തിന് പ്രത്യശാസ്ത്രപരമായ പ്രഭാവം നല്കുകയെന്നത് നിസ്സാര കാര്യമല്ല. ചരിത്രത്തെ പുതുതായി കുറിക്കുകയാണത്. കാരണം, ദൈവിക മതം പ്രത്യയശാസ്ത്രപരമായി എപ്പോഴും പ്രഭാവ സ്ഥാനത്തായിരുന്നുവെങ്കിലും വ്യാജവും അബദ്ധജടിലവുമായ ആശയങ്ങളാൽ അതിന് മങ്ങലേറ്റിട്ടുണ്ട്. പണ്ടുകാലങ്ങളിൽ ജനങ്ങൾ പ്രധാനമായും അന്ധവിശ്വാസം നിറഞ്ഞ ചിന്തകളുടെ സ്വാധീനത്തിലായിരുന്നുവെന്നതാണ് ഒരു കാരണം. അവരുടെ കലയും ജ്ഞാനവുമെല്ലാം അന്ധവിശ്വാസങ്ങളിലും വിഗ്രഹ പൂജയിലും അളക്കപ്പെട്ടതായിരുന്നു. ദൈവിക സത്യത്തിന്റെ ഏക മാധ്യമമായ സത്യ മതത്തിന്മേലും മറവീഴാൻ അത് വഴിതെളിയിച്ചു.

അന്ത്യപ്രവാചകൻ മുഖേനെ ഒരു ബൗദ്ധിക വിപ്ലവത്തിലൂടെ മതവിരുദ്ധവും കൃത്രിമവുമായ സാഹചര്യങ്ങളെ മാറ്റിമറിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചു. മാനവിക ശാസ്ത്രങ്ങളുടെയും അക്കാദിമിക നിലവാരത്തിന്റെയും പിന്തുണയോടെ തൗഹീദിന്റെ മതം ജനങ്ങളുടെ മതമായി സംസ്ഥാപിക്കപ്പെടേണ്ടതുണ്ടായിരുന്നു.

പ്രവാചകനും അനുചരന്മാരും നടത്തിയ വിപ്ലവത്തിലൂടെയാണ് ആ ദൈവിക പദ്ധതി നടപ്പാക്കപ്പെട്ടതെന്ന് ആ സൂക്തത്തിലൂടെ (ഇളുഹാറുദ്ദീൻ) സൂചിപ്പിക്കുന്നു. മനുഷ്യ ചരിത്രത്തിൽ പുതിയൊരു പ്രക്രിയക്കാണ് ആ വിപ്ലവം തുടക്കം കുറിച്ചത്. മനുഷ്യ ബുദ്ധിയെ നിഷ്പ്രഭമാക്കിയ അന്ധ വിശ്വാസങ്ങളുടെ ആവരണം നീക്കിക്കളയുകയും പ്രകൃതിയിൽ ഒളിഞ്ഞുകിടക്കുന്ന ശാസ്ത്രീയ തെളിവുകൾ വെളിവാക്കുകയും അതുവഴി തൗഹീദിനെ മാനവികതയുടെ മൊത്തം വെളിച്ചത്തിൽ അവതരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ആധുനിക കാലത്ത് ആ വിപ്ലവം അതിന്റെ ഉച്ചകോടിയിലെത്തി. രണ്ട് പ്രധാന ലക്ഷ്യങ്ങളാണ് ഇളുഹാറുദ്ദീന് ഉള്ളത്. ഒന്ന്, മത പീഡന വ്യവസ്ഥിതികൾക്ക് അറുതിവരുത്തി സത്യമതത്തിന്റെ പ്രബോധനത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക. തീർത്തും പ്രതികൂല സാഹചര്യങ്ങളിലാണ് പണ്ട് ആ ദൗത്യം നിർവ്വഹിച്ചിരുന്നത്. ദൈവിക മതത്തിന് പിന്തുണയേകുന്ന എല്ലാ വാദങ്ങളും സമാഹരിച്ച് മറ്റ് മതങ്ങളുടെ ഭദ്രമായ അടിത്തറയുടെ അഭാവം പ്രകടിപ്പി

ക്കുക. ഇന്ന് വ്യാപകമായ രീതിയിൽത്തന്നെ ആ രണ്ട് ദൗത്യങ്ങളും നിർവ്വഹിക്കപ്പെടുന്നുണ്ട്. അതിന്റെ ഒരു ലഘു വിവരണമാണ് താഴെ കൊടുക്കുനത്.

പണ്ടുകാലങ്ങളിൽ ഏകാധിപത്യ വാഴ്ചകളാണ് ലോകത്തുടനീളം പ്രാബല്യത്തിലുണ്ടായിരുന്നത്. ഏകാധിപത്യം പോലുള്ള വ്യക്തിയധിഷ്ഠിത വ്യവസ്ഥകൾ ശക്തി ഉപയോഗിച്ചേ സ്ഥാപിക്കാൻ കഴിയൂ. അതുകൊണ്ടാണ് ബലം പ്രയോഗിച്ചുള്ള ഭരണ സംവിധാനങ്ങൾ ഏകാധിപതികൾ രൂപപ്പെടുത്തുന്നത്. തങ്ങളുടെ പ്രജകൾക്കിടയിൽ സ്ഥാപിതമാകുന്ന ബൗദ്ധികവും മതപരവുമായ സ്വാതന്ത്ര്യത്തിന്റെ ഏതൊരു ചിഹ്നവും തകർക്കുകയെന്നത് അവരുടെ ആവശ്യമായിരുന്നു. മനുഷ്യന്റെ ചിന്താ വികാസത്തിനും മത ദൗത്യങ്ങളുടെ വ്യാപനത്തിനും സ്ഥിരമായ പ്രതിബന്ധമായി ആ അവസ്ഥകൾ ഉയർന്നുനിന്നു. പ്രവാചകനും അനുചരന്മാരും നടത്തിയ വിപ്ലവമാണ് ആത്യന്തികമായി ആ ബലപ്രയോഗ രാഷ്ട്രീയ വ്യവസ്ഥിതിയെ തകർത്തത്.

ആ മർദ്ദക വ്യവസ്ഥകളുടെ നിഷ്കാസനവും അന്ധ വിശ്വാസങ്ങളിൽ നിന്നുള്ള മനുഷ്യ മനസ്സിന്റെ വിമോചനവും, ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയുമായ ഒരു യുഗത്തിന്റെ ആവിഷ്കാരമായിരുന്നു. മനുഷ്യ ചരിത്രത്തിൽ ആ വിപ്ലവത്തിന്റെ സ്വാധീനം ചലനാത്മകമായ പ്രക്രിയയായിമാറി. പിന്നീട് മനുഷ്യ ചിന്തയിലെ ആ വിപ്ലവത്തിന് പാശ്ചാത്യ സമൂഹങ്ങളും വലിയ സംഭാവനകൾ നല്കി. ഇന്ന് ആ പ്രക്രിയ അതുല്യമായ ശാസ്ത്രീയ നേട്ടങ്ങളിൽ എത്തിനിൽക്കുന്നു. തൽഫലമായി മുൻ കാലങ്ങളിൽ മർദ്ദക സാഹചര്യങ്ങളിൽ പ്രതിബന്ധങ്ങൾ നേരിട്ട ദഅവാ പ്രവർത്തനം സ്വതന്ത്രമായ അന്തരീക്ഷത്തിൽ നിർവ്വഹിക്കുക ഇപ്പോൾ തികച്ചും സാധ്യമായിട്ടുണ്ട്.

അന്ധവിശ്വാസ മതങ്ങളുടെ മറ്റൊരു പേരാണ് വിഗ്രഹാരാധന. പ്രാചീന കാലത്ത് ശാസ്ത്രത്തിന്റെ വളർച്ചയും വികാസവും അസാധ്യമാക്കും വിധം വിഗ്രഹ പൂജ മനുഷ്യ മനസ്സുകൾക്ക് മേൽ ആധിപത്യം ചെലുത്തിയിരുന്നു. ആ അന്ധവിശ്വാസ വ്യവസ്ഥകൾക്ക് അറുതിവരുത്താൻ വലിയ ത്യാഗങ്ങളാണ് പ്രവാചകരും അനുചരന്മാരും ചെയ്യേണ്ടിവന്നത്. ശാസ്ത്ര യുഗത്തിന്റെ പ്രാരംഭമായിരുന്നു അത്. അത് സൃഷ്ടിച്ച പരിവർത്തനങ്ങൾ നൂറ്റാണ്ടുകളോളം ചരിത്രത്തിന്റെ ഗതികളെ സ്വാധീനിച്ചു.

ഇസ്‌ലാമിക വിപ്ലവത്തിന്റെ ഉപോല്പന്നമായ ശാസ്ത്രീയ വിപ്ലവം നമുക്ക് ആധുനിക വിനിമയ സംവിധാനങ്ങൾ സമ്മാനിച്ചു. മനുഷ്യ ചരിത്രത്തിൽ ആദ്യമായി ഇസ്‌ലാമിക പ്രബോധനം വ്യാപക തോതിൽ ആഗോളതലത്തിൽ നിർവ്വഹിക്കാനുള്ള സാധ്യതയാണ് ആ പുതുയുഗത്തിന്റെ ആവിർഭാവത്തിലൂടെ ലഭിച്ചത്. ലോകത്തെ ഓരോ വീട്ടിലും ദൈവിക വചനം ചെന്നുകയറുന്ന ഒരു കാലം വരാനുണ്ടെന്ന് ഒരു ഹദീസ് നമ്മെ പഠിപ്പിക്കുന്നു (മുസ്നദ്, അഹമദ്). ഒരർത്ഥത്തിൽ ആധുനിക കാലത്തെ വാർത്താ വിനിമയ സംവിധാനങ്ങളെക്കുറിച്ചുള്ള പരോക്ഷമായൊരു പ്രവചനമാണത്.

ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങൾക്ക് ഉപോത്ബലകമായി നിരവധി ന്യായങ്ങൾ വിനിമയം ചെയ്യാൻ നമുക്ക് സാധിക്കുന്നുവെന്നതാണ് ആധുനിക ശാസ്ത്ര വിപ്ലവത്തിന്റെ ഒരു ഫലം. ആ വിപ്ലവത്തിനുമുമ്പ് ഇസ്‌ലാമിക സത്യത്തിന്റെ പിന്തുണക്ക് പരമ്പരാഗത വാദങ്ങൾ മാത്രമെ ഇസ്‌ലാമിക പ്രബോധകർക്ക് ആശ്രയിക്കാൻ സാധിച്ചിരുന്നുള്ളു. എന്നാൽ, ഇസ്‌ലാമിക യാഥാർഥ്യങ്ങളെ മനുഷ്യ ജ്ഞാനത്തിന്റെ ഉന്നത മാനദണ്ഡങ്ങളനുസരിച്ച് തിരിച്ചറിയാനും തികഞ്ഞ യുക്തിന്യായങ്ങളാൽ അതിന്റെ ആധികാരികത സംസ്ഥാപിക്കാനും നമുക്കിന്ന് സാധ്യമാണ്.

പണ്ടുകാലങ്ങളിൽ മത പഠനമെന്നത് വിശുദ്ധ കാര്യമോ സിദ്ധാന്തമോ ആയിരുന്നു. അതുകൊണ്ടാണ് സംഘടിതമോ അസംഘടിതമോ ആയ മതങ്ങൾ അക്കാദമിക്കലായി പരസ്പരം വ്യവച്ഛേദിക്കപ്പെടാതെ കിടന്നത്. ആധുനിക കാലത്ത് ശാസ്ത്രീയ വിപ്ലവങ്ങളുടെ സ്വാധീനഫലമായി ശാസ്ത്രീയന്വേഷണങ്ങളുടെ പരിധിയിൽ വരുന്ന ഇതര വിഷയങ്ങൾ പോലെത്തന്നെ വസ്തുനിഷ്ഠമായും നിരൂപണപരമായും മത പഠനവും നടത്താൻ സാധിക്കുന്നു.

വിശ്വസനീയമായ ഒരു മതം ഇസ്‌ലാം മാത്രമെയുള്ളവെന്ന് ചരിത്രപവരമായും അക്കാദമിക പരമായും അത്തരം നിരൂപണ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. മറ്റെല്ലാ മതങ്ങൾക്കും ചരിത്രപരമായ വിശ്വാസ യോഗ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ബൗദ്ധിക വിപ്ലവത്തെ തുടർന്ന് മനുഷ്യ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക സത്യത്തിന്റെ സാധ്യത സ്ഥാപിക്കപ്പെട്ടത്, ദൈവിക മതമെന്ന ആധികാരിക മുദ്രയുള്ള ഏകമതം ഇസ്‌ലാമാണെന്ന്

ന്യായങ്ങൾ കൊണ്ട് നമുക്ക് സമർത്ഥിക്കാൻ സാധിക്കുന്നു.

നമ്മുടെ കാലത്തെ ആധുനിക വികാസങ്ങൾ ഇസ്ലാമിനെ അതുല്യമായ വിജയ സ്ഥാനത്തേക്ക് നയിച്ചിട്ടുണ്ട്. പ്രബോധിത സമൂഹത്തിനെതിരെയുള്ള എല്ലാ ഹിംസാത്മക പ്രവർത്തനങ്ങളും അവസാനിപ്പിച്ച്, പ്രബോധകർക്കും പ്രബോധിതർക്കുമിടയിൽ നല്ല ബന്ധം വളർത്തിയെടുക്കുകയെന്നതാണ് മുസ്ലീങ്ങളിൽ നിന്ന് കാലം തേടുന്ന ആവശ്യം. അപ്പോഴേ ഇസ്ലാമിന്റെ സന്ദേശം സ്വാഭാവിക സാഹചര്യങ്ങളിൽ വിനിമയം ചെയ്യപ്പെടുകയുള്ളു. ഇപ്പോൾ, ശാസ്ത്രീയ വിപ്ലവങ്ങളുടെ ഫലമായി ഇസ്ലാമിനും ഇതര മതങ്ങൾക്കുമിടയിൽ ഗൗരവ തരവും ഗുണകരവുമായ സംവാദങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയണം. അതിന്റെ ഫലങ്ങൾ തികച്ചും ഇസ്ലാമിന് അനുകൂലമാകും.

# മഹത്തായ അവസരം

1. അദൃശ്യ ലോകവുമായി ബന്ധപ്പെട്ട മത വിശ്വാസ കാര്യങ്ങളിൽ പ്രത്യക്ഷമായ ന്യായങ്ങൾ അപ്രായോഗികമാണെന്നതിനാൽ അവ പരോക്ഷമോ അനുമാന സിദ്ധമോ ആയ വാദങ്ങൾ കൊണ്ടേ സ്ഥാപിക്കാനവൂ. അതിനാൽ, മതകീയ യാഥാർഥ്യങ്ങൾ കേവലം അന്ധമായ സൈദ്ധാന്തിക വിഷയമാണെന്നും അക്കാദമികമോ ശാസ്ത്രീയമോ ആയ യാഥാർഥ്യങ്ങളല്ലെന്നും വിദ്യാസമ്പന്നർ വിശ്വസിക്കാനിടയായിട്ടുണ്ട്. എന്നാൽ, ആറ്റം വിഭജനത്തോടെ യുക്തിയുടെ ശാസ്ത്രം മാറ്റത്തിന് വിധേയമായി. അനുമാന സിദ്ധാന്തമായ ന്യായങ്ങളും പ്രത്യക്ഷ ന്യായങ്ങളെപ്പോലെ പ്രബലവും വിശ്വസനീയവുമാണെന്ന് അംഗീകരിക്കപ്പെട്ടു. തുടർന്ന് മതപരമായ യാഥാർഥ്യങ്ങൾ അക്കാദമിക തലത്തിൽ മതേതര ഭൗതിക സിദ്ധാന്തങ്ങളുടെ അതേ തലത്തിൽത്തന്നെ സ്ഥാപിക്കാൻ സാധിച്ചു.

2. പണ്ട് മനുഷ്യൻ ലോകത്തെ നിരീക്ഷിച്ചപ്പോൾ പരസ്പരം വ്യത്യസ്തങ്ങളായ വസ്തുക്കൾ പ്രകൃതിയിൽ നിലനിൽക്കുന്നതായി അവന് തോന്നി. ബാഹ്യമായ ആ നിരീക്ഷണമാണ് ബഹുദൈവത്വ മനസ്ഥിതി സൃഷ്ടിച്ചത്. ആ ബാഹ്യ വസ്തുക്കളുടെ നിലനില്പിൽത്തന്നെ വലിയ വൈവിധ്യങ്ങളുണ്ടെങ്കിൽ അതിന്റെ സ്രഷ്ടാവും ധാരാളമുണ്ടാവേണ്ടതാണെന്ന് അവൻ അനുമാനിച്ചു. എന്നാൽ പുറമെ കാണുന്ന ആ വൈവിധ്യം വെറും തോന്നലാണെന്ന് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കിത്തന്നു. അഥവാ, പ്രകൃതിയിലെ എല്ലാ വസ്തുക്കളും ഒരു പാദാർത്ഥത്തിന്റെ വ്യത്യസ്ത പ്രകടനങ്ങളാണ്. അതുവഴി ശിർക്കിന് ബുദ്ധിപരമായ അടിത്തറ നഷ്ടപ്പെടുകയും തൗഹീദിന് യുക്തിഭദ്രമായ പിന്തുണ ലഭിക്കുകയും ചെയ്തു.

3. ആകാശ ഭൂമികളിൽ ആകമാനം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് ഖുർആൻ പ്രസ്താവിക്കുന്നു. പ്രപഞ്ചം ദൈവിക ന്യായങ്ങളുടെ വലിയ കലവറയാണെന്ന് ശാസ്ത്ര പഠനം വെളിവാക്കുന്നു.

4. ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾക്ക് ശേഷം മതത്തിന്റെ സുപ്രധാനമായ കാര്യങ്ങൾക്ക് പുതിയ ന്യായങ്ങൾ നല്കാനാവുന്ന വിധം വിവിധ വിഷയങ്ങൾ മനുഷ്യന്റെ അറിവിലേക്ക് കടന്നുവന്നു. ഉദാഹരണത്തിന്, റംസീസ് രണ്ടാമന്റെ മമ്മിയുടെ കൃത്യമായ ആയുസ് കണക്കാക്കാൻ കാർബൺ-14 ടെസ്ടിലൂടെ സാധിച്ചു. അത്, പിൽക്കാല ജനതക്ക് ദൃഷ്ടാന്തമാവാൻ വേണ്ടി ഫറോവയുടെ മൃതശരീരം സംരക്ഷിക്കുമെന്ന ഖുർആനിക പ്രസ്താവനക്ക്(10/92) ശാസ്ത്രീയമായ തെളിവ് കൂടിയായിത്തീരുന്നു.

# ഇസ്‌ലാം വർത്തമാന യുഗത്തിൽ

**അ**ഹിംസയുടെ മതമായ ഇസ്‌ലാമോണോ വർത്തമാന യുഗത്തിന്റെ മതം?

പുതിയ സാഹചര്യങ്ങളിൽ വീണ്ടും ഇസ്‌ലാമിന് പരമോന്നതമായ സ്ഥാനം അലങ്കരിക്കാൻ സാധിക്കുമോ?

എന്നിങ്ങനെ ചില ചോദ്യങ്ങൾ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്.

പൂർണ്ണമായും അനുകൂലമാണ് അവയുടെ ഉത്തരം. സമാധാനത്തിന്റെ മതമെന്ന സ്വത്വം തന്നെ ഇസ്‌ലാം ഒരു ശാശ്വത മാതമാണെന്ന് തെളിയിക്കുന്നു. ഇസ്‌ലാം സംഘർഷത്തിന്റെ മതമായിരുന്നുവെങ്കിൽ ശാശ്വതമായി നിലനിന്നുപോരാൻ അതിന് സാധിക്കുമായിരുന്നില്ല. കാരണം, ആധുനിക കാലത്തെ സമകാലിക ചിന്തകളൊക്കെത്തന്നെ, പൂർണ്ണമായും തിരസ്കരിച്ചതാണ് സംഘർഷത്തിന് വഴി തുറന്നത്. സമാധാനത്തിന്റെയും അഹിംസയുടെയും അധ്യാപനങ്ങളിലധിഷ്ഠിതമായ വ്യവസ്ഥിതിക്കേ ആധുനിക കാലത്ത് സ്വീകാര്യതയും പരിഗണനയും നേടാനാകൂ.

ഉദാഹരണമായി, കമ്യൂണിസത്തെ ആധുനിക ചിന്ത തിരസ്കരിച്ചുകഴിഞ്ഞു. സംഘർഷത്തിലൂടെ മാത്രമെ കമ്യൂണിസത്തിന് നിലനിൽക്കാനാകു എന്നതാണ് പ്രധാന കാരണം. സംഘർഷം ആധുനിക മനസ്സിന് ഒരു സാഹചര്യത്തിലും സ്വീകാര്യമല്ല. നാസിസവും ഫാഷിസവും തിരസ്കരിക്കപ്പെട്ടത് അതേ കാരണത്താലാണ്. അതിനാൽ, മനുഷ്യനെ ആത്യന്തികമായി സംഘർഷത്തിലേക്ക് നയിക്കുന്നു എന്നതിനാലാണ് മതപരവും മതേതരപരവുമായ തീവ്രതകളെ മുഴുവൻ ആധുനിക മനുഷ്യൻ കൈവെടുയുന്നത്.

എന്നാൽ, പ്രകൃതിയുടെ മതമാണ് ഇസ്‌ലാം. പ്രാരംഭത്തിൽത്തന്നെ അക്രമത്തെ അനനുവദനീയമായി ഇസ്‌ലാം ഗണിച്ചിട്ടുണ്ട്. അന്നുതൊട്ടേ സമാധാനത്തിന്റെ വക്താവാണ് ഇസ്‌ലാം.

മനുഷ്യന്റെ വളർച്ചയിൽ മുൻ കാലങ്ങളിൽ ഇസ്‌ലാം മഹത്തായ പങ്കാണ് വഹിച്ചത്. മനുഷ്യ ചരിത്രം പുരോഗതിയുടെയും വികാസത്തിന്റെയും പുത്തൻ യുഗത്തിലേക്ക് പ്രവേഷിച്ചത് അതിന്റെ ഫലമായാണ്. മനുഷ്യ ചരിത്രത്തെ വീണ്ടും പുരോഗതിയുടെ പുതുയുഗത്തിലേക്ക് നയിക്കാൻ സൃഷ്ടിപരമായ വലിയ ദൗത്യം നിർവ്വഹിക്കാനുള്ള ഇസ്‌ലാമിന്റെ സമയമാണ് ഇപ്പോൾ ആഗതമായിരിക്കുന്നത്.

പ്രകൃതിയിലെ മഹത്തായ ചില രഹസ്യങ്ങൾ കണ്ടെത്തിയതിന്റെ ഫലമാണ് ശാസ്ത്രീയ, സാങ്കേതിക പുരോഗതികൾ എന്ന് നമ്മൾ വിളിക്കുന്നതെല്ലാം സംഭവിച്ചത്. എന്നാൽ, പ്രകൃതിയും അതിലെ നിഗൂഢതകളും ലോകത്ത് മുമ്പും നിലനിന്നിരുന്നുവെങ്കിലും അവയെ കണ്ടെത്തുന്നതിൽ ഇത്രമാത്രം കാലവിളംബം സംഭിച്ചത് എന്തുകൊണ്ട്? കഴിഞ്ഞ ഒരു നൂറ്റാണ്ടിനകം ഉണ്ടായ ശാസ്ത്രീയ പുരോഗതികൾ ഒരായിരം കൊല്ലങ്ങൾക്ക് മുമ്പ് എന്തുകൊണ്ട് സംജാതമായില്ല?

കാരണമിതാണ്, പണ്ട് മതവും ശാസ്ത്രവും, അഥവാ ദിവ്യജ്ഞാനവും മനുഷ്യജ്ഞാനവും പരസ്പരം ബന്ധപ്പെട്ടാണ് നിലകൊണ്ടത്. മതപീഢനം ശാസ്ത്രത്തിന്റെ മറികടക്കാനാവാത്ത തടസ്സമായിമാറി. ശാസ്ത്രാന്വേഷണം അതിനാൽ, മത പുരുഷന്മാരാൽ ബഹിഷ്കൃതമായ ഒന്നായി.

യുക്തിരഹിതമായ വിശ്വാസത്തിന്റെ സത്തയായിരുന്ന മതത്തെ ശാസ്ത്രീയാന്വേഷണ ഗവേഷണങ്ങളിൽ മാറ്റിനിർത്തുകയാണ് ഇസ്‌ലാം ചെയ്തത്. ഉദാഹരണത്തിന് ചന്ദ്ര, സൂര്യ ഗ്രഹണങ്ങൾ മനുഷ്യ വിധിയോടാണ് മുമ്പത്തെ മത വിശ്വാസങ്ങൾ ബന്ധപ്പെടുത്തിയിരുന്നത്. ഗ്രഹണങ്ങൾ മനുഷ്യ വിധിയുമായി ഒരു ബന്ധവുമില്ലെന്ന് നബി[സ] പ്രഖ്യാപിച്ചു. അവ ഗോളശാസ്ത്രപരമായ കാര്യങ്ങളാണ്. മനുഷ്യ വിധിയുമായി ബന്ധപ്പെടുന്നവയല്ല (ഫതഹ് അൽ ബാരി: 2/811).

ഈത്തപ്പഴത്തിലെ പരാഗണ പ്രക്രിയയെക്കുറിച്ച് ഹദീസിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അത്തരം ഭൗതിക കാര്യങ്ങളിൽ നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കേണ്ടത് എന്ന

താണ് അതിലെ അന്തസ്സത്ത. അപ്പോൾ നമുക്ക് അവയെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കാം. (ശറഹു മുസ്‌ലിം, ഇമാം നവവി: 15/117)

മതത്തെയും ശാസ്ത്രത്തെയും പരസ്പരം വ്യവച്ഛേദിക്കുകയാണത്. അങ്ങനെ, ശാസ്ത്രീയ ഗവേഷണങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അന്തരീക്ഷമായി. മനുഷ്യ ചരിത്രത്തിൽ ആദ്യമായാണ് അങ്ങനെ മതത്തിന്റെ ഇടപെടലില്ലാതെ ശാസ്ത്രത്തിന് സ്വതന്ത്രമായി വികസിക്കാനായത്. അങ്ങനെ, അനുക്രമേണ പുരോഗതി പ്രാപിച്ചാണ് ആധുനിക യുഗത്തിലെ എല്ലാ നേട്ടങ്ങളിലും നമ്മൾ എത്തിച്ചേർന്നത്.

എന്നാൽ, മനുഷ്യനിപ്പോൾ അതിനെക്കാൾ വലിയ പ്രശ്നമാണ് അഭിമുഖീകരിക്കുന്നത്. അഥവാ, സാങ്കേതിക മണ്ഡലങ്ങളിൽ അസാധാരണമായ പുരോഗതി കൈവരിച്ചിട്ടും വിവിധ പ്രശ്നങ്ങൾ ഇപ്പോഴും പരിഹാരമില്ലാതെതന്നെ അവശേഷിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പരിധികളെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നാണ് ആ പ്രശ്നങ്ങളെല്ലാം ഉടലെടുക്കുന്നത്.

മഹോന്നതമായ നന്മയെന്ന നിലയിൽ ആധുനിക മനുഷ്യൻ സ്വാതന്ത്ര്യം അഭിലഷിക്കുന്നു. പക്ഷേ, ഒരിക്കൽ ആ ലക്ഷ്യത്തിലെത്തിക്കഴിഞ്ഞാൽ സ്വാതന്ത്ര്യത്തിന് ന്യായമായ പരിധി നിശ്ചയിക്കുന്നതിൽ അവൻ അശക്തനായിമാറുന്നു. തൽഫലമായി അനിയന്ത്രിതമായ സ്വാതന്ത്ര്യം അരാജകത്വവും നിയമരാഹിത്യവുമായി അധഃപതിക്കുന്നു. പാശ്ചാത്യ സമൂഹത്തിൽ ഇന്ന് ഉയർന്നുവരുന്ന പല പ്രശ്നങ്ങളുടെയും യഥാർത്ഥ ഹേതു അതാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് പരിധി നിശ്ചയിക്കുന്ന, ഹിതകരവും അഹിതകരവുമായ സ്വാതന്ത്ര്യത്തിനുമിടയിൽ അതിരിടുന്ന ഒരു പ്രത്യയശാസ്ത്രം ഇന്ന് മനുഷ്യന് ആവശ്യമാണ്. അത്തരമൊരു പ്രത്യയശാസ്ത്രം സമർപ്പിക്കാൻ ഇസ്‌ലാമിന് മാത്രമെ സാധ്യമാവൂ.

ആ പ്രത്യയ ശാസ്ത്രം സ്വീകരിക്കാൻ കാത്തിരിക്കുന്ന മനുഷ്യനുമുന്നിൽ അത് അവതരിപ്പിച്ചുകൊടുക്കേണ്ട സമയമാണിത്. കമ്യൂണിസത്തിന്റെ പതന ശേഷം പ്രത്യയ ശാസ്ത്രപരമായൊരു ശൂന്യത ലോകത്തുണ്ട്. ഇസ്‌ലാമിനേ ആ ശൂന്യത നികത്താനാവൂ. ഇന്ന് സാമ്പത്തിക, സൈനിക രംഗത്ത് അതീവ ശക്തികളാവാൻ വികസിത രാഷ്ട്രങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷെ, ഒരു

പ്രത്യയ ശാസ്ത്ര അതിശക്തിയുടെ ഇടം ഒഴിഞ്ഞുകിടക്കുന്നുണ്ട്. സാധ്യത നോക്കിയാൽ അത് ഇസ്‌ലാമിനുള്ളതാണ്.

ആ മഹാ സാധ്യതയെ ഇസ്‌ലാമിന് അനുകൂലമായ യാഥാർഥ്യമാക്കി മാറ്റുന്നതിൽ ഏക പ്രതിബന്ധമേയുള്ളു. ആധുനിക കാലത്തെ മുസ്‌ലീം പ്രസ്ഥാനങ്ങൾ സ്വീകരിക്കുന്ന ഹിംസാത്മകമായ രീതികളാണത്. ഇസ്‌ലാമിനെ സംഘർഷത്തിന്റെ മതമെന്ന രീതിയിലാണ് അത്തരം പ്രവർത്തികൾ അവതരിപ്പിക്കുന്നത്. അക്കാരണത്താലാണ് ആധുനിക മനുഷ്യൻ ഇസ്‌ലാമിൽ നിന്ന് അകന്നുമാറുന്നത്. ഇസ്‌ലാമിനെ വസ്തുനിഷ്ഠമായി പഠിക്കാൻ അവന് സാധിക്കുന്നില്ല. ആ പ്രധിസന്ധി മാറ്റി ഇസ്‌ലാമിനെ അഹിംസയുടെ മതമായി, സമാധാനപരമായ സാമൂഹ്യ വ്യവസ്ഥയായി വീണ്ടും ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാൻ സാധിച്ചാൽ മനുഷ്യ ലോകം ഒന്നടങ്കം ഇസ്‌ലാമിനെ സ്വീകരിക്കും; പ്രകൃതിയുടെ ശബ്ദമായിത്തന്നെ അവർക്കത് തിരിച്ചറിയാനാകും.

സമാധാനത്തിലധിഷ്ഠിതമായ ഒരു പുതിയ മതത്തെ, പുതിയ വ്യവസ്ഥയെ തേടുകയാണിന്ന് ആധുനിക മനുഷ്യൻ. അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തവും, ഗഹനമായ മനഃശാസ്ത്ര പ്രശ്നങ്ങൾക്ക് ഉത്തരം നല്കുന്നതുമാകണം അത്. അതിന്റെ തത്വങ്ങൾ ശാസ്ത്രീയ യാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടുന്നതാവരുത്. വിജയകരമായ ചരിത്രത്തിന്റെ പിൻബ്ബലം അതിന് വേണം.

ഇന്ന് അത്തരം അനുകൂലാത്മകമായ സ്വീകാര്യത അവകാശപ്പെടാൻ ഇസ്‌ലാമിനേ കഴിയൂ. കാരണം, ആ വ്യവസ്ഥകൾ പൂർത്തിയാക്കാൻ ഇസ്‌ലാമിനേ സാധിക്കൂ. വ്യക്തിപരമായി ഇസ്‌ലാമിനെ പഠിക്കുകയും ആ സവിശേഷതകൾ ഇസ്‌ലാമിൽ തിരിച്ചറിയുകയും ചെയ്ത സ്ത്രീ പുരുഷന്മാർ നിരവധിയുണ്ട്. ചിലർ തത്വത്തിൽ ഇസ്‌ലാമിനെ അംഗീകരിച്ചപ്പോൾ മറ്റുപലരും ഇസ്‌ലാമിനെ പ്രായോഗിക തലത്തിൽത്തന്നെ സ്വീകരിച്ചവരുമാണ്.

# ദഅവാ പ്രവർത്തനം

**ഇ**സ്‌ലാമിക പ്രവർത്തന രീതിയുടെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനം യഥാക്രമം അഹിംസയും ദഅവയുമാണ്. ഇസ്‌ലാമിക പ്രബോധനത്തിന് വേണ്ടിയുള്ള സമാധാന പരമായ പോരാട്ടത്തിന്റെ പര്യായമാണ് ദഅവാ. ഇസ്‌ലാമിക പ്രവർത്തനമെന്നാൽ ദഅവാ പ്രവർത്തനം തന്നെയാണ് എന്ന് പറയുന്നതാവും ശരി.

ലളിതമായൊരു ദൗത്യമാണ് ദഅവ. അടിസ്ഥാന ഘടകമെന്ന സ്ഥാനമാണ് അതിനുള്ളത്. ആ ദൗത്യം പൂർണ്ണമായി നിർവ്വഹിക്കപ്പെടുമ്പോൾ മറ്റെല്ലാ ലക്ഷ്യങ്ങളും സ്വയമേവ സാക്ഷാത്കരിക്കപ്പെടും. അതുമായി ബന്ധപ്പെട്ട ചില ഖുർആനിക സൂചനകൾ:

1. ദഅവ മുഖേനെ ശത്രുക്കളുടെ കുതന്ത്രങ്ങൾക്കെതിരെ വിശ്വാസികൾക്ക് അല്ലാഹുവിന്റെ സഹായം ലഭിക്കുന്നു (5/57).

2. ദഅവ കടുത്ത ശത്രുവിനെ ആത്മ മിത്രമാക്കിമാറ്റുന്നു (41/34).

3. ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രപരമായ മേൽക്കൊയ്മ ദഅവ തെളിയിക്കുന്നു. പ്രത്യശാസ്ത്രപരമായ സർവ്വ ശ്രേഷ്ഠതയെക്കാൾ മഹത്തായത് ഒന്നുമില്ല (10/32).

4. ദഅവ മുസ്‌ലീം ഉമ്മത്തിൽ ക്രിയാത്മകമായ മാനസികാവസ്ഥ സൃഷ്ടിക്കുന്നു. അതിനെയാണ് സത്യസന്ധമായ ഉപദേശം എന്ന് ഖുർആൻ(7/68) വിവരിതച്ചത്.

5. ദഅവ എന്ന ദൗത്യം നിർവ്വഹിക്കുന്നത് മനുഷ്യരാണെങ്കിലും ആതിനുവേണ്ട സാഹചര്യങ്ങൾ അല്ലാഹുവാണ് പ്രദാനം ചെയ്യുന്നത്. കൃഷി നടത്തുന്നത് കർഷകനാണ്. എന്നാൽ, മഴ ലഭിക്കുന്നത് ദൈവത്തിൽ നിന്നാണ് എന്നതുപോലെ. ആധുനിക

കാലത്ത് അതിന് അനുകൂലമായ സാഹചര്യങ്ങൾ പൂർണ്ണമായും മനുഷ്യന് നല്കിയിട്ടുണ്ട്. ഊർജ്ജം വൃഥാവേലകളിൽ ചെലവഴിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക വിശ്വാസികളുടെ ബാധ്യതയാണ്. അവരുടെ ഊർജ്ജം പൂർണ്ണമായും ദഅവാ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തണം. ആ പ്രവർത്തനത്തിൽ നിന്ന് നല്ല ഫലങ്ങൾ ഉറപ്പാണ്.

6. മക്കയിലെ നേതാക്കൾ ജീവിതം ദുഃസഹമാക്കിയപ്പോൾ പ്രവാചകനും[സ] ഇരുന്നൂറോളം അനുയായികളും മക്കയിൽ നിന്ന് പുറപ്പെട്ടു. പ്രവാചകനെ[സ] വധിക്കാൻ പോലും മക്കക്കാർ തീരുമാനിച്ചു. എന്നാൽ, മദീനയിലെത്തിയ ഉടൻ പ്രവാചകൻ[സ] നടത്തിയ പ്രസംഗത്തിൽ പകയുടെ യാതൊരു ലാഞ്ചനയുമുണ്ടായിരുന്നില്ല. ഖുറൈശികൾക്കെതിരെ പ്രതികാരത്തിന്റെയോ അക്രമത്തിന്റെയോ ഒരു സൂചന പോലും അതിലടങ്ങിയിരുന്നില്ല.

മദീനയിലെത്തിയപ്പോൾ മദീനയുടെ പ്രാന്തപ്രദേശങ്ങളിലെ ഗോത്രക്കാരുമായി സമാധാന സന്ധിയിൽ ഏർപ്പെടുക യെന്ന ദൗത്യത്തിനാണ് പ്രവാചകൻ മുൻ ഗണന നല്കിയത്. ബനൂഖുസായുമായി നടത്തിയത് ഉദാഹരണം. മുസ്‌ലീങ്ങൾ അവർക്കെതിരെയോ ബനൂഖുസാ മുസ്‌ലീങ്ങൾക്കെതിരെയോ യുദ്ധം ചെയ്യാൻ പാടില്ലെന്നായിരുന്നു കരാർ. അറേബ്യയിലെ ഏതാണ്ടെല്ലാ ഗോത്രക്കാരും ആ സമാധാനക്കരാരിൽ ചേർന്നു.

എന്നാൽ, ഖുറൈശികൾ അക്രമത്തിൽ നിന്ന് പിന്മാറിയില്ല. മുസ്‌ലീങ്ങൾക്കെതിരെ സൈനികാക്രമണങ്ങളിൽ അവർ മുഴുകി. ഒടുവിൽ ഹിജറ ആറാം വർഷം ഖുറൈശികൾ മുന്നോട്ടുവെച്ച മുഴുവൻ വ്യവസ്ഥകളും സ്വീകരിച്ച്, ഹുദൈബിയാ സന്ധിയെന്ന് അറിയപ്പെടുന്ന സമാധാനക്കരാറുണ്ടാക്കുകയാണ് പ്രവാചകൻ[സ] ചെയ്തത്.

# അന്യവത്കരിക്കപ്പെട്ട മുസ്‌ലീങ്ങൾ

**ആ**ധുനിക കാലത്ത് മുഖ്യ ധാരയിൽ പങ്കുചേരുന്നതിൽ മുസ്‌ലീങ്ങൾ പരാജയപ്പെട്ടിട്ടുണ്ടെന്നത് അനിഷേധ്യമായ വസ്തുതയാണ്. എല്ലായിടങ്ങളിലും ഏത് വകുപ്പുകളിലും അവഗണിക്കപ്പെടുകയാണവർ. പരിശോധിക്കേണ്ട ഒരു വിഷയമാണത്. കാരണം, ലോകത്താകമാനം മുസ്‌ലീങ്ങളെ രണ്ടാംകിട നിലവാരത്തിലേക്ക് അത് താഴ്ത്തിയിട്ടുണ്ട്.

എന്റെ അഭിപ്രായത്തിൽ, മുസ്‌ലീങ്ങളുടെ അക്രമോത്സുക സമീപനമാണ് അതിന്റെ ഏറ്റവും പ്രധാന കാരണം. തങ്ങൾക്കെതിരെയുള്ള ഏത് ചിന്താ രീതികളും മുസ്‌ലീങ്ങളെ എളുപ്പത്തിൽ പ്രകോപിപ്പിക്കാനും അക്രമോന്മുഖരാക്കാനും പോന്നവയാണ്. എന്നാൽ, മുസ്‌ലീങ്ങൾ മുഴുവൻ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്നത് ശരിയല്ല. പക്ഷെ, മുസ്‌ലീങ്ങളെല്ലാം അതിൽ പങ്കാളികളാണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. അക്രമത്തിലേർപ്പെടുന്ന സമുദായാംഗങ്ങളെ ഒറ്റപ്പെടുത്താനോ ആക്ഷേപിക്കാനോ മുസ്‌ലീങ്ങളിൽ ഭൂരിഭാഗവും തയ്യാറാകുന്നില്ല എന്നതാണതിന് കാരണം. അത്തരം സംഗതികളിൽ അക്രമികളായ മുസ്‌ലീങ്ങൾ പ്രത്യക്ഷത്തിൽ ഉത്തരവാദികളാണെങ്കിൽ അക്രമികളല്ലാത്തവർക്കും പരോക്ഷമായി ഉത്തരവാദിത്തമുണ്ടെന്നാണ് ഇസ്‌ലാമിക ശരീഅത്തിന്റെ വീക്ഷണം.

ഒരു വിഭാഗം മുസ്‌ലീങ്ങളുടെ അക്രമോത്സുക സമീപനത്തിന് യഥാർത്ഥ ഉത്തരവാദികൾ മുസ്‌ലീങ്ങളിലെ മത, മതേതര നേതാക്കൾ തന്നെയാണ്. മുസ്‌ലീങ്ങൾ ഇന്ന് പരാജയത്തിന്റെ അനുഭവങ്ങൾ നേരിടുമ്പോൾ മത, മതേതര പണ്ഡിതരും ബുദ്ധിജീവികളുമെല്ലാം പിന്തുടരുന്ന ഒരു ശൈലിയുണ്ട്, മുസ്‌ലീങ്ങൾക്കിടയിൽ അക്രമാവേശം ഉണർത്തിവിടുക. ശാരീരിക പോരാട്ടമാണ്

തങ്ങളുടെ മാർഗ്ഗം, ശാരീരിക പോരാട്ടമാണ് തങ്ങളുടെ പ്രശ്ന ങ്ങൾക്ക് ഏക പരിഹാരം തുടങ്ങിയ മുദ്രാവാക്യങ്ങൾ മുസ്‌ലീം ലോകത്തുടനീളം പ്രതിധ്വനിക്കുന്നുണ്ട്.

മുസ്‌ലീങ്ങൾ നേരിടുന്ന പ്രശ്നങ്ങളോടുള്ള പ്രതികരണമെ ന്നോണം വലുതും ചെറുതുമായ നിരവധി അക്രമ സംഭവങ്ങൾക്ക് ലോകം സാക്ഷിയായിട്ടുണ്ട്. ഫലസ്തീനിലേക്ക് നോക്കൂ, മുതിർന്ന വർ പഠിപ്പിച്ചുകൊടുത്ത പാട്ട് യുവാക്കൾ പാടുന്നത് കേൾക്കാം:

*നമുക്ക് യുദ്ധം ചെയ്യാം, കാരണം*
*യുദ്ധമാണ് വിജയത്തിലേക്കുള്ള വഴി.*

നമ്മുടെ ബുദ്ധിജീവികളുടെയും പ്രസ്ഥാന നേതാക്കളുടെയും അക്രമോന്മുഖ സമീപനമാണ് ലോകത്താകമാനമുള്ള മുസ്‌ലീങ്ങ ളുടെ സംഘർഷ മനഃസ്ഥിതിക്ക് കാരണം. ആ മനഃസ്ഥിതിയുടെ ഫലമെന്തെന്നാൽ ഇസ്‌ലാമിനെതിരെ ഒരു ഗ്രന്ഥമെഴുതിയാൽ, എഴു തിയ വ്യക്തിയെ കൊല്ലാൻ മുസ്‌ലീങ്ങൾ തയ്യാറാകുന്നു. ഏതെ ങ്കിലുമൊരു പ്രകടനത്തിൽ മുസ്‌ലീം വിരുദ്ധ മുദ്രാവാക്യം ഉയർന്നാൽ നിശബ്ദതകൊണ്ട് തിന്മയെ കൊല്ലുന്നതിന് പകരം മുസ്‌ലീങ്ങൾ കല്ലെറിയാൻ മുതിരുന്നു. ഏതെങ്കിലുമൊരു രാജ്യത്ത് സാമ്പത്തികമോ പ്രാദേശികമോ ആയ വിവാദങ്ങൾ ഉണ്ടാകുമ്പോ ൾ സമാധാനപരമായി, നയത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതി ന് പകരം ഉടനടി അതിനെതിരെ മുസ്‌ലീങ്ങൾ ആയുധമേന്തുന്നു. അയൽ സമൂഹങ്ങളിൽ നിന്ന് അന്യവത്കരിക്കപ്പെടുന്നതാണ് മുസ്‌ലീങ്ങളുടെ ആ അക്രമ മനഃസ്ഥിതിക്ക് മറ്റൊരു കാരണം.

എവിടെയും ഭീതിയോടും വിദ്വേഷത്തോടും കൂടിയാണ് മുസ്‌ലീ ങ്ങളെ കാണുന്നത്. ‘നായകളെ സൂക്ഷിക്കുക’ എന്ന തിനു പകരം ‘മുസ്‌ലീങ്ങളെ സൂക്ഷിക്കുക’ എന്ന് പറയുന്ന നോട്ടീസുകൾ വരെ ചുവരുകളിലൽ നമുക്ക് കാണാൻ കഴിയുന്നു. ചുവരുകളിലില്ലെങ്കിലും ജനങ്ങളുടെ മനസ്സുകളിലെങ്കിലും അപ്രകാരം കുറിച്ചുവെക്കപ്പെട്ടു. അതുമൂലം സംഭവിക്കുന്ന വിഘടനമാണ് മുസ്‌ലീങ്ങളെ ഇന്ന് പിന്നോക്ക വിഭാഗമാക്കിമാറ്റിയത്. അമേരിക്ക പോലുള്ള പുരോഗ മന രാജ്യങ്ങളിൽ പോലും ഇതര കുടിയേറ്റ സമൂഹങ്ങളെ അപേക്ഷിച്ച് പിന്നോക്കാവസ്ഥയിലാണ് മുസ്‌ലീങ്ങൾ കഴിയുന്നത്.

ഇസ്‌ലാമിന്റെ പേരിലുള്ള അക്രമ മുഖം സത്യമല്ലെന്ന് ബോധ്യ പ്പെടുത്തുക വഴി മുസ്‌ലീങ്ങളെ അഹിംസാ ഇസ്‌ലാമിലേക്ക് തിരിച്ചു കൊണ്ടുവരികയാണ് അവരുടെ ദുരിതാവസ്ഥ ലഘൂകരിക്കാനുള്ള ഏക മാർഗ്ഗം. അഹിംസയുടെ മാർഗ്ഗം അവലംബിക്കുമ്പോൾ ഇതര

സമുദായങ്ങളുമായി തുല്യ പങ്കാളികളാകാൻ മുസ്ലീങ്ങൾക്ക് സാധിക്കും. ആഗോള മുഖ്യ ധാരയിൽ ചേരാനും, സർവ്വ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും പങ്കാളിത്തം നേടാനും അതുമൂലം അവർക്കാവും. അവരെ ഭയക്കുന്നതിന് പകരം എല്ലാ രംഗത്തും ജനങ്ങൾ മുസ്ലീങ്ങളെ സ്വാഗതം ചെയ്യും. മുസ്ലീങ്ങൾ ആഗോള സാഹോദര്യത്തിന്റെ ഭാഗമായി മാറും. അവരുടെ പ്രശ്നങ്ങൾ നീതിപൂർവ്വം പരിഗണിക്കപ്പെടും. സാമൂഹ്യ വിദ്യാഭ്യാസാദി രംഗങ്ങളിൽ തുല്യ ഭാഗധേയം നിർണ്ണയിക്കാൻ അവർക്ക് കഴിയും.

സമാധാനപരമായ സഹവർത്തിത്വം മുസ്ലീങ്ങൾക്ക് ബൗദ്ധികമായ ഉത്തേജനവും പുരോഗമനാത്മകമായ അനുഭവ വൈവിധ്യങ്ങളും പ്രദാനം ചെയ്യും. ആ സഹവർത്തിത്വം ദഅവാ ദൗത്യം വലിയ അളവിൽ സൗകര്യപ്രദമാക്കും. ഔപചാരികമായും അനൗപചാരികമായും ഇസ്ലാമിനെക്കുറിച്ചുള്ള സംവാദത്തിന് കാരണമാകും എന്നതാണ് മുസ്ലീങ്ങളും അമുസ്ലീങ്ങളും തമ്മിലുള്ള ആ ഇടപെടലുകൾ ഉണ്ടാക്കുന്ന സ്വാഭാവിക ഫലം. ആധുനിക ലോകത്ത് മുസ്ലീങ്ങളുടെ തീവ്രവാദ, അക്രമോത്സുക സമീപനങ്ങൾ മൂലം ഇസ്ലാമിനെക്കുറിച്ചുള്ള ഗൗരവ സംഭാഷണങ്ങൾ അവസാനിച്ചതുപോലെയാണ്. സാധാരണ അന്തരീക്ഷത്തിൽ മുസ്ലീങ്ങളും അമുസ്ലീങ്ങളും തമ്മിലുള്ള സഹവർത്തിത്വം സംജാതമാകുമ്പോൾ ഗൗരവകരമായ സംഭാഷണങ്ങൾ സ്വാഭാവികമായി രൂപപ്പെട്ടുവരും. ആ സംഭാഷണങ്ങളുടെ തുടക്കമാണ് യഥാർത്ഥത്തിൽ ദഅവയുടെ വീക്ഷണത്തിൽ ഏറ്റവും വലിയ വിജയം.

ഇസ്ലാമിന്റെ പ്രാരംഭ കാലത്ത് നടന്ന ഹുദൈബിയാ സന്ധിയെ, വ്യക്തമായ വിജയം എന്നാണ് ഖുർആൻ വിവരിക്കുന്നത്. തങ്ങൾക്കും ബഹുദൈവ വിശ്വാസികൾക്കുമിടയിൽ സമാധാനം സ്ഥാപിക്കാൻ ഏക ദൈവ വിശ്വാസികൾക്ക് സാധിക്കുകയും അങ്ങനെ മത വിഷയങ്ങളിൽ പരസ്പരം ഗൗരവമായ സംഭാഷണങ്ങൾ സാധ്യമാവുകയും ചെയ്തു എന്ന അർത്ഥത്തിലാണ് അത് വ്യക്തമായ വിജയമാകുന്നത്.

ഇന്നത്തെ കാലത്ത് മുസ്ലീങ്ങൾ അക്രമ മാർഗ്ഗം കൈവെടിഞ്ഞ് അഹിംസാ മാർഗ്ഗം പൂർണ്ണമായും സ്വീകരിച്ചാൽ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ഹുദൈബിയയിലെ തിരുചര്യയുടെ പുനരുജ്ജീവനത്തിന് തുല്യമാകും അത്. അങ്ങനെ, ഹുദൈബിയക്ക് ശേഷം മുസ്ലീങ്ങളും ഇസ്ലാമും ആർജ്ജിച്ച മഹാ നേട്ടങ്ങൾക്ക് നമ്മളും അർഹരാകും.

***

അക്രമത്തിലൂടെ ഒരു വൃക്ഷം നമുക്കു വിച്ഛേദിക്കാം. പക്ഷെ, അക്രമത്തിലൂടെ ഒരു വൃക്ഷത്തെ നമുക്ക് വളർത്തിയെടുക്കാൻ സാധ്യമല്ല. മാനവ ജീവിതത്തിലും അതു വളരെ ശരിയാണ്. മാനവലോകത്തെ അക്രമപ്രവർത്തനങ്ങൾ സർവനാശത്തിലേക്ക് നയിക്കുന്നു. എന്നാൽ സമാധാനത്തിനു മാനവജീവിതത്തിൽ ധനാൽമകമായ പങ്കാണുള്ളത്. അക്രമ അന്തരീക്ഷത്തിൽ ഒരുവിധത്തിലുമുള്ള നിർമ്മാണ പ്രവർത്തനവും സാധ്യമല്ല. എന്നാൽ സമാധാനാന്തരീക്ഷത്തിൽ എല്ലാം സ്വയം തന്നെ പ്രവർത്തിക്കുന്നതാണ്.

നാഗരിക യുഗം അക്രമത്തിന് സമർത്ഥമായി വിരാമം കുറിച്ചിരിക്കുന്നു. അടുക്കളയിൽ തീപ്പെട്ടിക്കും ലൈറ്ററിനും പകരമായി കല്ലുകൾ ഉരസി തീ കത്തിക്കാൻ ശ്രമിക്കുന്നത് അപ്രസക്തമായ പോലെ തന്നെ അപ്രസക്തവും കാലോചിതമല്ലാത്തതുമാണ് യുദ്ധവും അക്രമണവും വർത്തമാന കാലഘട്ടത്തിൽ.

വിവർത്തനം:

ഷബീർ കൊടക്കാടൻ

Goodword

കേരള

ISBN 978-93-86589-04-0

9 789386 589040

# ഇസ്‌ലാം:

## സമാധാനം സഹവർത്തിത്വം സഹിഷ്ണുത

പത്മഭൂഷൻ വഹീദുദ്ദീൻ ഖാൻ